# AWAROLOGY

## ബോധശാസ്ത്രം

## Book V

# വാസനയുടെ ദുരന്തം

## by
## The Master

Nansen Publications
Nansen School of Awarology And Neutral Life
4/414-A, Vadakottathara,Kottathara Post,Agali, Palakkad - 678581



സ്വാതന്ത്ര്യത്തിലേയ്ക്കും പരമാനന്ദത്തിലേയ്ക്കും സാവധാനം നീങ്ങുന്നതായി നിങ്ങൾക്ക് അനുഭവപ്പെടും. ആ അനുഭവത്തെ നിഷേധിക്കാൻ നിങ്ങൾക്ക് കഴിയില്ല. അതിനെ ജീവിതകാലം മുഴുവനും പിന്തുടരുക. ജീവിതം ഒരു ആഘോഷമായി മാറുന്നത് നിങ്ങൾക്കനുഭവിക്കാൻ കഴിയും തീർച്ച.

ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ എവിടെയെങ്കിലും നിങ്ങളുടെ യുക്തി ഒരു തെറ്റ് കണ്ടെത്തുന്നുവെങ്കിൽ തീർച്ചയായും **Nansen School** -മായി കത്തു മുഖേന ബന്ധപ്പെടുക. നിങ്ങളുടെ യുക്തി ശാസ്ത്രീയമാണെങ്കിൽ അതു സ്വീകരിക്കാൻ സ്ക്കൂൾ തയ്യാറാണ്. അത് യഥാർത്ഥ ആത്മീയതയ്ക്ക് ഒരു മുതൽക്കൂട്ടാകുമെന്ന് സ്ക്കൂൾ കരുതുന്നു. മറിച്ച് ഈ പുസ്തകത്തെ ഒരു തരത്തിലും നിഷേധിക്കാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ കൂടുതൽ ആഴത്തിൽ അറിയുന്നതിന് ഇതിന്റെ തുടർച്ചയായി **ബുദ്ധിയിൽ നിന്ന് മഹാബോധത്തിലേയ്ക്ക്** എന്ന പുസ്തകം വായിക്കുക.

**നാൻസൻ സ്ക്കൂളിന്റെ മറ്റു പ്രസിദ്ധീകരണങ്ങൾ**

1. Awarology (Eng. Booklet)
2. ബോധത്തിൽ നിന്നും മഹാബോധത്തിലേയ്ക്ക് ( Mal)
3. ബുദ്ധിയിൽ നിന്ന് മഹാബോധത്തിലേയ്ക്ക് ( Mal)
4. Intelligence to the Great Consciousness (Eng)
5. ജീവിത വിജയം ബോധശാസ്ത്രത്തിലൂടെ (Mal)

Nansen School of Awarology And Neutral Life
4/414-A, Vadakottathara,Kottathara Post,Agali,
Palakkad - 678581, Kerala
Mob: 9349319238

മക്കൾക്കു വേണ്ടി സ്വന്തം ജീവിതം ബലിയർപ്പിച്ച് നന്മ ചെയ്യുന്ന മാതാപിതാക്കൾ, സമൂഹത്തിൽ സ്വന്തം ജീവൻ പോലും ബലി കഴിച്ച് നന്മ ചെയ്യുന്ന ചെറുപ്പക്കാർ, സേവനം ചെയ്യുന്ന സേവകർ, സന്യാസീ സന്യാസിനികൾ ഇവരെല്ലാം തങ്ങൾ ചെയ്യുന്നത് അംഗീകാരദാഹമെന്ന സ്വന്തം തിൻമയുടെ വാസനയെ തിരിച്ചറിയാതെ, അറിവില്ലായ്മയുടെ താത്ക്കാലികമായ ഒരു ആത്മീയ സുഖം അനുഭവിക്കുന്നതിനു വേണ്ടിയാണ് എന്നറിയണം. അറിവില്ലായ്മയുടെ താൽക്കാലികമായ ഒരു ആത്മീയ സുഖം അനുഭവിക്കുന്നതിനായി നഷ്ടപ്പെടുത്തുന്നത് മനുഷ്യജന്മമെന്ന ഒരു വലിയ സാദ്ധ്യതയെയാണെന്ന് അവർ അറിയുന്നില്ല. അതിന്റെ പ്രതിപ്രവർത്തനമാണ് വർദ്ധിച്ചു വരുന്ന യുദ്ധങ്ങളും, ആത്മഹത്യയും, കൊലപാതകങ്ങളും, ഭീകരപ്രവർത്തനങ്ങളും എന്നറിയുക. അതിന് ഓരോ വർഷത്തേയും സർക്കാർ കണക്കുകൾ പരിശോധിച്ചാൽ മതി. നിങ്ങൾ നന്മ ചെയ്യുന്നുവെന്ന് നിങ്ങൾ തിരിച്ചറിഞ്ഞിട്ടും ലോകത്തിന്റെ തിന്മ വർദ്ധിച്ചു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുവെങ്കിൽ നിങ്ങൾ ചെയ്ത നന്മയും തിന്മയായി മാറ്റപ്പെട്ടുവെന്നല്ലേ അതിന്റെ അർത്ഥം? ഇതു തീർത്തും യുക്തിയുക്തമായ സത്യമല്ലേ ? അപ്പോൾ നിങ്ങൾ പരാജയമാണ്. പരാജയം മാത്രമുള്ള ഒരു പ്രവൃത്തി ചെയ്യാതിരിക്കുന്നതാണ് ബുദ്ധി. എന്തു കൊണ്ട് സമൂഹത്തിലെ പട്ടിണി പാവങ്ങളുടേയും, മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കളുടേയും, അനാഥരുടേയും എണ്ണം നാൾ ചെല്ലുന്തോറും വർദ്ധിക്കുന്നു എന്നും; യുദ്ധവും കൊലപാതകവും കൊള്ളിവെയ്പും മനുഷ്യസമൂഹത്തെ കാർന്നു തിന്നുന്നുവെന്നും കണ്ടെത്താൻ സ്വന്തം മനസിലേയ്ക്ക് നോക്കുക. അംഗീകാര ദാഹവുമായി ഒരു സ്വാർത്ഥതയുടെ പിശാച് 'ഞാൻ' എന്ന അഹങ്കാരത്തിൽ മനസിനെ മുഴുവനും ഗ്രസിച്ച് പൊട്ടിച്ചിരിക്കുന്നത് കാണാം. അത് നിങ്ങൾ തന്നെയാണ്. പുറമെ നിന്ന് ഒരാൾക്ക് നിങ്ങളുടെ മനസിൽ 'ഞാൻ' എന്ന അഹങ്കാരത്തിൽ കയറിക്കൂടാൻ കഴിയില്ല. 'ഞാൻ' എന്ന അഹങ്കാരത്തിന്റെ പിശാചാണ് നമ്മൾ ഓരോരുത്തരും എന്ന് അറിയണമെങ്കിൽ സ്വന്തം പ്രവർത്തികളെ സൂക്ഷ്മമായി പരിശോധിച്ചാൽ മതി. ഇതാരുടേയും കുറ്റമല്ല. പ്രകൃതി കനിഞ്ഞു നൽകിയ അവബോധം ബുദ്ധിയിൽ സ്വതസിദ്ധമായി പ്രവർത്തിക്കുന്നതിന്റെ പൈശാചിക രൂപമാണത്. പാട്ടിന്റേയും, നൃത്തത്തിന്റേയും പൊട്ടിച്ചിരിയുടേയും ജീവിതത്തെ ഭ്രാന്തിന്റേയും ആത്മഹത്യയുടേയും കടക്കെണിയുടേയും പ്രാരബ്ധത്തിന്റേയും ദുരന്തങ്ങളുടേയും ജീവിതമാക്കി മാറ്റിയത് 'ഞാനെന്ന' ചെകുത്താൻ തന്നെയാണ്. ആ ചെകുത്താനെ പുറത്തേക്കെറിയാൻ മതങ്ങൾക്കോ, തത്വശാസ്ത്രങ്ങൾക്കോ നന്മയ്ക്കോ കഴിയില്ല. അത് നിങ്ങൾക്ക് മാത്രമേ കഴിയൂ. അതിനു സഹായമായി കൂട്ടിന് ബോധശാസ്ത്രമെന്ന ഉദാത്തമായ ആത്മീയ ശാസ്ത്രവും ഉണ്ടാകും. പഠിക്കുക, ചിന്തിക്കുക, സൂക്ഷ്മതയോടെ സ്വന്തം ജീവിതത്തെ സ്വന്തം അവബോധം ഉപയോഗിച്ചു തന്നെ മനസിലാക്കാൻ ശ്രമിക്കുക. ജീവിതം നിത്യതയിലേയ്ക്കും പൂർണ്ണ



Malayalam
VAASANAYUDE DHURANDHAM
By The Master
Cover Designing &
Type Setting : Nansen School, palakkad.
Printed at : Hebron, Thrissur.
Copies : 5000
First Edition : 2008
Price : 20/-

All rights reserved. No part of this book may be reproduced or transmitted in any form or by any means electronic or mechanical including photocopying or recording or by any information storage and retrieval system without the prior written permission of the Nansen School Of Awarology and Neutral Life.

Copy Right Reg.No: - L - 28560 / 2007, Dated: 30-05-2007

**പ്രിയ സഹോദരാ ഒരു നിമിഷം....................**

യഥാർത്ഥ ബോധമെന്ന ദൈവീകമായ തിരിച്ചറിവ് ബുദ്ധിയിൽ നിന്ന് വ്യത്യസ്തമാണ് എന്ന് പഠിപ്പിക്കുന്ന ഒരു നൂതന ശാസ്ത്രമാണ് ബോധശാസ്ത്രം. ഇതിലെ ശാസ്ത്രീയത മറ്റു ശാസ്ത്രങ്ങളെ പോലെ യുക്തിയാണെങ്കിലും, വികാരങ്ങൾക്കതീതമായ അനുഭവത്തിലേയ്ക്ക് നിങ്ങളെ കൂട്ടിക്കൊണ്ടു പോകുന്ന ശാസ്ത്രീയത ആയതിനാൽ കാര്യങ്ങൾ വിചിത്രമായി തോന്നിയേക്കാം.

ജീവിതത്തിന്റെ  പച്ചയായ യാഥാർത്ഥ്യങ്ങളിലേയ്ക്ക് വെളിച്ചം വീശുന്ന ചില പരാമർശങ്ങൾ ഈ പുസ്തകത്തിൽ ഉള്ളതിനാൽ ബോധശാസ്ത്രത്തെ തെറ്റിദ്ധരിക്കാനിടയുണ്ട്. നിലനിൽക്കുന്നതോ, മുമ്പുണ്ടായിരുന്നതോ, വരാൻ പോകുന്നതോ ആയ ഒന്നിനേയും വിമർശിക്കുവാനോ അനുകൂലിക്കുവാനോ അല്ല അവ ഇതിൽ ചേർത്തിരിക്കുന്നത്. മറിച്ച് പ്രകാശം വീഴുമ്പോൾ ഒരു മുറിയിലെ വസ്തുക്കൾ നാം എങ്ങനെ തിരിച്ചറിയുന്നുവോ അതു പോലെ ഒരു തിരിച്ചറിവു നൽകാനാണ് അപ്രകാരം എഴുതേണ്ടി വന്നത്. ആ തിരിച്ചറിവിൽ മുറിയിലെ ഒരു വസ്തു വൃത്തികേടായി കണ്ടെങ്കിൽ അത് പ്രകാശത്തിന്റെ കുറ്റമല്ല, മറിച്ച് വസ്തുവിന്റെ തകരാറാണ് എന്ന് തിരിച്ചറിയണമേ എന്ന് താങ്കളോട് അപേക്ഷിക്കുകയാണ്.

യഥാർത്ഥ ആത്മീയതയുടെ ഉദാത്തമായ ശാസ്ത്രമാണിത്. ഇത് ഇങ്ങനെ ആയിരിക്കുന്നത് ഒരു പക്ഷേ ആദ്യമായിരിക്കാം. അതുകൊണ്ടു തന്നെ വായനക്കാരൻ ഇതിലെ വസ്തുതകൾ സമൂഹത്തിനും, കുടുംബത്തിനും ബന്ധങ്ങൾക്കും വിശ്വാസങ്ങൾക്കും എതിരാണ് എന്ന് അറിയാതെ ചിന്തിച്ചു പോയേക്കാം. വ്യക്തമായി മനസ്സിലാക്കിയാൽ അങ്ങനെ അല്ല എന്നു കണ്ടെത്താം. ഈ ശാസ്ത്രം നിലനിൽക്കുന്ന ഒന്നിനെയും അനുകൂലിക്കുന്നുമില്ല പ്രതികൂലിക്കുന്നുമില്ല. മനുഷ്യ ജൻമത്തിന്റെ യഥാർത്ഥ ലക്ഷ്യം കണ്ടെത്തുന്ന ശാസ്ത്രീയമായ സമീപനമാണ് ഇതിലെ വിഷയം.  അതു കൊണ്ടു തന്നെ എല്ലാ മതങ്ങൾക്കും, നിലനിൽക്കുന്ന ആചാരങ്ങൾക്കും അതീതവുമാണ്. ഈ അതീതത്വമാണ് തെറ്റിദ്ധാരണയ്ക്ക് ഇട നൽകുന്നത്. ഇതു വായിക്കുന്ന നിങ്ങളും ഇത് എഴുതുന്ന ആളും ഒരേ ആത്മീയതയിലും, ജന്മവാസനകളിലും ജനിച്ചവരാണ്. നിങ്ങൾ ശ്രദ്ധിക്കാതിരുന്ന ചില കാര്യങ്ങൾ ഇതെഴുതുന്ന ആൾ ശ്രദ്ധിച്ചു എന്നു മാത്രമെയുള്ളൂ. അല്പം ബുദ്ധി ഉപയോഗിച്ചാൽ നിങ്ങൾക്കും ഇതിൽ പറഞ്ഞിരിക്കുന്ന  കാര്യങ്ങൾ ശരിയാണെന്നു വ്യക്തമാകും.

വിമർശനത്തിന്റേയോ, ആക്ഷേപത്തിന്റേയോ, പുകഴ്ത്തലിന്റേയോ ഒരു ശാസ്ത്രമല്ല ബോധശാസ്ത്രം എന്നു മനസ്സിലാക്കുക. നിഷ്കാമമായ വെറും സാധാരണ തിരിച്ചറിവിന്റെ ശാസ്ത്രമാണിത്. താങ്കളുടെ വിശ്വാസത്തേയോ കാഴ്ചപ്പാടിനേയോ ഈ തിരിച്ചറിവ് വേദനിപ്പിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ മുൻകൂറായി മാപ്പു ചോദിക്കുന്നു.

വിനീതനായി

മാസ്റ്റർ



യെന്ന വികാരം താങ്ങാനാവാതെ ചത്തൊടുങ്ങുന്നു ." കൊല്ലപ്പെടുന്നവനും കൊല്ലുന്നവനും ഒരാൾ തന്നെ" എന്ന മിസ്റ്റിക് വചനത്തിന്റെ അർത്ഥം ഇവിടെ പൂർണ്ണമാകുകയാണ്.

കൊല്ലപ്പെടുന്നവനും കൊല്ലുന്നവനും; താൻ കൊല്ലപ്പെടുന്നു എന്നും, കൊല്ലുന്നു എന്നും സ്വയം തിരിച്ചറിയാത്തതിനു കാരണം നാം ഡമ്മികൾ ആയതു കൊണ്ടാണ്. അവബോധം ബുദ്ധിയിൽ ഉണ്ടായിരുന്നിട്ടും, ബുദ്ധിയുള്ളവർ പോലും ഇത് തിരിച്ചറിയാത്തതാണ് ഏറെ കഷ്ടം.  **ജീവിതം ചോദിക്കാതെ പല ജീവിതങ്ങളിൽ താൻ വേദന അനുഭവിച്ചിട്ടുണ്ടെന്നും ഇനിയും മരിച്ചു കഴിഞ്ഞാൽ മറ്റൊരു സാദ്ധ്യതയിൽ ജീവിതം സംഭവിച്ചാൽ അത് സ്വീകരിക്കാതിരിക്കാൻ കഴിയില്ല എന്നും ഈ ജീവിതത്തിൽ മനസ്സിലാക്കാൻ ഈ ഭൂമിയിലെ ഒരു ശാസ്ത്രജ്ഞനുപോലും കഴിഞ്ഞില്ല എന്നു കാണുമ്പോഴാണ് സ്വാർത്ഥത എന്ന അധമബോധത്തിന്റെ ശക്തിയും ആഴവും നാം മനസ്സിലാക്കുന്നത്.** തീർത്തും യുക്തിയുക്തമായ ഒരു ആപേക്ഷിക സത്യമാണ് മേൽ വിവരിച്ചിരിക്കുന്നത്. ബുദ്ധിയുള്ളവർ ആലോചിക്കുക. ഇതിലെ യുക്തി മനസ്സിലാക്കാൻ ഏതു വിദ്യാഭ്യാസം കുറഞ്ഞ സാധാരണക്കാരനും കഴിയും. അത്രയ്ക്ക് ലളിതമാണ് ഇതിലെ വാസ്തവം.

ജീവിതം നമ്മുടെ ഇഷ്ടാനിഷ്ടങ്ങളിൽ തിരഞ്ഞെടുക്കാൻ കഴിയില്ല എന്ന തിരിച്ചറിവാണ് സിദ്ധാർത്ഥനെ ശ്രീബുദ്ധനാകുവാൻ സഹായിച്ചത്. രാജകുമാരനെന്ന തന്റെ ഇപ്പോഴത്തെ ജീവിതം നാളെ മാറിമറിഞ്ഞ് മറ്റൊരു സാദ്ധ്യതയിൽ പ്രകൃതി നീട്ടി തന്നാൽ വാങ്ങാതിരിക്കാൻ കഴിയില്ല എന്ന തിരിച്ചറിവാണ് കൊട്ടാരം ഉപേക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഈ ഒരേ ഒരു തിരിച്ചറിവാണ് ബോധശാസ്ത്രം എന്ന ശാസ്ത്രത്തിന്റെ ഉത്ഭവത്തിന്റെ അടിസ്ഥാനവും. ജീവിതം നമ്മുടെ ഇഷ്ടത്തിന് നമുക്ക് നമ്മുടേതായ രീതിയിൽ തിരഞ്ഞെടുക്കാൻ ജനിക്കുന്നതിന് മുമ്പ് കഴിഞ്ഞാൽ നമുക്ക് എന്തും തീരുമാനിക്കാം. ഭൂമിയിലെ ജീവിതത്തിലുള്ള ശാരീരിക മാനസിക വേദന സഹിക്കാൻ തയ്യാറുള്ളവർക്ക് ഇവിടെ ജനിക്കാം, വേദനയെ 'ആസ്വദിച്ച് ' മരിക്കാം. വീണ്ടും വരാം. ഓരോരുത്തരുടേയും അവകാശമല്ലേ ജീവിതം. ആർക്കും മറ്റൊരാളുടെ അവകാശത്തെ ചോദ്യം ചെയ്യേണ്ട കാര്യമില്ലല്ലോ. എന്നാൽ നമ്മുടെ അനുവാദമില്ലാതെ തോന്നിയ സ്ഥലത്ത് തോന്നിയ അച്ഛന്റെയും അമ്മയുടേയും മകനായോ, മകളായോ ജീവിതം അടിച്ചേൽപ്പിക്കുമെന്നു വന്നാൽ, അവബോധം ബുദ്ധിയിൽ തിരിച്ചറിവായി നിൽക്കുന്ന ഒരു മനുഷ്യനും അത് അനുവദിച്ചു കൊടുക്കുവാൻ സാദ്ധ്യമല്ല. മാത്രവുമല്ല ഓരോ ജാതിയും മതവും നൽകുന്ന നിയമങ്ങളുടേയും ആചാര വിഡ്ഢിത്തങ്ങളുടേയും കൊടിക്കീഴിൽ മതവക്താക്കളെ തീറ്റിപ്പോറ്റി അകാല ചരമം അടയാൻ വേണ്ടി വർത്തിക്കണമെന്നു കൂടി വന്നാൽ അതിനേക്കാൾ കഷ്ടമാണ്. മതേതര രാഷ്ട്രങ്ങളിൽ കാര്യങ്ങൾ അൽപം ഭേദമാണെന്നു മാത്രം.

പോകുവാൻ അനുവദിക്കുക. അതിനെ മാറ്റാനും, മറിക്കാനും, അംഗീകരിപ്പിക്കുവാനും ശ്രമിക്കുന്നത് വിഡ്ഢിത്തമാണ്. അടുത്ത നിമിഷം എന്തു സംഭവിക്കുമെന്നു പോലും മുൻകൂട്ടികാണാൻ കഴിയാത്ത ഇത്തിരി പോന്ന ബുദ്ധി കൊണ്ട് നമുക്കെന്തു ചെയ്യാൻ കഴിയും? കോടിക്കണക്കിനു രൂപ മുടക്കി ശൂന്യാകാശത്തെ 'ഹോട്ടലിൽ' ചെന്ന് പുട്ടും കടലയ്ക്കും പകരം ഗുളികരൂപത്തിലുള്ള ആഹാരവും വിഴുങ്ങി; മേലോട്ടു നോക്കിയാലും ഇരുട്ട്, താഴോട്ടു നോക്കിയാലും ഇരുട്ട് അല്ലെങ്കിൽ കുത്തിക്കീറുന്ന പ്രകാശം, ഇതെല്ലാം 'ആസ്വദിച്ച്' ഭൂമിയിൽ എത്തുമ്പോൾ ശരീരഭാഗങ്ങൾ അനക്കാൻ വയ്യാത്ത വേദന കൊണ്ട് ഹോസ്പിറ്റലിൽ കിടക്കേണ്ട ഗതികേടും. ഇതിനെ ബുദ്ധിയെന്നല്ല വിളിക്കുക, അറിവില്ലായ്മ എന്ന കണ്ണു കാണാത്ത സ്വാർത്ഥതയെന്നാണ്. ലോകത്ത് ഒരു മനുഷ്യനെങ്കിലും ഒരു നേരം പട്ടിണി കിടക്കുന്നുണ്ടെങ്കിൽ മാനവ സമൂഹം മുഴുവനും ലജ്ജിക്കണം. സ്വന്തം കുടുംബത്തിലെ ഒരു കുട്ടി പട്ടിണി കിടന്നാൽ ആത്മാർത്ഥതയുള്ള മാതാപിതാക്കളുടെ നെഞ്ചിൽ എത്രമാത്രം നീറ്റലുണ്ടാകും. സമൂഹം മുഴുവനും ഒരു കുടുംബമാണെന്നു സങ്കൽപ്പിച്ചാൽ നമുക്കും ആ നീറ്റൽ വരേണ്ടേ ? അയൽവീട്ടിലെ ഒരു കുട്ടി പട്ടിണി കിടന്നാൽ ആനന്ദിച്ചു പോകുന്ന വാസനയുള്ളവരാണു നാം. ജീവിതം തിരഞ്ഞെടുക്കാൻ കഴിഞ്ഞില്ലെങ്കിലും, ആ കഴിവില്ലായ്മ നമ്മെ ബാധിച്ചില്ല എന്നെങ്കിലും തെളിയിക്കാൻ മനുഷ്യബുദ്ധിയ്ക്കു കഴിയണം. അതിന് ഏറ്റവും അത്യാവശ്യമായി വേണ്ടത് പട്ടിണി ഇല്ലായ്മയാണ്.

സമൂഹജീവിയാണ് മനുഷ്യൻ എന്ന തത്വശാസ്ത്രം തിരുത്തിക്കുറിക്കണം. കാരണം പട്ടിണിയുടെയും രോഗങ്ങളുടെയും വേദന സാക്ഷിയായി നിന്ന് അനുഭവിക്കുകയും, സഹിക്കാതാകുമ്പോൾ ആത്മഹത്യ ചെയ്യാൻ തക്ക ബുദ്ധിയുള്ളവനുമാണ് മനുഷ്യൻ എന്ന് മനസിലാക്കണം. മറ്റു ജീവജാലങ്ങൾക്കു പ്രകൃതി അനുവദിച്ചിരിക്കുന്ന വേദനയുടെ പതിനായിരം മടങ്ങാണ് മനുഷ്യൻ അനുഭവിക്കുന്നത് എന്നറിയണമെങ്കിൽ, വേദന സംഹാരികളെപ്പോലും പരാജയപ്പെടുത്തിക്കൊണ്ട് വേദന സഹിച്ച് കിടക്കുന്ന രോഗികളുള്ള ഹോസ്പിറ്റലുകളിലോ, പാലിയേറ്റീവ് കെയറുകളിലോ ചെന്നു നോക്കണം. തന്റെ വേദന തന്റേതു മാത്രമല്ല, അത് ലോകത്തിലെ എല്ലാ മനുഷ്യരുടേതുമാണെന്ന് തിരിച്ചറിയാൻ കഴിയണം. അപ്പോൾ മേൽപറഞ്ഞ ആകാശ വിഡ്ഢിത്തങ്ങൾ സമൂഹജീവിയാണെന്ന് വീമ്പിളക്കുന്ന മനുഷ്യൻ ചെയ്യുകയില്ല.

ഒരേ ഒരു സത്യം കോടിക്കണക്കിന് ജനിതക ശ്രേണിയായി പിരിഞ്ഞ്, അതിൽ ബുദ്ധിയും കഴിവും ഉള്ള ജനിതക ശ്രേണികളിൽ ജനിച്ചവരെ ആസക്തി എന്ന വികാരത്തിന്റെ ചരടുവലിയിലൂടെ ഡമ്മികളാക്കി മാറ്റി, ഭൂമിയുടെ സമ്പന്നത മുഴുവനും ആഡംബരങ്ങൾക്കും, സ്വാർത്ഥതയ്ക്കും വേണ്ടി നീക്കി വയ്ക്കുവാൻ പ്രേരിപ്പിക്കുമ്പോൾ, ബുദ്ധി കുറഞ്ഞ ജനിതക ശ്രേണിയിൽ ജനിച്ച ഡമ്മികൾ വേദന



## ഉള്ളടക്കം

1. **ബോധശാസ്ത്രം ഒരു വിശദീകരണം** ........................... 5

2. **ബോധശാസ്ത്രം എന്തു കൊണ്ട് പഠിക്കണം ?** ............ 23

3. **യഥാർത്ഥ ആത്മീയത എവിടെ തുടങ്ങി എവിടെ അവസാനിക്കുന്നു ?** ..................................... 34

ഒന്ന്

# ബോധശാസ്ത്രം - ഒരു വിശദീകരണം.

പ്രൈമറി ക്ലാസ്സുകളിൽ കുട്ടികളെ പഠിപ്പിക്കുന്ന മനോഹരമായ ഒരു കഥയുണ്ട്. ഒരു തോടിന്റെ വക്കത്ത് വിഷണ്ണനായി ഒരു തേൾ ആരെയോ കാത്തിരിക്കുന്നു. അല്പ സമയം കഴിഞ്ഞപ്പോൾ അതു വഴി ഒരു തവള വരുന്നത് കണ്ട് തേളിന് സന്തോഷമായി. തേൾ തവളയോട് വളരെ ഭവ്യതയോടെ ചോദിച്ചു. “ചങ്ങാതി, താങ്കളുടെ പുറത്തു കയറ്റി എന്നെ ഒന്നു അക്കരെ കടത്താമോ? എന്റെ ഭാര്യയും കുഞ്ഞുങ്ങളും ഈ തോടിന്റെ അക്കരെയാണുള്ളത്.” തേളിന്റെ മുഖത്തേയ്ക്ക് ഒന്നു നോക്കി, അല്പം പുഞ്ചിരിയോടെ തവള പറഞ്ഞു. “വേല മനസ്സിലിരിക്കട്ടെ, കടുത്ത വിഷമുള്ള താങ്കളുടെ ജന്മവാസന എന്തിനേയും കുത്തുക എന്നതാണ്. അതിനാൽ എനിക്കു താങ്കളെ സഹായിക്കാൻ നിവൃത്തിയില്ല, ക്ഷമിക്കണം.” തേളിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ധാര ധാരയായി ഒഴുകി. ഒരു ഗദ്ഗദത്തോടെ തേൾ അപേക്ഷിച്ചു. “എന്റെ ഭാര്യയും കുഞ്ഞും എന്നെക്കാണാതെ വല്ലാതെ വിഷമിക്കുന്നുണ്ടാകും. ഞാൻ വീട്ടിൽ നിന്നും പോന്നിട്ട് അഞ്ചാറു ദിവസമായി. അവർക്ക് ആഹാരവും എത്തിച്ചു കൊടുത്തിട്ടില്ല, താങ്കളും കുടുംബമായി ജീവിക്കുന്ന ആളല്ലേ ? എന്റെ വേദന താങ്കൾക്ക് മനസ്സിലാകില്ലേ?” തേളിന്റെ സങ്കടം തവളയുടെ മനസ്സലിയിച്ചു. തവള പറഞ്ഞു. “ശരി, താങ്കളെ ഞാൻ സഹായിക്കാം. പക്ഷേ എന്നോട് ഒരു പ്രതിജ്ഞ ചെയ്യണം. യാതൊരു കാരണവശാലും എന്നെ ഉപദ്രവിക്കില്ല; എന്തുകൊണ്ടെന്നാൽ താങ്കൾ എന്നെ കുത്തിയാൽ നമ്മൾ രണ്ട് പേരും ചത്തുപോകും താങ്കൾ വെള്ളം കുടിച്ചും ഞാൻ വിഷം തീണ്ടിയും.” തന്റെ ഭാര്യയേയും കുട്ടികളേയും ദൈവത്തേയും ഒക്കെ സാക്ഷി നിർത്തി തേൾ, തവളയ്ക്ക് വാക്കു കൊടുത്തു. അങ്ങനെ തേളിനെ പുറത്തു കയറ്റി തവള യാത്രയായി. തോടിനു നടുവിലെത്തിയപ്പോൾ അതു സംഭവിച്ചു ! തേൾ തന്റെ വാലും ചുരുട്ടി തവളയെ ഒരു കുത്ത്. വേദന സഹിക്കവയ്യാതെ തവളയുടെ കൈകാലുകൾ കുഴഞ്ഞു. തവള പറഞ്ഞു. “ഞാൻ പറഞ്ഞില്ലേ താങ്കളുടെ വാസന താങ്കൾക്ക് നിയന്ത്രിക്കുവാൻ കഴിയില്ല എന്ന്, ഇപ്പോൾ നമ്മൾ രണ്ടു പേരും മരിക്കുകയാണ്.......” അത്രയും പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും തവളയുടെ കണ്ണിൽ ഇരുട്ടു കയറി, നാവു കുഴഞ്ഞു വെള്ളത്തിലേയ്ക്ക് താഴാൻ തുടങ്ങി. അപ്പോൾ തേൾ വിളിച്ചു പറഞ്ഞു. “സഹോദരാ എന്നോടു ക്ഷമിക്കണം, ഞാൻ മനസ്സിന്റെ ഏഴ് അയലത്തുപോലും താങ്കളെ ഉപദ്രവിക്കണമെന്ന് വിചാരിച്ചിട്ടില്ല. സഹായിക്കുന്ന ഒരുവനെ ഉപദ്രവിക്കരുത് എന്ന





ച്ചറിയുന്ന യഥാർത്ഥ അവബോധത്തെ ശിരസ്സിൽ വഹിച്ച് ജീവിക്കുന്നു.

അംഗീകാരം നഷ്ടപ്പെട്ട ബോധം (അധമബോധം) വെറും അവബോധ ബുദ്ധിയായി അജ്ഞതയിൽ ഭൂമിയിൽ ജന്മമെടുത്തിരിക്കുന്നു ! അതിന്റെ ഏറ്റവും വലിയ തെളിവാണ് എല്ലാ മനുഷ്യരും, കുട്ടികളും, മുതിർന്നവരും ഉൾപ്പെടെ, അംഗീകാര ദാഹവുമായി ജീവിക്കുന്നത്. എല്ലാവരുടേയും മനസ്സിൽ അംഗീകാരത്തിന്റെ ഒരു നഷ്ടബോധമുള്ളതു കൊണ്ടാണ് അംഗീകാരത്തിനു വേണ്ടി എല്ലാവരും ദാഹിക്കുന്നത്. അംഗീകാരം കൊടുത്തും വാങ്ങിയും മനുഷ്യർ ഭൂമിയിൽ തന്റെ ആത്മാവിനു നഷ്ടപ്പെട്ട അംഗീകാരം വീണ്ടെടുക്കാൻ വ്യഥാ പരിശ്രമിക്കുന്നു. അച്ഛന്റേയോ അമ്മയുടേയോ, സഹോദരന്റേയോ, സഹോദരിയുടേയോ, കാമുകിയുടേയോ, കാമുകന്റേയോ, അദ്ധ്യാപകന്റേയോ, അദ്ധ്യാപികയുടേയോ, മന്ത്രിയുടേയോ, പോലീസിന്റേയോ അംഗീകാരമല്ല നമുക്കു നഷ്ടപ്പെട്ടത്. മറിച്ച് സ്വന്തം ആത്മാവ് ജന്മം എടുക്കുന്നതിനു മുൻപ് എവിടെ ആയിരുന്നോ, അവിടുത്തെ അംഗീകാരമാണ് നമുക്കു നഷ്ടപ്പെട്ടത്. അത് തനിക്ക് പുറത്ത് ഇന്ദ്രിയങ്ങൾ കൊണ്ട് തിരിച്ചറിയുന്ന ലോകത്തിൽ തന്റെ സഹജീവികളിൽ അന്വേഷിച്ചാൽ എവിടെ കിട്ടാനാണ്. അവരും അത് തന്നെയല്ലെ അന്വേഷിക്കുന്നത് ?

അഹങ്കാരത്തിന്റെ അംഗീകാര നഷ്ടത്തിന്റെ വേദനയാണ് ആത്മഹത്യയായും കൊലപാതകമായും, വ്യഭിചാരമായും, ബലാത്സംഗമായും, യുദ്ധമായും മാറുന്നത്. അംഗീകാരം ചോദിച്ചു വാങ്ങലാണ് പ്രേമമായും, വിരഹമായും പ്രശസ്തിയായും ധനമായും ഒക്കെ സമൂഹത്തിൽ പ്രതിഫലിക്കുന്നത്. അതൊന്നും യഥാർത്ഥ അംഗീകാരത്തിനു ബദലാകുകയില്ല എന്ന് പാവം അഹങ്കാരം അറിയുന്നുമില്ല. സാധാരണക്കാർ പ്രശസ്തിയുടേയും ധനത്തിന്റേയും അംഗീകാരം കിട്ടാതെ നിരാശയിൽ മരിക്കുന്നു. ധനികർ ഒടുങ്ങാത്തതും അപ്രാപ്യവുമായ ആഗ്രഹങ്ങളുടെ പൂർത്തീകരണം നടപ്പിൽ വരുത്താൻ കഴിയുന്നില്ല എന്നറിഞ്ഞ് അംഗീകാരത്തിന്റെ നഷ്ടബോധത്തിൽ ദുഃഖത്തോടെ മരിക്കുന്നു. അങ്ങനെ എണ്ണിയാലൊടുങ്ങാത്ത അംഗീകാര ദാഹവുമായി ഓരോ ദിവസവും ego ഭൂമിയിൽ ചത്തു വീഴുന്നു. അറിവില്ലായ്മയ്ക്ക് അറിവില്ലായ്മയെ രക്ഷിക്കാൻ കഴിയില്ല എന്നതിന്റെ തെളിവാണിത്.

ജീവിതം തെരഞ്ഞെടുക്കാൻ കഴിഞ്ഞില്ല, അതു സംഭവിച്ചതാണെന്നു കണ്ടെത്താൻ മനുഷ്യനു കഴിയാതെ പോകുന്നതാണ് ഈ അംഗീകാര ദാഹത്തിന്റെ കാരണം. ജീവിതം സ്വാർത്ഥതയുടെ ആഗ്രഹത്തിൽ സംഭവിച്ചതാണ്. അതിന്റെ രഹസ്യങ്ങളിലേയ്ക്ക് കടക്കാൻ ബോധശാസ്ത്രം പഠിക്കണം. അത് പരിശീലിക്കണം, അത് ജീവിതമാക്കണം. അപ്പോൾ ജീവിതം സംഭവിച്ചതാണെന്ന അറിവ് അനുഭവമായി മനസിൽ വരും. ജീവിതം സംഭവിച്ചതാണെങ്കിൽ അതിൽ ഒരു വ്യക്തിത്വത്തിന്റെ പ്രാധാന്യം വെറും പുറംപൂച്ചാണ്, പൊങ്ങച്ചമാണ്, പൊള്ളയാണ്. സംഭവിച്ച ജീവിതം സംഭവങ്ങളിലൂടെ മാത്രമെ പോകുകയുള്ളൂ. അതിനെ അങ്ങനെ

രത്തിന് (ego) ഒരു സ്വാധീനവും ഇല്ലെന്നു മാത്രമല്ല അതിന്റെ ഉത്ഭവം എവിടെയാണെന്ന് അറിയാനും പാടില്ല. ഇതാണ് നമ്മുടെ ജീവിതത്തിന്റെ പരാജയം. എപ്പോൾ കൈകാലുകൾ തളരുമെന്നും, എപ്പോൾ അപകടത്തിൽപ്പെടുമെന്നും എപ്പോൾ ഹൃദയം പെട്ടെന്നു നിന്നു പോകുമെന്നും കണ്ടെത്താൻ, ജന്മം ഞാനാണ് എടുത്തത് എന്ന് വീമ്പിളക്കുന്ന ego യ്ക്ക് കഴിയില്ല !!

ബോധോദയം സംഭവിച്ച ഒരാൾക്ക് മാത്രമെ ഈ സ്പന്ദനം എവിടെ നിന്നു വരുന്നുവെന്നും ഈ സ്പന്ദനത്തിന്റെ രഹസ്യമെന്താണെന്നും സ്പന്ദനം എങ്ങനെ ജീവനാകുന്നുവെന്നും ജീവൻ എങ്ങനെ തിരഞ്ഞെടുക്കാൻ കഴിയാത്ത ജീവിതമാകുന്നുവെന്നും അനുഭവം കൊണ്ട് അറിയാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് അത്തരം ഒരാളുടെ ജീവിതം പരമാനന്ദമാകുന്നതും, സംഗീതമാകുന്നതും, നൃത്തമാകുന്നതും, ആഘോഷമാകുന്നതും. മരണം അയാളുടെ ജീവിതാനുഭവമാകുമ്പോൾ മരണത്തിലെ അനിശ്ചിതത്വവും ദുരൂഹതയും അയാളിൽ ഉണ്ടാകുകയില്ല. അതിനാൽ അയാൾ ഒന്നിനെയും ഭയപ്പെടുകയുമില്ല. ഭയപ്പെടാത്ത ഒരാളെ ഡമ്മി കളിപ്പിക്കാൻ ആർക്കും കഴിയില്ല. **ഒരാൾ തന്നെത്തന്നെ പൂർണ്ണമായി അറിയുന്നതാണ് ബോധോദയം**. തന്നെത്തന്നെ അറിഞ്ഞവൻ ജീവിത രഹസ്യം അറിഞ്ഞവനാണ്. അയാളിൽ സ്വാർത്ഥതയുടെ വികാരങ്ങൾക്ക് ചരടായി പ്രവർത്തിക്കുവാൻ കഴിയുകയില്ല. സ്വാർത്ഥതയാണ് ശരീരമായി ജന്മമെടുക്കുന്നത്. അതിന് തന്നെത്തന്നെ തിരിച്ചറിയാനുള്ള കഴിവില്ല. അതുകൊണ്ടാണ് ജന്മം തിരഞ്ഞെടുക്കാൻ കഴിഞ്ഞില്ല എന്നോർത്തു നാം ദുഃഖിക്കുന്നത് . യഥാർത്ഥ ബോധം എന്ന തിരിച്ചറിവാണ് ജന്മമെടുക്കുന്നതെങ്കിൽ തീർച്ചയായും ജനിക്കുന്നതിനു മുമ്പു തന്നെ താൻ ജനിക്കാൻ പോകുന്നുവെന്ന് അതിനറിയാൻ കഴിയുമായിരുന്നു. മാത്രമല്ല ജനിച്ചാലും ശരീരം (*ഞരമ്പുകളുടെ സാന്നിധ്യം കൊണ്ട്*) തീർത്താൽ തീരാത്ത വേദനയുടെ ഒരു സംവിധാനമാണെന്ന് ജന്മമെടുക്കാൻ പോകുന്നതിന് മുമ്പുതന്നെ തിരിച്ചറിയുമായിരുന്നു. വേദനിക്കുന്ന മാംസത്തിലുള്ള ഒരു ജീവിതം അനാവശ്യവും വിവേകശൂന്യവുമാണെന്ന് തിരിച്ചറിയുന്ന ബോധം, ജീവന്റെ സ്പന്ദനമായി മാംസത്തിൽ താഴേയ്ക്ക്, ഭൂമിയിലേയ്ക്ക് ഇറങ്ങാൻ തയ്യാറാകുകയുമില്ലായിരുന്നു.

അപ്പോൾ, തിരഞ്ഞെടുക്കാൻ കഴിയാതെ ജന്മമെടുത്തിരിക്കുന്നത് സാക്ഷാൽ അറിവില്ലായ്മയുടെ തലതൊട്ടപ്പനായ സ്വാർത്ഥതയും, എല്ലാം തന്റേതു മാത്രമായിരിക്കണമെന്ന ആർത്തിയും ആണെന്നു വ്യക്തമായിരിക്കുന്നു. ഏതോ ഒരു സ്രോതസ്സിൽ പരമാനന്ദത്തിൽ കഴിഞ്ഞിരുന്ന ഏതോ ഒന്ന് തന്റെ അറിവില്ലായ്മയിൽ ജീവന്റെ സ്പന്ദനമായി ഭൂമിയിലേക്ക് ഇറങ്ങി മാംസത്തിലെത്തി വേദന തിരിച്ചറിഞ്ഞപ്പോഴാണ് തനിക്ക് ഉണ്ടായിരുന്ന പരമാനന്ദത്തിന്റെ അംഗീകാരം നഷ്ടപ്പെട്ടത് അറിഞ്ഞത്. ആ അറിവു പോലും ഇല്ലാത്ത കോടിക്കണക്കിനു മനുഷ്യരെ നമുക്കു ലോകത്തു കാണാം. അവർ മൃഗീയ വാസനയിൽ മനുഷ്യരായി തന്നെത്തന്നെ തിരി





തത്വശാസ്ത്രവും എനിക്കറിയാം. പക്ഷേ വാസന (tendency) എന്നെത്തന്നെ ചതിച്ചു കളഞ്ഞു. യാത്ര പുറപ്പെടുമ്പോൾ മുതൽ താങ്കളെ കുത്തുന്നതിനുള്ള പ്രേരണ എന്റെ ഉള്ളിൽ വന്നിരുന്നു. പക്ഷേ അത് തെറ്റാണ് എന്ന് ഞാൻ എന്നെത്തന്നെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. എന്നാൽ അല്പ സമയം എന്റെ ശ്രദ്ധ വിട്ടുപോയി. അറിയാതെ ഞാൻ എന്റെ ഭാര്യയേയും കുട്ടികളേയും ഓർത്തു പോയി. അവരുടെ ഭക്ഷണത്തെക്കുറിച്ച് ഓർത്തപ്പോൾ എന്റെ വാസന പെട്ടെന്നു ഉണരുകയും താങ്കളെ കുത്തുകയും ചെയ്തു പോയി. ഇനിയിപ്പോൾ നാം എന്താണ് ചെയ്യുക?” തവള തന്റെ കുഴഞ്ഞ നാക്കു കൊണ്ട് പറഞ്ഞു. **“എന്റെ നന്മ എന്നെയും നിന്റെ തിന്മ നിന്നേയും നശിപ്പിച്ചിരിക്കുന്നു.”**

വ്യത്യസ്ത വർഗ്ഗത്തിൽപ്പെട്ട രണ്ട് ജീവികളുടെ മരണത്തിനിടയാക്കിയ ദാരുണ സംഭവത്തിന്റെ കഥയാണ് മേൽ വിവരിച്ചത്. ഈ കഥയെ വെറും സാമാന്യ ബുദ്ധിയുടെ വെളിച്ചത്തിൽ വിശകലനം ചെയ്താൽ മനുഷ്യജന്മത്തിന്റെ അർത്ഥവും ലക്ഷ്യവും വളരെ വ്യക്തമായി മനസിലാക്കാൻ കഴിയും.

ഒരു മനുഷ്യ കുഞ്ഞ് അമ്മയുടെ വയറ്റിൽ ആയിരിക്കുമ്പോൾ അതിനു സംഭവിക്കുന്ന രൂപ പരിണാമങ്ങൾ മനുഷ്യ ജന്മത്തിന്റെ വിവിധ പരിണാമ ഘട്ടങ്ങളെ സൂചിപ്പിക്കുന്നതായിരിക്കുമെന്ന് വൈദ്യശാസ്ത്രം തെളിയിക്കുന്നു. അനേകം ജീവികളോട് സാമ്യമുള്ള ആകൃതികൾ ഗർഭസ്ഥ ശിശു വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാണ് . അതായത് ആകൃതിയിൽ മനുഷ്യൻ മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തനാണെങ്കിലും ജനിതക വാസനകളിൽ (genetic tendencies) മനുഷ്യൻ ഒരു വിധം എല്ലാ മൃഗങ്ങളുടേയും സ്വഭാവം ഉൾക്കൊള്ളുന്നതായി ശാസ്ത്രം സമ്മതിക്കുന്നുണ്ട്. സിംഹത്തിന്റെ ദ്വേഷ്യവും, കുറുക്കന്റെ സൂത്രവും, പക്ഷികളുടെ ഭയവും എല്ലാ മനുഷ്യരിലും നമുക്കു കാണാം. അവബോധ (awareness) മെന്ന തിരിച്ചറിവു കൊണ്ട് നാം എല്ലാ മൃഗീയ വാസനകളേയും മറച്ചു പിടിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ ശക്തമായ പ്രകോപനങ്ങളിൽ ഈ അവബോധം നഷ്ടപ്പെട്ടു മൃഗീയ സ്വഭാവം കാണിക്കുന്നത് നാമെല്ലാം പത്രങ്ങളിലൂടെയും നേരിട്ടും മനസ്സിലാക്കിയിട്ടുണ്ട്.

യഥാർത്ഥ ബോധം(Real consciousness), അവബോധം(Awareness), മനസ് (Mind), ബുദ്ധി(Intelligence), ഓർമ്മ (Memory), അഞ്ച് ജ്ഞാനേന്ദ്രിയങ്ങളുടെ (കണ്ണ്, മൂക്ക്, നാക്ക്, ചെവി, ത്വക്ക്) സൂക്ഷ്മ സ്ഥിത ജ്ഞാനം ഇവ തമ്മിൽ എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു? അത്തരം ബന്ധപ്പെടലിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്ത് ? മൃഗങ്ങളിൽ നിന്ന് നാം ഏതെല്ലാം ഘടകങ്ങളാൽ വ്യത്യാസപ്പെട്ടിരിക്കുന്നു? എന്താണ് ആ വ്യത്യാസങ്ങൾക്ക് കാരണം? പ്രകൃതി അതിനു കൽപ്പിച്ചിരിക്കുന്ന യഥാർത്ഥ ലക്ഷ്യമെന്ത് ? എന്നിങ്ങനെ മനുഷ്യ ജന്മത്തിന്റെ പൊരുൾ കണ്ടെത്തുന്ന ശാസ്ത്രമാണ് ബോധശാസ്ത്രം അഥവാ Awarology.

ആടാനും പാടാനും, പൊട്ടിച്ചിരിക്കാനും, ആനന്ദലഹരിയിൽ മതിമറന്ന് നിർവൃതിയടയാനും സൃഷ്ടിക്കപ്പെട്ട മനുഷ്യന്, ആടാനും പാടാനും പൊട്ടിച്ചിരിക്കാനും മദ്യവും, മയക്കുമരുന്നും, ആനന്ദലഹരിയിൽ മതിമറക്കാൻ നോട്ടുകെട്ടുകളും, സൗന്ദര്യമുള്ള സ്ത്രീയും പുരുഷനും വേണമെന്ന ദയനീയമായ അധഃപതനത്തിലേയ്ക്ക് മനുഷ്യരാശി താഴ്ന്നു പോയത് എന്തുകൊണ്ട് എന്ന് ഇനിയും നാം കണ്ടെത്തിയില്ലായെങ്കിൽ, ഒരു ആഗോള ആത്മഹത്യയ്ക്ക് നാം തയ്യാറെടുപ്പു നടത്തേണ്ടിയിരിക്കുന്നു.

ആടാനും, പാടാനും പൊട്ടിച്ചിരിക്കാനും ജീവിതം ആഘോഷിക്കുവാനും പ്രകൃതി മറ്റു മൃഗങ്ങൾക്ക് കഴിവ് കൊടുത്തിട്ടില്ല എന്ന് പ്രകൃതിയിലേയ്ക്ക് നോക്കിയാൽ നമുക്കു മനസിലാകും. അതിജീവനത്തിന്റെ തത്രപ്പാടിൽ മനുഷ്യനോടു മാത്രം മത്സരിക്കാൻ കഴിയാതെ മല്ലടിച്ച്, പ്രാണികളും മൃഗങ്ങളും പക്ഷികളും സസ്യങ്ങളും ചത്തൊടുങ്ങുന്ന ദയനീയമായ കാഴ്ചയാണ് ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലും നാം കാണുന്നത്. നമുക്കു ജീവിക്കാൻ പ്രകൃതി കനിഞ്ഞു നൽകിയ എല്ലാ വസ്തുക്കളും മറ്റു ജീവജാലങ്ങൾക്കും അനുവദിച്ചു കൊടുക്കുവാൻ നാം ബാദ്ധ്യസ്ഥരാണ് എന്ന് തിരിച്ചറിയാൻ, അവബോധം എന്ന ദൈവീകമായ കഴിവുണ്ടായിട്ടും മനുഷ്യനു കഴിയുന്നില്ല. ജാതിയുടേയും മതത്തിന്റേയും വർഗ്ഗത്തിന്റേയും നിറത്തിന്റേയും പേരിൽ സ്വന്തം സഹോദരങ്ങളെ വേർതിരിച്ചു നിർത്തി; വെടി വെച്ചും, മാരകമായ ബോംബുകളിട്ടും നശിപ്പിക്കുന്ന തിരിച്ചറിവിന് എന്തു പേരാണ് യോജിക്കുക? എന്തു മത തത്വശാസ്ത്രമാണത് ? എന്ത് നീതിബോധമാണത് ?

ലോകത്ത് ഇന്ന് ജീവിച്ചിരിക്കുന്ന ഒരു ജീവിവർഗ്ഗവും തന്റെ തന്നെ വർഗ്ഗത്തിലെ അംഗങ്ങളെ നിർദ്ദയം കൊല്ലുന്ന ചരിത്രം ജന്തുശാസ്ത്രം കണ്ടെത്തിയിട്ടില്ല. ഒരു വർഗ്ഗം (species) മറ്റൊരു വർഗ്ഗത്തെ ആഹാരത്തിനു വേണ്ടി വേട്ടയാടാറുണ്ട്. അതിൽ അവർ നിരപരാധികളാണ്. ഒരു കൊതുകിന്റെ കാര്യം തന്നെ എടുത്തു നോക്കുക. ജന്മവാസനയിൽ തന്റെ നിലനിൽപ്പിന് മനുഷ്യന്റെ രക്തം കുടിക്കുവാനാണ് പ്രകൃതി കല്പിച്ചിട്ടുള്ളതെങ്കിൽ കൊതുക് പിന്നെ എന്താണ് ചെയ്യുക? തന്റെ ആഹാരം തേടുന്ന കൊതുക് വധിക്കപ്പെടുന്നു. മാത്രവുമല്ല, മാരകമായ രോഗങ്ങൾ പരത്തുന്നതിന്റെ കുറ്റവും തന്റെ അറിവു കൂടാതെ തന്നെ തന്നിൽ ആരോപിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരമൊരു സൃഷ്ടി കർമ്മം ദൈവീക ബുദ്ധിയാണെന്ന് തെളിയിക്കാൻ കഴിയില്ല.

കൊന്നും കൊല്ലപ്പെട്ടും, തിന്നും തിന്നപ്പെട്ടും നിലനിൽക്കുന്ന അനേകം ഇക്കോവ്യൂഹങ്ങൾ (Eco system) പ്രകൃതിയിൽ നിലനിൽക്കുന്നു. അവയിലെ അംഗങ്ങളെ പ്രത്യുൽപ്പാദനത്തിന്റെ വർദ്ധനവു കൊണ്ട് നശിക്കാതെ, പ്രകൃതി സന്തുലിതാവസ്ഥയിൽ (Balanced) മുന്നിലേയ്ക്കു കൊണ്ടു പോകുന്നു. അതായത്





കുത്തി മരിക്കുന്നു. ഇതിൽപരം എന്തു വിഡ്ഢിത്തമാണ് നാം ചെയ്യേണ്ടത്. തിരിച്ചറിവില്ലാത്ത മൃഗങ്ങൾ പോലും ലജ്ജിക്കുന്ന പമ്പര വിഡ്ഢിത്തം. ഒരു പ്രത്യേക ജാതിയിൽ ഒരു പ്രത്യേക മതത്തിൽ ഒരു സൂപ്പർ സിനിമാ താരമായി ജന്മമെടുക്കാൻ നമുക്ക് ഇഷ്ടമില്ലാഞ്ഞിട്ടല്ല. പക്ഷേ ജീവിതം തിരഞ്ഞെടുക്കുന്നതിൽ നിന്ന് പ്രകൃതി നമ്മെ വിലക്കിയിരിക്കുന്നു. ഈ തിരഞ്ഞെടുപ്പിൽ പങ്കില്ലാത്തതു കൊണ്ടാണ് ബോധശാസ്ത്രം നാമെല്ലാം ഡമ്മികളാണ് എന്ന് പറയുന്നത്.

"ഒന്നായ നിന്നെ യിഹ രണ്ടെന്നു കണ്ടളവിലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ" എന്ന് കവി പാടിയതിന്റെ പൊരുൾ നമുക്കു പിടികിട്ടിയിട്ടില്ല. ഒരേ ഒരു സത്യം 600 കോടിയായി പിരിഞ്ഞു നിന്ന് തെണ്ടിയായും, തെമ്മാടിയായും, പ്രസിഡന്റായും, പ്രധാനമന്ത്രിയായും, നടനായും, ശാസ്ത്രജ്ഞനായും വേഷം കെട്ടി ഭൂമിയെന്ന സ്റ്റേജിൽ ഗംഭീരമായി അഭിനയിക്കുകയാണെന്ന് നമുക്കു മനസ്സിലാക്കാൻ കഴിയാതെ പോയി. വേഷങ്ങൾ എത്ര തവണ മാറിമാറി വന്നാലും വേദന അനുഭവിക്കുന്ന ആത്മാവ് ഒന്നു തന്നെയായിരിക്കുമെന്ന് മനസിലാകണമെങ്കിൽ, ഈ ജന്മത്തിൽ നാം വേദന അനുഭവിക്കുന്നുണ്ടോ എന്നു അന്വേഷിച്ചാൽ മതി. വേദനയെ മറച്ചു പിടിച്ച് ജീവിതം വലിയ ആനക്കാര്യമാണെന്നു നമ്മെ പഠിപ്പിക്കുന്നതിന്റെ സൂത്രം പിടികിട്ടിയില്ലേ ? നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ പ്രായോഗികമല്ലാത്തതെന്തും സംഭവിക്കുന്നതാണെന്നു മനസ്സിലാക്കാൻ ഉന്നത ബിരുദം ഒന്നും ആവശ്യമില്ല. ചുമ്മാ സ്വന്തം ജീവിതത്തെ ഒന്നു പഠിക്കാൻ ശ്രമിച്ചാൽ മതി. വ്യത്യസ്ത വാസനകളിൽ ജനിച്ച ജീവിതങ്ങൾ ആ വാസനയ്ക്കനുസരിച്ച് വളർന്നു വലുതാകുമ്പോൾ ഉണ്ടാകുന്ന ശാരീരികവും ബുദ്ധിപരവുമായ പരിണാമങ്ങളാണ് മേൽ പറഞ്ഞ എല്ലാ പദവികളും.

നമ്മുടെ കർമ്മത്തിന് ഇതിൽ ഒന്നിലും പങ്കില്ലേ? എന്ന് അഹങ്കാരം തന്റെ അറിവില്ലായ്മയിൽ വലിയ വായിൽ ഒരു ചോദ്യം ചോദിക്കും. അറിവില്ലായ്മ അറിവില്ലായ്മ തന്നെയാണ്. അറിവില്ലായ്മയുടെ അറിവില്ലായ്മ മാറ്റാൻ അറിവില്ലായ്മയ്ക്ക് കഴിയില്ല എന്നു നാം മനസ്സിലാക്കണം. ബോധത്തിന്റെ തിരിച്ചറിവായ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ മാത്രമെ, അറിവില്ലായ്മയുടെ ഇരുട്ടു നീങ്ങുകയുള്ളൂ. അല്ലാതെ ഇരുട്ടു കൊണ്ട് ഇരുട്ടിനെ മാറ്റാൻ കഴിയില്ല. നമ്മുടെ പരിശ്രമമെന്ന കർമ്മം നാമാണ് ചെയ്യുന്നതെന്ന് നാം തെറ്റായി ധരിക്കുകയാണ്. എല്ലാം തന്റെ കർമ്മ കഴിവെന്ന് അഭിമാനിക്കുന്ന മനുഷ്യന്റെ അഹങ്കാരത്തിന്, കർമ്മത്തിന് ആധാരമായ സ്പന്ദനം എന്ന ചലനത്തിന്റെ അടിസ്ഥാനം എവിടെ നിന്നാണെന്നു മാത്രം കണ്ടു പിടിക്കാൻ കഴിയില്ല. ഇവിടെയാണ് നാമെല്ലാം ഡമ്മിയാകുന്നത്. കർമ്മങ്ങൾ വാസനയുടെ പ്രകടഗുണങ്ങളാണ്. എന്നാൽ ഈ കർമ്മം ചെയ്യാനുള്ള ചലനശേഷിയുടെ ആരംഭം ഹൃദയസ്പന്ദനമാണ്. ഈ ഹൃദയസ്പന്ദനത്തെ ജീവന്റെ സ്പന്ദനം എന്നാണ് വേദാന്തങ്ങൾ വിളിക്കുന്നത്. ഈ സ്പന്ദനത്തിൽ പാവം നമ്മുടെ 'ഞാൻ' എന്ന അഹങ്കാ

സ്വാതന്ത്ര്യമാണ്. ഒരു മനുഷ്യന്റെ ജീവിത സാഹചര്യങ്ങളാണ് അതെങ്ങനെ ആയിരിക്കണം എന്നു തീരുമാനിക്കുന്നത്. അത്തരമൊരു സ്വാതന്ത്ര്യം വീട്ടിലും നാട്ടിലും സാദ്ധ്യമല്ലെങ്കിൽ ആ നാടും വീടും വിട്ടു പോയേ മതിയാകൂ. എന്നാൽ അത്തരമൊരു സാഹചര്യമില്ലെങ്കിൽ വീട്ടിലും നാട്ടിലും നിൽക്കാം. സ്വയം വഴിയും സത്യവും പരമാനന്ദവും ആകുന്ന രീതിയാണത്. അല്ലാതെ ഒരു പ്രത്യേക നിയമത്തിനോ ആചാരങ്ങൾക്കോ അടിമയാകുന്നതല്ല. നിയമങ്ങളും, ആചാരങ്ങളും, ജപങ്ങളും, പ്രാർത്ഥനകളും ഉള്ള ആത്മീയതയെ dogmatism എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. യഥാർത്ഥ ആത്മീയത സ്ഥല കാലങ്ങൾക്ക് അതീതമാകുന്ന അവസ്ഥയാണ്. യഥാർത്ഥ ബോധമെന്ന തിരിച്ചറിവിലാണ് യഥാർത്ഥ ആത്മീയത നിലനിൽക്കുന്നത്. എന്തിനും ഏതിനും കാരണം ചോദിക്കുകയും ആ കാരണങ്ങൾ പണവുമായി ബന്ധപ്പെട്ടു നിൽക്കുകയും ചെയ്യുന്ന അവസ്ഥയല്ല ഇത്. കർമ്മനിരതമായ കോശങ്ങൾ കൊണ്ടു നിർമ്മിക്കപ്പെട്ട ശരീരം കർമ്മങ്ങൾ മാത്രം ചെയ്യുന്ന അവസ്ഥയാണ്. അതിന്റെ ഫലത്തെക്കുറിച്ച്. നിരാശയോ, പ്രതീക്ഷകളോ അത്തരമൊരാളുടെ മനസിൽ നിലനിൽക്കില്ല. കർമ്മ ഫലം നിലനിർത്താനുള്ള വേദിയല്ല മനുഷ്യ മനസ്. സാക്ഷാൽ ബോധം പരമാനന്ദമായി നിൽക്കേണ്ട ഇടമാണത്. അതിൽ ആർത്തിയുടേയും സ്വാർത്ഥതയുടേയും മോഹങ്ങളുടേയും ചിന്തകൾക്കു സ്ഥാനമുണ്ടാകില്ല.

### ജീവിതം തിരഞ്ഞെടുത്തതല്ല അത് സംഭവിച്ചതാണ്.

ജീവിതം നാമാരും തിരഞ്ഞെടുത്തതല്ല. ജീവിതം നമ്മെ തിരഞ്ഞെടുത്തതാണ്. ഈ പച്ചയായ സത്യം മനസ്സിലാക്കാതെയാണ് നാം ജീവിക്കുന്നത്. ലോകത്തിലുള്ള സകല മനുഷ്യരുടേയും ഭാവങ്ങളെ വീക്ഷിച്ചാൽ ജീവിതം ഓരോരുത്തരും തിരഞ്ഞെടുത്തതു പോലെ നമുക്ക് അനുഭവപ്പെടും. ക്രിസ്ത്യാനിയായും, ഹിന്ദുവായും, മുസ്ലീമായും, പാഴ്സിയായും നാം ജനിക്കുന്നതല്ല, മറിച്ച് ജനനം നമ്മുടെ മതത്തെയും ജാതിയേയും നിറത്തേയും തിരഞ്ഞെടുക്കുന്നതാണ്. ആ തിരഞ്ഞെടുപ്പിൽ നമ്മുടെ ബുദ്ധിയുടെ തിരിച്ചറിവിന് യാതൊരു പങ്കുമില്ല. ഇത് വലിയ ബുദ്ധി ആവശ്യമായ ഒരു തിരിച്ചറിവല്ല. പക്ഷേ ഈ തിരിച്ചറിവ് നമ്മിൽ പ്രവർത്തിക്കുകയില്ല എന്നതാണ് അതിലെ രസകരമായ വശം.

ക്രിസ്ത്യാനിയായും ഹിന്ദുവായും മുസ്ലീമായും പാഴ്സിയായും ജന്മമെടുത്തതു പോലെയാണ് നമ്മുടെ ഭാവം. ഒരു പ്രത്യേക പേരും, മേൽവിലാസവും, വ്യക്തിത്വവുമുള്ളവരായി നാം ജീവിതത്തിൽ തകർത്ത് അഭിനയിക്കുന്നു. ശൂന്യതയിൽ നിന്നു വന്നു ശൂന്യതയിലേക്കു പോകുന്ന നമുക്ക് എവിടെയാണ് വ്യക്തിത്വമുള്ളത് ? എന്തിലാണ് വ്യക്തിത്വമുള്ളത് ? ഈ വ്യക്തിത്വം ആരാണ് നമ്മിൽ അടിച്ചേൽപ്പിച്ചത് ? നാമാരും ഇതൊന്നും ചിന്തിക്കാൻ കൂട്ടാക്കിയിട്ടില്ല. ജനനം കൊണ്ട് ഹിന്ദുവും, ക്രിസ്ത്യാനിയും, മുസ്ലീമും ആകേണ്ടി വന്നതിന്റെ പേരിൽ പരസ്പരം





ഹിംസയും പ്രത്യുൽപാദനവുമാണ് ജീവികളെ നിലനിർത്തുന്നതിനും അതിലൂടെ അവയുടെ ബുദ്ധി വർദ്ധിപ്പിക്കുന്നതിനും പ്രകൃതി സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം. എന്നാൽ മനുഷ്യനെന്ന മൃഗത്തിന്റെ അവസ്ഥ നോക്കുക. ഒരു ഇക്കോവ്യൂഹത്തിലും അംഗമാകാതെ, തിരിച്ചറിവുള്ള ബുദ്ധി കൊണ്ട് ഒരു സസ്യഭുക്കായി സുഖമായി ജീവിക്കാൻ കഴിയുമായിരുന്നിട്ടും, സ്വന്തം വർഗ്ഗത്തിനും, മറ്റു ജീവജാലങ്ങൾക്കും, പ്രകൃതിക്കു തന്നെയും ശക്തമായ ഭീഷണിയായി മനുഷ്യൻ ഓരോ ദിവസവും ജീവിക്കുന്നു. തിരിച്ചറിവു കൊണ്ട് സ്വതന്ത്രനായ മനുഷ്യനെ സംബന്ധിച്ച് ഹിംസ പാപമാകുന്നു. കാരണം തന്റെ സഹജീവികളെ ഹിംസിക്കാതെ ബുദ്ധി കൊണ്ട് ജീവിക്കുവാൻ മനുഷ്യൻ പ്രാപ്തനാണ്. എന്നാൽ സമൂഹത്തിൽ മനുഷ്യൻ മറ്റു ജീവികളേയും സ്വന്തം സഹോദരങ്ങളേയും നിർദ്ദയം വധിക്കുന്നു. അതിൽ അവൻ ശാസ്ത്രീയതയുടെ പുതിയ രൂപങ്ങൾ തന്നെ ദിവസവും കണ്ടു പിടിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യനെ സംബന്ധിച്ച് ബുദ്ധിയുടെ പരിണാമത്തിന് ഹിംസയുടെ ആവശ്യമില്ല. കാരണം അവബോധം എന്ന തിരിച്ചറിവ് ഉപയോഗിച്ച് ബുദ്ധിയെ വികസിപ്പിക്കാൻ കഴിയും. പക്ഷേ മനുഷ്യൻ ബുദ്ധിയെ വികസിപ്പിച്ചത് കൊലപാതകത്തിന്റെ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുവാൻ വേണ്ടി മാത്രമാണ് എന്ന് മനസ്സിലാക്കുക. ജീവിതസൗകര്യത്തിനായി നാം ഇന്ന് ഉപയോഗിക്കുന്ന മിക്കവാറും എല്ലാ ഉപകരണങ്ങളും യുദ്ധാവശ്യങ്ങൾക്കു വേണ്ടി കണ്ടു പിടിക്കപ്പെട്ടതാണെന്നു നമുക്കറിയില്ല !

കൊന്നും കൊല്ലപ്പെട്ടും ജീവിക്കുന്ന ജീവിവർഗ്ഗങ്ങളോട് പ്രകൃതി ഒട്ടും തന്നെ സ്നേഹവും, ദയയും അനുകമ്പയും കാണിച്ചിട്ടില്ല എന്ന് അവയുടെ ജീവിതരീതി നോക്കിയാൽ നമുക്കു മനസ്സിലാകും. നിരപരാധിയും നിഷ്കളങ്കവുമായ മാനിനെ സിംഹങ്ങൾ കൂട്ടം ചേർന്നു ആക്രമിച്ചു കടിച്ചു കീറി കൊന്നു ഭക്ഷിക്കുന്നു. മാനിനോട് പ്രകൃതി വളരെ ക്രൂരതയാണ് കാണിച്ചത്. വേഗത്തിൽ ഓടാനുള്ള കഴിവു കൊടുത്തെങ്കിലും ബുദ്ധിപൂർവ്വം ഓടാൻ അതിനു കഴിവു നൽകിയില്ല. എന്നാൽ മനുഷ്യന്റെ അവസ്ഥ എടുത്തു നോക്കൂ. തിരിച്ചറിവും ബുദ്ധിയും ഒരുമിച്ചു നൽകിയിരിക്കുന്നു. എന്നാൽ മൃഗങ്ങൾക്കോ ബുദ്ധിയുണ്ട് എന്നാൽ തന്നെത്തന്നെ തിരിച്ചറിയുന്ന വിശേഷബുദ്ധി അഥവാ അവബോധമില്ല. ഇത് എങ്ങിനെ തെളിയിക്കും എന്നു നിങ്ങൾ സംശയിച്ചേക്കാം. ഉത്തരം വളരെ ലളിതമാണ്. അവബോധം (Awareness) എന്ന തിരിച്ചറിവ് ഏതൊരു ജീവിയുടെ ബുദ്ധിയുമായി link ചെയ്യുന്നുവോ ആ നിമിഷം ആ ജീവി യുക്തിയുക്തമായി(logic) ജീവിക്കുവാനുള്ള കഴിവു നേടുന്നു. അത്തരം കഴിവു ലഭിച്ചാലുടനെ ആ ജീവി, തന്റെ തന്നെ സഹോദരങ്ങളെ ഭയക്കുകയും, സംശയദൃഷ്ടിയോടെ നോക്കുകയും ചെയ്യുന്നു. അതിന്റെ പരിണിത ഫലമായി, അവബോധം ലഭിച്ച ഏതു ജീവിയും തന്റെ ബുദ്ധി കൊണ്ട് ആദ്യമായി ഉണ്ടാക്കുന്നത് നിലനിൽക്കുവാനുള്ള ആഹാരമല്ല, മറിച്ച് ആയുധമായിരിക്കും. കിരാതൻമാരായ കാട്ടുജാതിക്കാർ മുതൽ

21 ാം നൂറ്റാണ്ടിലെ സംസ്ക്കാര സമ്പന്നരായ ആധുനിക മനുഷ്യ സമൂഹങ്ങൾ വരെയുള്ളവരുടെ ചരിത്രമെടുത്താൽ ഇതു വ്യക്തമായി മനസ്സിലാകാം. ഇതിനൊരപവാദം ചൂണ്ടിക്കാണിക്കുവാൻ സാധ്യമല്ല.

അവബോധമെന്ന തിരിച്ചറിവ് മനുഷ്യ ബുദ്ധിക്ക് നൽകപ്പെട്ടത് ലോകത്തിലെ എല്ലാ ജീവജാലങ്ങൾക്കും, തനിക്കു തന്നെയും ഭീഷണിയാകുന്ന മാരകമായ ആയുധങ്ങൾ ഉണ്ടാക്കാനാണ് എന്നു വിശ്വസിക്കാൻ നിലവിലുള്ള യുക്തി പര്യാപ്തമല്ല. പ്രകൃതി അത്തരമൊരു വിഡ്ഢിത്തം ചെയ്യില്ല. ക്രൂരതയും ഹിംസയും മറ്റു ജീവജാലങ്ങളിൽ ഉണ്ടെങ്കിലും, അത് അതിജീവനത്തിന്റെ ബുദ്ധി വികസിപ്പിക്കാത്തവയെ നശിപ്പിക്കുക എന്ന പരിണാമ പ്രക്രിയയാണെന്നു നമുക്കു കാണാം. എന്നാൽ സ്വന്തം വർഗ്ഗത്തേയും തന്നേയും തന്നെ ആത്മഹത്യയിലേക്ക് നയിക്കുന്ന ഒരു പ്രക്രിയയിൽ പരിണാമത്തിന്റെ ബുദ്ധിയുടെ വർദ്ധനവ് എങ്ങനെ എന്നു മനസ്സിലാക്കാൻ ഒട്ടും തന്നെ കഴിയുന്നില്ല. അണുവായുധങ്ങളിൽ നിന്ന്, അതുണ്ടാക്കിയവൻ പോലും രക്ഷപ്പെടില്ല എന്നാണ് ശാസ്ത്രം പറയുന്നത്. അപ്പോൾ മനുഷ്യനെ സംബന്ധിച്ച് അവബോധം അവന്റെ തന്നെ ആത്മഹത്യയ്ക്കു കാരണമാകുമെങ്കിൽ (*ആ കൂട്ട ആത്മഹത്യയുടെ സമയം മാത്രമേ നമുക്കറിയാതുള്ളൂ, ബാക്കിയെല്ലാം തയ്യാറാണ്.*) അതു തീർത്തും ബുദ്ധിയല്ല.

എത്ര ബുദ്ധിപൂർവ്വമാണ് പ്രകൃതി ഒരോ ജീവജാലങ്ങളുടേയും ജീവിതചക്രം വിഭാവനം ചെയ്തിരിക്കുന്നത് ! മനുഷ്യനേക്കാൾ അനേകം മടങ്ങ് ബുദ്ധിയാണ് പ്രകൃതിയിൽ കാണുന്നത്. മനുഷ്യബുദ്ധി പ്രകൃതിയുടെ ബുദ്ധിയുടെ അടുത്തെങ്ങും വരുന്നില്ല. അങ്ങനെയുള്ള പ്രകൃതി മനുഷ്യന് അവബോധം നൽകിയത് കൂട്ട ആത്മഹത്യയ്ക്കാണെന്ന് വാദിക്കാൻ കഴിയില്ല. മാത്രമല്ല ആടാനും പാടാനും, പൊട്ടിച്ചിരിക്കുവാനും ഉള്ള കഴിവുകളും അവബോധത്തിൽ നിന്നു തന്നെയാണെന്നു കാണാം. അപ്പോൾ ആടിയും പാടിയും പൊട്ടിച്ചിരിച്ചും കൂട്ട ആത്മഹത്യ ചെയ്യാനാണോ പ്രകൃതി മനുഷ്യന് അവബോധം നൽകിയിരിക്കുന്നത് ? ഛെ ! പമ്പര വിഡ്ഢിത്തം. ആ ചിന്ത തന്നെ എത്രയ്ക്ക് വൃത്തികെട്ടതാണെന്ന് നോക്കുക. ബുദ്ധിമാനായ ഒരു എഞ്ചിനീയർ തന്റെ വീടു പണിയുമ്പോൾ വീടിനെ താങ്ങുന്ന ബീമിൽ കമ്പികൾ ചേർക്കാതിരിക്കുമോ ? സങ്കൽപ്പിക്കുവാൻ പോലും ആകാത്ത വിഡ്ഢിത്തമല്ലേ ? പ്രകൃതി അതൊരിക്കലും ചെയ്യില്ല. കണ്ണു തുറന്ന് നാമെല്ലാം നോക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്താണ് നമുക്ക് സംഭവിച്ചത് ? അവബോധമുണ്ടായിട്ടും നമുക്ക് എങ്ങനെ ഈ അബദ്ധം പിണഞ്ഞു?

അവബോധം ബുദ്ധിയാണെന്നും, ബുദ്ധി അവബോധമാണെന്നും നാമെല്ലാം തെറ്റിദ്ധരിച്ചു. യഥാർത്ഥ ബോധവും അവബോധവും മനസും ബുദ്ധിയും ഓർമ്മയും നമ്മെ സംബന്ധിച്ച് ഒന്നു തന്നെയാണ്. അങ്ങനെയല്ല എന്നു തെളിയി





*ങ്ങളിൽ സാക്ഷിത്വത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്*) അത് വളരെ ബുദ്ധിമുട്ടുള്ളതും അപകടം പിടിച്ചതുമാണ്. Risk എടുക്കാൻ ധൈര്യമുള്ളവനു മാത്രമെ അത്തരം ഒരു നീക്കം സാധ്യമാകുകയുള്ളൂ.

യഥാർത്ഥ ആത്മീയത വളരെ അപകടം പിടിച്ചതാണ്. അഹങ്കാരത്തിന്റെ ആത്മീയതയിലുള്ള പ്രാർത്ഥനകളും പൂജകളും തന്നെ മനുഷ്യർ പുരോഹിതന്മാരെ ഏൽപ്പിച്ച് മാറിനിൽക്കാൻ ശ്രമിക്കുകയാണ്. അത്തരത്തിലുള്ള സാധാരണ മനുഷ്യരോട് യഥാർത്ഥ ആത്മീയതയുടെ risk നെക്കുറിച്ച് പറഞ്ഞിട്ടു കാര്യമില്ല. ആത്മീയത എന്തു കൊണ്ടാണ് risk ആകുന്നത് ? പരമാനന്ദമായ ബോധത്തിലേക്ക് കടക്കാൻ എന്തു risk ആണുള്ളത് ? എന്ന് ചില യഥാർത്ഥ ആത്മീയ അന്വേഷകർ ചോദിച്ചേക്കാം.

എന്നാൽ ആളുകൾ ജീവിതത്തിൽ risk എടുക്കുന്നില്ലേ ? ഉണ്ട്, ധാരാളം സാഹസികർ ജീവിക്കുന്ന ലോകമാണിത്. ടിവി, സിനിമ, പത്രങ്ങൾ, മാസികകൾ ഇങ്ങനെയുള്ള മാദ്ധ്യമങ്ങളെല്ലാം ഈ സാഹസികതയുടെ വാർത്തകളും സംഭവങ്ങളും റിപ്പോർട്ട് ചെയ്താണ് പിടിച്ചു നിൽക്കുന്നത് തന്നെ. സാഹസികത risk തന്നെയാണ്. എന്നാൽ അത്തരം സാഹസങ്ങൾ ചെയ്യുന്നവന്റെ മുന്നിൽ നോട്ടുകെട്ടുകൾ തൂക്കി ഇട്ടിട്ടുണ്ടാകും. അല്ലെങ്കിൽ പ്രശസ്തി എന്ന blank ചെക്ക് ഉണ്ടാകും. അത് എപ്പോൾ വേണമെങ്കിലും ആവശ്യത്തിന് തുക എഴുതി പണമാക്കി മാറ്റാം. അത്തരം സാഹസികത ബോധത്തെ ഉയർത്താൻ പര്യാപ്തമല്ല. ആഗ്രഹങ്ങളുടെ അറിവില്ലായ്മയാണ് സാഹസം. മരണപ്പെട്ടാലും പണവും പ്രശസ്തിയും മതി എന്ന് വാശി പിടിക്കുന്ന ego ആണത്.

കൊട്ടാരത്തിലെ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ചു പോയ സിദ്ധാർത്ഥന്റെ ധൈര്യവും, പതിനാറാമത്തെ വയസ്സിൽ ജന്മനാടുപേക്ഷിച്ച് തിരുവണ്ണാമലയ്ക്കു പോയ രമണ മഹർഷിയുടെ ചങ്കൂറ്റവും വേണം. ഇതിനെ സാഹസം എന്നല്ല വിളിക്കേണ്ടത്. ബോധത്തിന്റെ തിരിച്ചറിവ് എന്നാണ്. ഇത്തരത്തിലുള്ള ധീരത കാണിക്കുന്നതിന് നോട്ടുകെട്ടുകളുടേയും, പ്രശസ്തിയുടേയും കാരണങ്ങൾ വേണ്ട, ആത്മാർപ്പണത്തിന്റെ നിഷ്ക്കാമ കർമ്മമാണ് അതിൽ. സ്വന്തം ആത്മാവിലുള്ള ഉറച്ച വിശ്വാസവും താനും മാത്രമേയുള്ളൂ. രണ്ടാമതൊരു വ്യക്തിയുടെ ഇടപെടലിന്റെ ആവശ്യം വരുന്നില്ല. മരണത്തെപ്പോലും വെല്ലുവിളിക്കുന്ന സാഹസികന് സാധ്യമല്ലാത്ത ധീരതയാണിത്. യഥാർത്ഥ ആത്മീയതയുടെ ഒരു നിയമമല്ല മേൽപറഞ്ഞത്. യഥാർത്ഥ ആത്മീയത എല്ലാം ഉപേക്ഷിക്കലോ, ഒന്നു സ്വീകരിച്ച് മറ്റൊന്നുപേക്ഷിക്കലോ അല്ല. ബോധത്തിന്റെ വെറും തിരിച്ചറിവാണത്. ജീവിതത്തോടുള്ള അസാധാരണമായ പ്രതിബദ്ധതയും, വ്യക്തത (clarity)യുമാണത്. സ്ഥല കാലങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ആത്മാവിന്റെ പൂർണ്ണ സ്വാതന്ത്ര്യമാണത്. രാഷ്ട്രീയ, സാമ്പത്തിക സ്വാതന്ത്ര്യമല്ല അത്, മനുഷ്യ ജന്മത്തിന്റെ അർത്ഥം കണ്ടെത്തുന്ന പൂർണ്ണ

വാനുള്ള അർഹതയില്ല. നരകിച്ച് തമ്മിൽ തല്ലി തലവെട്ടി ജീവിച്ചു മരിക്കാനാണ് വിധി. ഇതൊന്നുമില്ലെങ്കിൽ ആത്മഹത്യ.

പത്തു വർഷം കർമ്മത്തിന്റെ പ്രാരബ്ധത്തിൽ ജീവിതം തുലയ്ക്കുന്ന നാം, ഒരു മാസം യഥാർത്ഥ ആത്മാർത്ഥതയിൽ കർമ്മം അനുഷ്ഠിച്ചാൽ ബോധോദയത്തിന്റെ പരമാനന്ദത്തിലും സന്തോഷത്തിലും സമ്പന്നതയിലും ജീവിക്കാൻ കഴിയുമെന്ന് ബോധശാസ്ത്രം യുക്തികൾ നിരത്തി വ്യക്തമാക്കുമ്പോൾ അതു കേൾക്കുന്ന അഹങ്കാരം ഉടനെ ആർത്തിയോടെ ചോദിക്കും "എങ്ങനെ ? അതിന്റെ ടെക്നിക്ക് എനിക്കൊന്നു പറഞ്ഞു തരൂ, തീർച്ചയായും ഞാനത് പരിശീലിക്കാം. പരമാനന്ദവും സന്തോഷവും ഒന്നും ലഭിച്ചില്ലെങ്കിലും സമ്പന്നനാകാമല്ലോ." ദുരാഗ്രഹം എന്നും സ്വാർത്ഥത തന്നെയാണ്. സ്വാർത്ഥത, സ്വാർത്ഥതയ്ക്കു തന്നെ എതിരുമാണ്. ജീവിതവും, പരമാനന്ദവും, സന്തോഷവും ഒന്നും അഹങ്കാരത്തിന് ആവശ്യമില്ല. അതിനു പണം മാത്രം മതി. "എന്റെ ആവശ്യത്തിനുള്ളതും കൂടാതെ പത്ത് തലമുറയ്ക്കും കൂടി കഴിയാനാവശ്യമായ പണവും സമ്പാദിച്ചു കഴിഞ്ഞു. ഇനി പണം എനിക്കാവശ്യമില്ല" എന്നു പറഞ്ഞ ഏതെങ്കിലും ഒരു കോടീശ്വരൻ എവിടെയെങ്കിലും ഉള്ളതായി തെളിവുണ്ടോ ? ഉണ്ടാകാൻ വഴിയില്ല. കപിലവസ്തുവിലെ ഒരു രാജകുമാരനെ ചൂണ്ടിക്കാണിക്കാം. അസ്സീസ്സിയിലെ ഫ്രാൻസിസ് എന്ന സെന്റ് ഫ്രാൻസിസിനെ ചൂണ്ടിക്കാണിക്കാം. കൂടാതെ കുറച്ച് സെൻ സന്യാസിമാരെയും, സൂഫി മിസ്റ്റിക്കുകളേയും ചൂണ്ടിക്കാണിക്കാം. കോടാനു കോടി മനുഷ്യ ജന്മങ്ങളിൽ വിരലിൽ എണ്ണാവുന്ന കുറച്ചു മനുഷ്യർ. അവർ കാണിച്ചു തന്ന യഥാർത്ഥ ആത്മീയതയുടെ കർമ്മങ്ങളും ജീവിത രീതിയും കണ്ടു പഠിക്കാൻ നമുക്ക് ഇപ്പോഴുള്ള ബുദ്ധി മതിയാകുമെന്ന് തോന്നുന്നില്ല. അതീന്ദ്രിയ ശക്തികളും, ആഭിചാര പ്രക്രിയകളും, മന്ത്രവാദവും, ബ്ലാക്ക് മാജിക്കും, അത്ഭുതവും, ഹിപ്നോട്ടിസവും കൊണ്ട് പണം ഉണ്ടാക്കാൻ മാർഗ്ഗങ്ങളുണ്ടോ എന്ന് അന്വേഷിക്കുന്ന ഒരു തലമുറയോട് ആത്മാർപ്പണത്തിന്റെ കർമ്മത്തെക്കുറിച്ച് പറഞ്ഞിട്ടു കാര്യമില്ല. പക്ഷേ വളർന്നു വരുന്ന തലമുറ കാര്യങ്ങൾ തിരിച്ചറിയുമെന്ന് പ്രതീക്ഷിക്കാം.

നിഷ്കാമ കർമ്മമെന്ന് ഭഗവത്ഗീത പറയുന്ന ആത്മാർപ്പണത്തിന്റെ കർമ്മം ഒരു മാസം ചെയ്യുന്നതിന് അഞ്ചാറു വർഷത്തെ പ്രയത്നം ആവശ്യമാണ്. ഇവിടെയാണ് സ്വാർത്ഥത പരാജയപ്പെടുന്നത്. ഏറ്റവും കുറവു സമയം കൊണ്ട് പണം ഉണ്ടാക്കുന്ന മണിചെയിൻ, ഷെയർ മാർക്കറ്റ്, ഊഹക്കച്ചവടം, റിയൽ എസ്റ്റേറ്റ് പരിപാടികളൊന്നും ആത്മാർപ്പണത്തിന്റെ കർമ്മത്തിൽ വിലപ്പോകുകയില്ല. സാക്ഷാൽ ബോധം തന്നെയാണ് അതിൽ പ്രത്യക്ഷപ്പെടേണ്ടത്. യഥാർത്ഥ ബോധം ദൈവീകതയാണ്. മനസ്സിന്റെ അഹങ്കാരമാണ് അതിന്റെ ഏറ്റവും വലിയ തടസ്സം. മൃഗീയ വാസനകളിൽ ജനിച്ച മനുഷ്യന് ആ വാസനകളെല്ലാം സാക്ഷിത്വം എന്ന ടെക്നിക്ക് ഉപയോഗിച്ച് തള്ളേണ്ടതുണ്ട് (*ബോധശാസ്ത്രത്തിന്റെ മറ്റു പുസ്തക*





ക്കാൻ നമുക്ക് കഴിയില്ല. കാരണം ലോകത്തുള്ള ഒരു യൂണിവേഴ്സിറ്റിയിലും അവബോധത്തെക്കുറിച്ചോ ബോധത്തെക്കുറിച്ചോ മനസിന്റെ പ്രവർത്തനത്തെക്കുറിച്ചോ പഠിപ്പിക്കുന്ന ശാസ്ത്ര ശാഖകളില്ല. ബുദ്ധിയും ഓർമ്മയും ജീവശാസ്ത്രത്തെ സംബന്ധിച്ച് മസ്തിഷ്ക്കത്തിന്റെ ചില പ്രത്യേക കഴിവുകളാണ്. മനസിനെക്കുറിച്ച് മനഃശാസ്ത്രത്തിന് വ്യക്തമായി ഒന്നും പറയാനില്ല. വ്യത്യസ്ത മനസുകളുടെ വൈകൃത പ്രവർത്തനങ്ങളേക്കുറിച്ച് മാത്രമാണ് മനഃശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്. യഥാർത്ഥ ബോധവും അവബോധവും ലോകത്തിലെ ഏറ്റവും വലിയ വിഷയമാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്നാൽ അതു രണ്ടും ബുദ്ധിയുടെ ഭാഗങ്ങൾ തന്നെയാണെന്ന് മനുഷ്യൻ സങ്കൽപ്പിച്ചു കളഞ്ഞു. ബോധവും ബുദ്ധിയും രണ്ട് വ്യത്യസ്ത പ്രതിഭാസങ്ങളാണെന്ന് സ്ഥാപിക്കാൻ അവതരിപ്പിക്കപ്പെട്ട ശാസ്ത്രമാണ് ബോധശാസ്ത്രം.

യഥാർത്ഥ ബോധവും അവബോധവും മനസും ബുദ്ധിയും ഓർമ്മയുമെല്ലാം യുക്തിയുടെ പരിധി വിട്ട് അനുഭവങ്ങളുടെ തലത്തിൽ പഠിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു. യുക്തി ശാസ്ത്രമായിരിക്കാം എന്നാൽ ശാസ്ത്രം ജീവിതമല്ല. ശാസ്ത്രം ജീവിതത്തിന് കുറേ സൗകര്യങ്ങൾ നൽകിയേക്കാം. എന്നാൽ ജീവിതത്തെ അതിന് സ്പർശിക്കാൻ കഴിയില്ല. ഭംഗി, സ്നേഹം ഇവ എന്തെന്നു ചോദിച്ചാൽ ശാസ്ത്രം പരുങ്ങലിലാകും. സ്നേഹവും, ഭംഗിയും യുക്തിയുക്തമല്ല. അത് ഒരുവന്റെ ഉള്ളിൽ നിൽക്കുന്ന സുഖത്തിന്റേയും സന്തോഷത്തിന്റേയും അനുഭവങ്ങളാണ്. അനുഭവങ്ങളേക്കുറിച്ചു പഠിക്കാൻ ശാസ്ത്രത്തിനു കഴിയില്ല. കാരണം ശാസ്ത്രത്തിന്റെ അടിത്തറ യുക്തിയാണ്. എന്നാൽ ശാസ്ത്രത്തിന് ആധാരമായ യുക്തി എവിടെ നിന്നു വരുന്നുവെന്നു ചിന്തിക്കുവാൻ ശാസ്ത്രം കൂട്ടാക്കിയിട്ടില്ല. അതിനാൽ അത്തരം ഒരു വിഷയം ശാസ്ത്രവിഷയമായി ഉത്ഭവിച്ചിട്ടില്ല.

ഇത് നിസാരമായ ഒരു കുറവല്ല, മനുഷ്യനെ കൂട്ട ആത്മഹത്യയിലേയ്ക്ക് നയിച്ചു കൊണ്ടിരിക്കുന്ന ഒരു വലിയ കുറവാണിത്. ഈ കുറവ് പരിഹരിക്കേണ്ട കാലം കഴിഞ്ഞു. യഥാർത്ഥ ബോധം, അവബോധം ഇവയ്ക്ക് മനസുമായുള്ള ബന്ധം എന്ത് ? ഇവ എങ്ങനെ വ്യത്യസ്തങ്ങളായി നിലനിൽക്കുന്നു ? മനസിന്റെ ഘടന എന്ത് ? ബുദ്ധിക്കും ഓർമ്മയ്ക്കും മനസ്സുമായുള്ള ബന്ധമെന്താണ് ? ഇതെല്ലാം അനുഭവങ്ങളുടെ അറിവു കൊണ്ട് മനസ്സിലാക്കേണ്ട ഒരു ശാസ്ത്രം നമുക്കുണ്ടാകണം. അതിന്റെ തുടക്കമാണ് ബോധശാസ്ത്രം തുടങ്ങിവെയ്ക്കുന്നത്. അനുഭവങ്ങളെ വിശകലനം ചെയ്ത് ഒരു ശാസ്ത്രമുണ്ടാക്കുക എളുപ്പമല്ല. കാരണം നാമെല്ലാം വലിയ നുണയൻമാരാണ്. ഇല്ലാത്തത് ഉണ്ട് എന്നും ഉള്ളത് ഇല്ല എന്നും നാം ജീവിത കാലം മുഴുവനും പറഞ്ഞു കൊണ്ടിരിക്കും; കാരണം ജീവിതം ഒരു രഹസ്യമായി സൂക്ഷിക്കാൻ 'ആരോ' നമ്മെ പ്രേരിപ്പിക്കുന്നു. തെളിഞ്ഞതും നിഷ്കളങ്കവും തുറന്നതുമായ മനസോടെ ജനിക്കുന്ന ഒരു കുട്ടിയുടെ

മനസിനെ വികാരങ്ങൾ കൊണ്ട് കുത്തിയിളക്കിയും, ഭയത്തിനു വിധേയമാക്കിയും; തുറന്ന മനസ് അടച്ചു കളയുന്ന വിനോദം മാതാപിതാക്കൾ മുതൽ അങ്ങോട്ട് സമൂഹത്തിന്റെ എല്ലാ അറിവിന്റെ തലങ്ങളിലും ആവർത്തിക്കപ്പെടുന്നു. ഫലമോ? പ്രായപൂർത്തിയാകുന്നതോടെ ഒരു യുവാവ് അഥവാ യുവതി ഏറ്റവും നന്നായി ജീവിതം അഭിനയിക്കുകയും ഏറ്റവും നന്നായി നുണ പറയുകയും മൃഗീയത ചിന്തിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായി ജീവിതം തുടങ്ങുവാൻ കഴിവു നേടുന്നു. പാടാനുള്ള തൊണ്ടയിൽ കയറും ആടാനുള്ള കാലിൽ എല്ലാം തന്റേതാകണമെന്ന (possessiveness) സ്വാർത്ഥതയുടെ ചങ്ങലയും ഇടുന്നു. ചിരിക്കാൻ മദ്യവും, മയക്കുമരുന്നും, പൊന്നും, പണവും വേണ്ടി വരുന്നു. അപ്പോൾ നടക്കുന്ന ആട്ടവും, പാട്ടും, പൊട്ടിച്ചിരിയും പൈശാചികമായി പോകുന്നു. ആ പൈശാചികത വളർന്ന് വളർന്ന് മനുഷ്യ സമൂഹത്തെ ഒരു വലിയ പൊട്ടിത്തെറിയുടെ വക്കിലെത്തിച്ചിരിക്കുന്നു. മനുഷ്യബുദ്ധിക്ക് അവബോധം തിരിച്ചറിവായി നൽകിയ പ്രകൃതിക്ക് അബദ്ധം പറ്റിയെങ്കിൽ അത് തിരുത്താൻ പ്രകൃതിയ്ക്കു തന്നെ കഴിയുമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. മറ്റു ജീവജാലങ്ങൾക്കു നൽകാതെ, സമ്മാനമായി, ദാനമായി, അവബോധം എന്ന ദൈവീക ഗുണം മനുഷ്യനു നൽകിയെങ്കിൽ അതു തിരിച്ചറിയേണ്ട ബാധ്യത മനുഷ്യനാണ്. അതു തിരിച്ചറിയാനുള്ള ബുദ്ധി നാം വികസിപ്പിച്ചില്ലെങ്കിൽ അടുത്ത സാദ്ധ്യതയ്ക്ക് (possibility) വേണ്ടി മനുഷ്യ സമൂഹത്തെ ഈ ഭൂമിയിൽ നിന്ന് തുടച്ചു നീക്കാൻ അവബോധം നൽകിയ 'ശക്തി'യ്ക്കു തന്നെ കഴിയുമെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

തുടക്കത്തിൽ സൂചിപ്പിച്ച തവളയുടെ അവസാനത്തെ വാക്ക് വലിയൊരു തത്വശാസ്ത്രമാണ്. അത് വളരെ നൂതനവുമാണ്. നാം പഠിച്ചു വളർന്ന ഒരു സംസ്ക്കാരത്തിന്റെ തത്വമല്ല അത്. "എന്റെ നന്മ എന്നെയും, നിന്റെ തിന്മ നിന്നേയും നശിപ്പിച്ചിരിക്കുന്നു." ഈ ജീവിത യാഥാർത്ഥ്യത്തിന്റെ പൊരുൾ എന്താണ് എന്നാണ് ബോധശാസ്ത്രം വിശകലനം ചെയ്യുന്നത്. ഇന്നു നിലവിലുള്ള ഒരു തത്വസംഹിതയ്ക്കും മേൽപറഞ്ഞ അവസ്ഥ ശരിയായ രീതിയിൽ വിശദീകരിക്കാൻ കഴിയില്ല. യുക്തിയുക്തമായ അനുഭവ യാഥാർത്ഥ്യമാണ് ഈ വാചകത്തിൽ അടങ്ങിയിരിക്കുന്നത്. അത് നിഷേധിക്കുവാനും കഴിയില്ല. യുക്തിയെ യുക്തി കൊണ്ട് തന്നെ നിഷേധിക്കാം, അതിനെയാണ് നാം വാഗ്വാദം (argument) എന്നു പറയുന്നത്. കോടതിയിൽ ഒരു വക്കീൽ നിരപരാധിയെ അപരാധിയും, അപരാധിയെ നിരപരാധിയും ആക്കുന്നത് ഇത്തരം വാഗ്വാദത്തിലൂടെയാണ്. സമർത്ഥനായ വക്കീലിന് ഇത് നിഷ്പ്രയാസം കഴിയും. എന്നാൽ ഒരുവന്റെ ആന്തരിക അനുഭവത്തെ സത്യസന്ധമായി വിശകലനം ചെയ്യാൻ ഒരുവൻ പഠിച്ചാൽ മേൽ പറഞ്ഞ തവളയുടെ അവസാന വാചകത്തിന്റെ പൊരുൾ





നാം നിത്യവും പരിശീലിക്കണം. അതിന്റെ പരിശീലനത്തിൽ നമ്മുടെ ശത്രു മറ്റുള്ളവരല്ല, മറിച്ച് നമ്മുടെ ജന്മവാസനകൾ തന്നെയാണ്. എന്താണ് കർമ്മത്തിൽ മായം ചേർക്കുന്ന നമ്മുടെ ജന്മവാസന? നാം ജന്മനാ ആത്മാർത്ഥതയില്ലാത്തവരാണ്. ആത്മാവിന്റെ അർപ്പണമാണ് യഥാർത്ഥ ആത്മാർത്ഥത. പക്ഷേ ആത്മാവിനെ എവിടെ, എങ്ങനെ, എന്തിനുവേണ്ടി അർപ്പിക്കണമെന്ന് നമ്മെ ആരും പഠിപ്പിച്ചിട്ടില്ല. മതമായാലും, സമൂഹമായാലും നമ്മുടെ മൃഗീയവാസനകൾ മറ്റുള്ളവർക്ക് ദോഷകരമാകാതിരിക്കാൻ മാത്രമാണ് നിർദ്ദേശിക്കുന്നത്. അത്തരം നിർദ്ദേശവും, അച്ചടക്കവും പാലിക്കുന്നത് കൊണ്ട് കുറേ പേർക്ക് ഒരുവിധം സമാധാനപരമായി ജീവിക്കാമെന്നല്ലാതെ ആരും തന്നെ ബോധോദയത്തിന്റെ പരമാനന്ദത്തിലേയ്ക്ക് ഉയരുകയില്ലല്ലോ? അപ്പോൾ സമൂഹത്തിന് ആത്മാർപ്പണം പഠിപ്പിക്കേണ്ട ബാദ്ധ്യതയുമില്ല.

എല്ലാ മനുഷ്യരും കർമ്മങ്ങൾ ചെയ്യുന്നത് രണ്ടു കാര്യങ്ങൾക്കു വേണ്ടിയാണ്. ഒന്ന് പണം, രണ്ട് മോക്ഷം. മോക്ഷം എന്താണെന്ന് അറിയാത്തതു കൊണ്ട് ഫലത്തിൽ മോക്ഷത്തിലേക്കുള്ള സേവനവും പണത്തിൽ തന്നെയാണ് അവസാനിക്കുന്നത്. അതു കൊണ്ടാണ് സമൂഹത്തിൽ സേവനം ചെയ്യാൻ ഇറങ്ങിപ്പുറപ്പെടുന്ന മനുഷ്യദൈവങ്ങളും അവരുടെ ശിഷ്യന്മാരുമൊക്കെ കോടീശ്വരൻമാരായി സമ്പന്നതയിൽ ജീവിച്ച് സേവനം ചെയ്യുന്നത്. സമൂഹവും സർക്കാരും ഒരുപാട് ആനുകൂല്യങ്ങളും ഇതിന്റെയൊക്കെ പേരിൽ നൽകുന്നുമുണ്ട്.

ചുരുക്കത്തിൽ നടക്കാൻ മടിയനായ കഴുതയുടെ മുന്നിൽ, പുല്ല് വടിയിൽ കെട്ടിത്തൂക്കി ഇടുന്നതു പോലെ പണം കാണിച്ചാൽ മാത്രമെ നമുക്കെല്ലാം കർമ്മവും കർമ്മത്തിൽ ആത്മാർത്ഥതയും വരുകയുള്ളൂ. ശരീരം മുഴുവൻ ചലിക്കുന്ന കോശങ്ങൾ കൊണ്ട് നിർമ്മിക്കപ്പെടുകയും, ചലിക്കാൻ പണം എന്ന ഒരു ബാഹ്യപ്രലോഭനം ഉണ്ടാകുകയും ചെയ്യണം എന്നു വന്നാൽ ജീവിതം എടുത്താൽ പൊങ്ങാത്ത ഒരു ഭാരമായി മാറിപ്പോകും. സമൂഹത്തിൽ പല മനുഷ്യരുടെ കൈകളിലായി ചിതറിക്കിടക്കുന്ന പണം ഓരോരുത്തരും തന്റെ കൈകളിൽ സ്വരുക്കൂട്ടാൻ ശ്രമിച്ചാൽ ആരും തന്നെ അത് സമ്മതിച്ചു തരുകയില്ല. അപ്പോൾ അവിടെ തെമ്മാടിത്തവും, റൗഡിസവും, പിടിച്ചുപറിയും, ചതിയും വഞ്ചനയും, കരിഞ്ചന്തയുമൊക്കെ ഉണ്ടാകും. എന്നാൽ ഇതൊന്നുമില്ലാതെ, കൈ നനയാതെ മീൻ പിടിക്കുന്ന ഒരു വിദ്യ ബുദ്ധിമാന്മാരായ ഒരു കൂട്ടം ആളുകൾ കണ്ടെത്തി. അതാണ് നാം എല്ലാം ഇന്ന് അകപ്പെട്ടിരിക്കുന്ന ആത്മീയത. കർമ്മം ചെയ്യാൻ മടിയനായ അഹങ്കാരം, കർമ്മം ചെയ്യാതെയും, മുടക്കു മുതൽ ഇല്ലാതെയും പണമുണ്ടാക്കുന്ന സൂത്രമാണ് ഇന്നത്തെ ആത്മീയത. ഇതാരുടേയും കുറ്റമല്ല. സ്വാർത്ഥതയ്ക്കു തിരിച്ചറിവുള്ള ബുദ്ധി ലഭിച്ചാൽ ഇങ്ങനെ അല്ലാതെ മറ്റൊരു രീതിയിൽ അതിനു ചിന്തിക്കാൻ കഴിയില്ല. കാരണം നാം, മനുഷ്യർ വെറും ഡമ്മികളാണ്. അഹങ്കാരത്തിന്റെ ചരടുവലിയിൽ ആടുന്ന വെറും പാവകൾ. നമുക്ക് ബോധോദയത്തിന്റെ പരമാനന്ദം ലഭിക്കു

യുക്തിയുടെ അഭാവത്തിൽ പ്രവർത്തിക്കുന്ന അധമബോധം ശാസ്ത്രത്തിന് എന്നും അപ്രാപ്യമായിരുന്നു. അനുഭവങ്ങളുടെ വൈവിധ്യത്തിലും, ഹിപ്നോസിസിലൂടെ യുമാണ് ഈ ആത്മീയ ശക്തി ഇന്നും പിടിച്ചു നിൽക്കുന്നത്. യഥാർത്ഥ ആത്മീയ അനുഭവങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാനുള്ള ഒരു ശാസ്ത്രം മനുഷ്യർ ഇതുവരെ വികസിപ്പിച്ചിട്ടില്ല. മിസ്റ്റിസിസമെന്ന പേരിൽ അത് ശാസ്ത്രത്തിന്റെ പരിവേഷമണിഞ്ഞു നിലനിന്നു എന്നു മാത്രം. അതിൽ നിന്നു ഉരുത്തിരിഞ്ഞുവന്ന മെറ്റാഫിസിക്സ് യുക്തിയുടെ അഭാവം കൊണ്ടുതന്നെ പരാജയപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് മുടക്കുമുതൽ ഇല്ലാതെ ആത്മീയ ഭസ്മാസുരന്മാർ കോടികൾ വാരിക്കൂട്ടിയത്.

ആത്മീയനായി ജനിച്ച മനുഷ്യനെ ആത്മീയതയുടെ തിരിച്ചറിവു തന്നെ ആത്മീയ അഹങ്കാരത്തിൽ എത്തിച്ചാൽ നാം ആരെ കുറ്റപ്പെടുത്താനാണ്. നാം ഓരോരുത്തരുമാണ് ആ കുറ്റം ഏറ്റെടുക്കേണ്ടത്. കുറ്റം ഒളിച്ചു പിടിക്കാൻ എന്തിനും ഏതിനും നാം മറ്റുള്ളവരേയും അവരുടെ തത്വശാസ്ത്രങ്ങളേയും മതങ്ങളേയും കുറ്റപ്പെടുത്തുന്നു. അങ്ങനെ എല്ലാവരും പരസ്പരം കുറ്റപ്പെടുത്തിയാൽ ആര് ആരെ ബോധോദയത്തിലേയ്ക്ക് നയിക്കും?

അപ്പോൾ നാമെല്ലാം ഭൗതികതയുടെയും ആത്മീയതയുടെയും ഡമ്മികളാണ്. അഹങ്കാരം എന്ന അറിവില്ലായ്മ വാസനകളിലൂടെ വികാരങ്ങൾ സൃഷ്ടിച്ച് ആ വികാരങ്ങളുടെ താളത്തിൽ നൃത്തം ചവിട്ടുന്ന വെറും പാവക്കൂത്തിലെ പാവകളാണ് നാമെല്ലാം എന്ന് അറിയണമെങ്കിൽ, സ്വന്തം ജീവിതത്തിൽ നിയന്ത്രണമില്ലാതെ വരുന്ന വികാരങ്ങളും അതു നൽകുന്ന പ്രശ്നങ്ങളേയും, വേദനകളേയും, ദുരിതങ്ങളേയും, ദുരന്തങ്ങളേയും സൂക്ഷിച്ചൊന്നു നോക്കിയാൽ മതി. അങ്ങനെ സ്വന്തം മനസ്സിലേയ്ക്കു നോക്കുവാൻ മാതാപിതാക്കളും, സമൂഹവും, വിദ്യാഭ്യാസരീതികളും നമ്മെ പഠിപ്പിച്ചിട്ടില്ല എന്നത് സത്യമാണ്. നമുക്ക് ഇങ്ങനെയൊക്കെ ജീവിച്ചാൽ മതിയെന്നാണെങ്കിൽ ആർക്കും ആരേയും കുറ്റപ്പെടുത്താൻ കഴിയില്ല. ആത്മീയതയെ മതപ്രഭാഷണമെന്ന വാചകമടിയായും, ഉത്സവങ്ങളായും, ആഘോഷങ്ങളായും, പബ്ലിക്ക്റോഡിന്റെ നടുവിൽ കിടന്ന് ആടാം, പാടാം, തിമിർക്കാം; പക്ഷേ തകിലിന്റെ താളവും, ബാന്റും മേളവും, കൊട്ടും കുരവയും മദ്യവും വേണമെന്നു മാത്രമേയുള്ളൂ. പക്ഷേ ജീവിതം ജനനം മുതൽ മരണം വരെ ദുഃഖവും ദുരിതവുമായിരിക്കുമെന്ന് മനസിലാക്കിയാൽ മതി.

യഥാർത്ഥ ആത്മീയത നമ്മുടെ ജീവിതം തന്നെയാണ്. ജീവിതത്തിന്റെ വൈപുല്യത്തിൽ, അതിന്റെ തിരഞ്ഞെടുപ്പിൽ നമുക്കു ലഭിക്കുന്ന 'റോൾ' എന്താണോ അതിൽ നിന്നു കൊണ്ട് പൂർണ്ണ ആത്മാർത്ഥതയോടെ കർമ്മങ്ങൾ ചെയ്താൽ അതാണ് ഏറ്റവും വലിയ ആത്മീയത. യഥാർത്ഥ ആത്മീയത ബോധോദയത്തിലേക്കാണ് നമ്മെ നയിക്കുക. കർമ്മത്തിൽ അകർമ്മവും അകർമ്മത്തിൽ കർമ്മവും



ബോധശാസ്ത്രം

പിടികിട്ടും. ബോധശാസ്ത്രം അത്തരമൊരു തിരിച്ചറിവാണ് വികസിപ്പിക്കുവാൻ ശ്രമിക്കുന്നത്.

ബുദ്ധിയും അവബോധവും ഒന്നല്ല അവ രണ്ടു വ്യത്യസ്ത ഏകകങ്ങളാണ് (Entities)എന്ന് ബോധശാസ്ത്രം തെളിവുകൾ നിരത്തി ബോധ്യപ്പെടുത്തുന്നു. സ്വന്തം അനുഭവങ്ങളെ സത്യസന്ധമായി തിരിച്ചറിയാൻ കഴിവുള്ള ഒരുവന് അതു മനസിലാക്കാൻ കഴിയും. എന്നാൽ താൻ എങ്ങനെ ? എവിടെ? സത്യസന്ധനാകണമെന്ന് ആർക്കും അറിയില്ല. യഥാർത്ഥ സത്യസന്ധത ജീവിതത്തെ ബാധിക്കുമെന്ന് നാമെല്ലാം ഭയപ്പെടുന്നു. ആപേക്ഷിക സത്യം മാത്രം പറഞ്ഞ് ശീലിച്ച നമുക്ക് ആത്മാർത്ഥ സത്യം പറയാൻ ഭയമാണ്. അതിനാൽ നമുക്ക് അഭിനയിക്കേണ്ടി വരുന്നു. അഭിനയിക്കാൻ വേഷങ്ങൾ വേണം. അത്തരം വേഷങ്ങളാണ് അച്ഛൻ, അമ്മ, മകൾ, മകൻ, മരുമകൻ, അമ്മായി അമ്മ, അമ്മാവൻ, അമ്മായി അങ്ങനെ പോകുന്നു ഓരോ കഥാപാത്രങ്ങളുടെയും പേരുകൾ. ഒരേ ഒരു ജീവിതത്തിൽ എത്ര കഥാപാത്രങ്ങളുടെ വേഷമാണ് ഒരു മനുഷ്യന് ഇടേണ്ടി വരുന്നത്. ഒരു പുരുഷൻ മകനാകുന്നു, അമ്മാവനാകുന്നു, അച്ഛനാകുന്നു, മരുമകനാകുന്നു, അവസാനം അപ്പൂപ്പനായി എല്ലാവരാലും തള്ളപ്പെട്ട് അനാഥനായി മരിക്കുന്നു. ഇതാണ് അഭിനയത്തിന്റെ അന്ത്യം. യഥാർത്ഥ സത്യത്തെ മറച്ചു പിടിക്കുന്നതിന്റെ ദാരുണമായ പരിണാമമാണിത്.

തിരിച്ചറിവെന്ന അവബോധം (Awareness) മനുഷ്യന്റെ ജീവിതത്തിലുണ്ടാക്കുന്ന പൊല്ലാപ്പുകൾ കുറച്ചൊന്നുമല്ല. മൃഗങ്ങളിൽ ഒട്ടും തന്നെ കാണാത്ത ഭ്രാന്ത്, ആത്മഹത്യ, കൊലപാതകം, ബലാൽസംഗം, സ്വവർഗ്ഗ രതി ഇതെല്ലാം തിരിച്ചറിവെന്ന അവബോധം ബുദ്ധിയുമായി link ചെയ്തു നിൽക്കുന്നതിന്റെ തകരാറുകളാണെന്നു മനസ്സിലാക്കുക. ഈ അവബോധത്തെ ബുദ്ധി ഉപയോഗിച്ച് ഒന്നുകൂടി അറിയാൻ ശ്രമിക്കുന്ന ശാസ്ത്രമാണ് ബോധശാസ്ത്രം. അങ്ങനെ തിരിച്ചറിവിനെ തന്നെ തിരിച്ചറിയുമ്പോൾ പ്രകൃതി നൽകിയ അവബോധമെന്ന സമ്മാനത്തിന്റെ വില എന്തെന്നു നമുക്കു പിടികിട്ടും. പാട്ടും, നൃത്തവും, പൊട്ടിച്ചിരിയും സഹജവാസനയായി മനസിൽ നിലനിൽക്കാൻ തുടങ്ങും. ആരേയും ഒന്നിനേയും ഭയപ്പെടാതെ, സ്വന്തം അദ്ധ്വാനഫലത്തിൽ നിന്ന് മാത്രം ഭക്ഷിക്കുകയും തന്റെ നിലനിൽപ്പിന്റെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്നവ അത് ഇല്ലാത്തവന് പങ്കുവയ്ക്കുകയും ചെയ്യുന്ന ജീവിതം; സ്വർഗ്ഗീയ സന്തോഷത്തിലും സമാധാനത്തിലും ജീവിച്ച്, മരണത്തെ ഭയപ്പെടാതെ ഒരു ആഘോഷമായി സ്വീകരിച്ച്, ജീവൻമുക്തി എന്ന മനുഷ്യജന്മത്തിന്റെ പരമമായ ലക്ഷ്യത്തിലേയ്ക്ക് സന്തോഷത്തോടെ കടന്നുചെല്ലുന്ന വെറും സാധാരണ മനുഷ്യനായി(human being) തീരാമെന്നുള്ളതാണ് ബോധശാസ്ത്ര പഠനത്തിന്റെ ഏറ്റവും വലിയ വാഗ്ദാനവും, അതു നൽകുന്ന പ്രതീക്ഷയും.

അച്ഛൻ, അമ്മ, മകൾ പോലുള്ള വേഷങ്ങൾ നമുക്കാവശ്യമില്ല. മനുഷ്യനായി ജനിക്കുന്നു, മനുഷ്യത്വത്തിലേയ്ക്കു വളരുന്നു. ഉദാത്തമായ സ്നേഹത്തിന്റെ സാധാരണ മനുഷ്യനായി മരിക്കുന്നു. ഒരു പേരോ, അഡ്രസ്സോ, കുടുംബനാമങ്ങളോ അത്തരം ഒരു മനുഷ്യനെ സൂചിപ്പിക്കാൻ ആവശ്യമില്ല. സമൂഹജീവിതത്തിന്റെ ഭാഗമായി അതെല്ലാം ആകാം, അത്രമാത്രം. അതിനപ്പുറത്തേയ്ക്ക് അത് പോകാൻ പാടില്ല. നാമങ്ങളെ പൂജിക്കുന്നതും, പൂജിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നതും തെറ്റാണ്. മരണശേഷം പ്രതിമകളും, കല്ലറകളും, മഹാത്മ എന്ന പേരും നമുക്കാവശ്യമില്ല. ശൂന്യതയിൽ നിന്ന് വന്ന് ശൂന്യതയിലേയ്ക്കു പോകുന്ന മനുഷ്യന് ഒരു നാമമുണ്ടെങ്കിൽ അത് വ്യർത്ഥമല്ലേ ? നാമങ്ങൾ നാം ആഗ്രഹിക്കുന്നത് അംഗീകാരത്തിനു വേണ്ടിയാണ്, അല്ലാതെ സർക്കാർ രേഖകളിൽ തിരിച്ചറിയാനല്ല. തിരിച്ചറിയാൻ ഒരു നമ്പറു മാത്രം പോരേ ? ഇപ്പോഴുള്ള തിരിച്ചറിയൽ കാർഡിൽ നാം നമ്പറല്ലേ കൂടുതലായി ഉപയോഗിക്കുന്നത് ? അംഗീകാരദാഹമാണ് അവബോധം മനുഷ്യ ബുദ്ധിയുമായി link ചെയ്തപ്പോൾ മനുഷ്യനു സംഭവിച്ച ഏറ്റവും വലിയ ദുരന്തം. സെക്കന്റുകൾ കൊണ്ട് രണ്ടു ലക്ഷം പേരെ വെന്തു വെണ്ണീറാക്കിയ ആറ്റം ബോംബ് പൊട്ടാൻ കാരണം ഈ അംഗീകാരമെന്ന പിശാചിന്റെ പ്രവർത്തനം കൊണ്ടാണ്. അതിൽ ബുദ്ധിമാന്മാരായ ശാസ്ത്രജ്ഞർ പോലും ഇരയാകുന്നതിന്റെ സാംഗത്യം മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടാണ്. ലോകത്തിലെ പ്രഗൽഭരായ ശാസ്ത്രജ്ഞന്മാരെല്ലാം വലിയ മനുഷ്യസ്നേഹികളായിരുന്നു എന്ന് ചരിത്രം ചൂണ്ടിക്കാണിക്കുന്നു. എന്നിട്ടും എന്തേ അവരെല്ലാം വലിയ അപരാധങ്ങൾക്കു കൂട്ടുനിന്നു ? ഉത്തരം ലളിതമാണ്, അംഗീകാരം. മരണശേഷം ഒരു പേര് ഓർമ്മിക്കുന്നതിൽ ഒന്നുമില്ല. എന്നാൽ ഒന്നുമില്ല എന്ന് അംഗീകരിക്കാൻ നമ്മുടെ ബുദ്ധിക്കു കഴിയില്ല. കാരണം അത് അഹങ്കാരമാണ്, അത് നിലനിൽക്കുന്നത് അംഗീകാരമെന്ന 'പ്രാണവായുവിലാണ്'. അംഗീകാരമെന്ന പ്രാണവായു കിട്ടിയില്ലെങ്കിൽ അഹങ്കാരം (ego) ചത്തു പോകും. ആയിരക്കണക്കിനു മനുഷ്യരെ കൊന്നൊടുക്കിയ TNT എന്ന വെടിമരുന്നു കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ വാരിക്കൂട്ടിയ അംഗീകാരത്തിന്റെ 'ചെക്കുകൾ' മാറിക്കിട്ടിയ കോടിക്കണക്കിനു രൂപയുടെ പലിശ, നോബൽ സമ്മാനമായി ലഭിക്കുന്നത് വായിൽ വെള്ളമൂറി ആർത്തിയോടെ കാത്തു നിൽക്കുന്ന അംഗീകാരത്തിന്റെ വക്താക്കളെ ഇന്നും ലോകത്തു കാണാം. ലക്ഷക്കണക്കിനു മനുഷ്യരുടെ രക്തം കണ്ട് മനംനൊന്ത്, മനുഷ്യരാശിയെ ഒറ്റിക്കൊടുത്തു വാങ്ങിയ അംഗീകാരത്തിന്റെ വെള്ളിക്കാശ് വലിച്ചെറിഞ്ഞതിന്റെ പങ്കു പറ്റാൻ, ഇപ്പോൾ അതേ അംഗീകാരം ആർത്തിയോടെ കാത്തു നിൽക്കുന്ന രംഗമാണ് ലോകത്ത് കാണുന്നത്. മനുഷ്യമാംസത്തിന്റെ കത്തിക്കരിഞ്ഞ ദുർഗന്ധം തങ്ങി നിൽക്കുന്ന ആ സമ്മാനം വേണ്ട എന്നു പറയാൻ അവബോധം തിരിച്ചറിവായി നിൽക്കുന്ന ഒരു ബുദ്ധിമാനു





ത്തിന്റെ ആത്മീയ അഹങ്കാരം എത്തി നിൽക്കുന്നത്. റോഡിൽ തെണ്ടിത്തിരിഞ്ഞു നടക്കുന്ന ഒരു തെണ്ടി മുതൽ ലോകത്തെ ഭരിക്കുന്ന ഏറ്റവും ശക്തനായ ഭരണാധികാരിയുടെ മനസിൽ വരെ ഏതു സെക്കന്റിലും പ്രവർത്തിക്കാൻ കഴിയുന്ന അധമബോധമാണ് ഈ ആത്മീയ അഹങ്കാരം. അത് ദേശകാലങ്ങൾക്കതീതമാണ്. അതിന് 'ജീവനുണ്ട്' അത് ഒരു വലിയ ശക്തിയാണ്. പക്ഷേ അത് പുറത്തു നിന്നു വരുന്ന ഒരു ശക്തിയല്ല. ഭൂതപ്രേത പിശാചുക്കൾ പുറത്ത് ഇരുട്ടിൽ നിൽക്കുന്നുണ്ട്, അത് ഏതു നിമിഷവും നിങ്ങളെ പിടികൂടും എന്നാണ് ബുദ്ധി കുറഞ്ഞതും കട്ടിയില്ലാത്തതുമായ മനസുള്ള മനുഷ്യരെ ഈ അധമ ബോധം ബോധ്യപ്പെടുത്തുന്നത്. എന്നാൽ ഇത് ആരും അറിയുന്നില്ല.

അവിടം കൊണ്ടും ആ നുണ നിൽക്കുന്നില്ല. ഈ ഭൂത പ്രേത പിശാചുക്കളുടെ ആക്രമണങ്ങളാണ് നിങ്ങളുടെ രോഗവും, പ്രാരബ്ധങ്ങളും, ദുഃഖവും, ദുരന്തങ്ങളും എന്നു കൂടി പഠിപ്പിക്കപ്പെടുന്നു. അതിന് ആത്മീയഅഹങ്കാരത്തിൽ പ്രതിവിധിയുണ്ട്. പണം മുടക്കണമെന്നേയുള്ളൂ. ഐ.എ.എസുകാരുൾപ്പെടെയുള്ള ഒരു സമൂഹത്തിലെ ഏറ്റവും ബുദ്ധി കൂടിയ മനുഷ്യർ പോലും രഹസ്യമായി ഈ പ്രതിവിധികൾക്ക് പിന്നാലെ പോകുന്നത് ഒരു തരത്തിലും വിശദീകരിക്കാനാവാത്ത പ്രതിഭാസമാണ്. അപ്പോൾ മുതൽമുടക്കില്ലാതെ കോടികൾ വരുന്ന വഴി നമുക്ക് എളുപ്പത്തിൽ ഊഹിക്കാം. മനുഷ്യ മനസുകളുടെ ആന്തരികതയുടെ ഇരുട്ടിലൂടെ മാത്രം വരാൻ കഴിയുന്ന കൊലപാതകിയായ ആത്മീയ അഹങ്കാരമെന്ന ഭസ്മാസുരൻ പതിനായിരക്കണക്കിന് പിശാചുക്കളുടേയും, ഭൂത പ്രേതാദികളുടേയും ശക്തി സംഭരിച്ച് ലോകത്തിന്റെ അന്തകനായി നിൽക്കുന്നത് നമുക്ക് കണ്ടെത്താൻ കഴിയുന്നില്ല.

ബോധശാസ്ത്രം തെളിവുകൾ നിരത്തി യുക്തിയുക്തമായി ആത്മീയ അഹങ്കാരമെന്ന കൊലപാതകിയെ വെളിച്ചത്തു കൊണ്ടു വരുന്നു. ഈ ഭസ്മാസുരന്റെ ഏറ്റവും വലിയ പ്രത്യേകത 'വെളിച്ചത്തിൽ' വരാനുള്ള കഴിവില്ല എന്നതാണ്. ഇരുട്ടിൽ കൂടിയും രഹസ്യങ്ങളിൽ കൂടിയും മാത്രമേ ഇതു വളരുകയും പ്രവർത്തിക്കുകയും ചെയ്യുകയുള്ളൂ. കൂട്ടക്കൊല, ആത്മഹത്യ ഇതു രണ്ടുമാണ് ഈ അസുരന്റെ പ്രവർത്തന ശൈലി. അതിന് അസുരൻ കണ്ടു പിടിച്ച ഏറ്റവും സുരക്ഷിതമായ സ്ഥലം മനുഷ്യ മനസും, പ്രവർത്തന ശക്തി ആത്മീയ അഹങ്കാരത്തിലെ യുക്തിയുമാണ്.

മനുഷ്യ ദൈവങ്ങളെന്നു വിളിക്കുന്ന ചില അസാധാരണ മനുഷ്യരാണ് ഈ ഭസ്മാസുരനെ ഭൂമിയിൽ നിലനിർത്തുന്നത്. തിന്മയെ ആപേക്ഷിക നന്മയുടെ ആവരണം കൊണ്ട് പൊതിഞ്ഞ് നിറഞ്ഞ പുഞ്ചിരിയും, കൂപ്പിയ കൈകളുമായാണ് ഇവർ സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നത്. മനുഷ്യർ ഭൂമിയിൽ പ്രത്യക്ഷപ്പെട്ട കാലം മുതലേ ഇവർ പല വേഷത്തിലും ഭാവത്തിലും ഉണ്ടായിരുന്നു. അവരെക്കുറിച്ച് പഠിക്കാൻ ഒരു ശാസ്ത്രം ഇല്ലാതെ പോയതാണ് അവർ ഇന്നും നിലനിൽക്കാൻ കാരണം.

ങ്ങളേയും ലോകം ഇന്നും അർത്ഥമറിയാത്ത നിധി പോലെ മനസിൽ കാത്തു സൂക്ഷിക്കുന്നു. അർത്ഥമറിയാതിരുന്നിട്ടും അത് നിധി പോലെ കുറേപേർ ഹൃദയത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും അത് ഭ്രാന്താകാൻ വഴിയില്ല. പരമാനന്ദത്തിന്റെ ഉന്മാദത്തെ താങ്ങാനാവാത്ത അവസ്ഥ മാത്രമായിരുന്നു അത്. അതൊരിക്കലും ഹിംസയിലേക്കോ അരാജകത്വത്തിലേയ്ക്കോ പോയിട്ടില്ല. ഒരിക്കലും പോകുകയുമില്ല. പക്ഷെ അഹങ്കാരം ഇവരെയെല്ലാം വല്ലാതെ ഭയപ്പെട്ടിരുന്നതായി കാണാം. കാരണം യഥാർത്ഥ സന്തോഷത്തെ താങ്ങാനുള്ള കഴിവ് അഹങ്കാരത്തിനില്ല. എന്നാൽ ആത്മീയത മനുഷ്യന്റെ ജന്മവാസനയല്ലേ ? അതു തന്നെയല്ലേ അറിവില്ലായ്മയിൽ 'ഞാൻ'എന്ന അഹങ്കാരമായി 600 കോടിയിൽപരം ശരീരത്തിൽ നിലനിൽക്കുന്നത് ? അപ്പോൾ അഹങ്കാരത്തിനു മാത്രമായി ഒരു ആത്മീയത വേണം. അതിനെ ബോധശാസ്ത്രം വിളിക്കുന്നത് ആത്മീയ അഹങ്കാര (spiritual ego)മെന്നാണ്. ഭൗതിക അഹങ്കാരം ജീവിതമാണെങ്കിൽ ആത്മീയ അഹങ്കാരം പ്രാർത്ഥനാലയങ്ങളുടെയും മതതത്വശാസ്ത്രങ്ങളുടേയും പേരിലുള്ള മത്സരമാണ്. ആരുടെ മതമാണ് ശ്രേഷ്ഠം? വാഗ്വാദങ്ങളും, പബ്ലിക് ചർച്ചാവേദികളും, രോഗശാന്തി ശുശ്രൂഷാ കേന്ദ്രങ്ങളും അന്താരാഷ്ട്ര മതസമ്മേളനങ്ങളും വിളിച്ചു കൂട്ടി ആത്മീയ അഹങ്കാരം ആർത്തട്ടഹസിക്കുന്നു. ആരുടെ മതമാണ് യഥാർത്ഥമായുള്ളത് ? അതിന്റെ പേരിൽ നിരപരാധികളായ പുരുഷൻമാർ തെരുവിൽ മരിച്ചു വീഴുന്നു. സ്ത്രീകൾ മാനഭംഗത്തിനിരയാകുന്നു. കുട്ടികൾ അനാഥരാകുന്നു. **അതും, ആത്മീയ അഹങ്കാരം മോക്ഷത്തിന്റെ മാർഗ്ഗമായി സ്വീകരിച്ചു**. നോക്കുക, ആത്മീയ അഹങ്കാരത്തിന്റെ പോക്ക് എങ്ങോട്ടാണെന്ന് ? കൊലപാതകവും, ആത്മാഹുതിയും, സ്വയം പീഡനവും മോക്ഷമാർഗ്ഗമാണെന്ന് അത് ശക്തിയായി പഠിപ്പിക്കുകയും ശ്രേഷ്ഠതകൾ വാഗ്വാദങ്ങളാക്കി സിഡികളിലും പുസ്തകങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്ത് ആത്മീയത എന്ന അഹങ്കാരം ലോകത്തു ഉറഞ്ഞു തുള്ളുന്നു. കോടികൾ മുടക്കി കോടികൾ നഷ്ടത്തിലാകുന്ന വ്യവസായ ശാലകളെ ലജ്ജിപ്പിച്ചു കൊണ്ട് ഒരു പൈസ പോലും മുടക്കാതെ സമൂഹനന്മയ്ക്കുപകരിക്കുന്ന ഒന്നും തന്നെ ഉത്പാദിപ്പിക്കാതെ കോടികൾ വാരിക്കൂട്ടി സമൂഹത്തെ മൊത്തം കളിയാക്കുന്ന ആത്മീയ അഹങ്കാരത്തിനു മുമ്പിൽ കുറേ മനഃസാക്ഷിയുള്ള ഹൃദയങ്ങൾ വിറങ്ങലിച്ചു നിൽക്കുന്നു. എന്താണിതിന്റെയെല്ലാം അർത്ഥം ? എവിടെ നിന്നാണ് ഈ കോടികൾ വരുന്നത് ? ആരാണിതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ? ആളുകൾ എല്ലാം പരസ്പരം ചോദിക്കുന്നു.

ബോധശാസ്ത്രത്തിനു വ്യക്തമായ മറുപടിയുണ്ട്. മനുഷ്യ ഹൃദയങ്ങളിൽ കൂടി മാത്രം പ്രവർത്തിക്കാൻ കഴിവുള്ള ജീവന്റെ സത്യം അതായത് അധമബോധ(Doomed Consciousness) മാണത്. ചോദ്യങ്ങൾ ചോദിക്കുന്നവർ തന്നെ ആ അധമബോധത്തിന്റെ മാധ്യമങ്ങളാണെന്ന് അറിയുന്നില്ല. ഇവിടെയാണ് ലോക



ബോധശാസ്ത്രം

പോലും കഴിഞ്ഞില്ലാ എങ്കിൽ വളർന്നു വരുന്ന തലമുറയ്ക്ക് അവബോധം ദൈവീകമായ തിരിച്ചറിവാണെന്നുള്ളതിന് പിന്നെ ആരാണ് മാതൃക കാണിക്കുക ? അംഗീകാരം ലഹരിയാണ് അത് ലഭിക്കുന്നവന്റ ഉന്മാദം കൂടുകയേ ചെയ്യുന്നുള്ളൂ. ആ ഉന്മാദം അറിവിന്റെ മാനദണ്ഡമായി 'മഹാത്മ' ചമഞ്ഞ് വളർന്നു വരുന്ന തലമുറയെ കബളിപ്പിച്ചു കൊണ്ടിരിക്കുന്നു.

അവബോധമെന്ന തിരിച്ചറിവിനെ സ്വന്തം ബുദ്ധി ഉപയോഗിച്ച് ഒന്നു കൂടി തിരിച്ചറിയുമ്പോൾ മാത്രമേ അനശ്വരമായ ജ്ഞാനത്തിനു വേണ്ടിയുള്ള അവബോധം മനുഷ്യന് എന്തിനു നൽകപ്പെട്ടുവെന്ന് തിരിച്ചറിയാൻ കഴിയുകയുള്ളൂ.

തേളിനേക്കാൾ നന്മ തവളയ്ക്കുണ്ടായിരുന്നു, പക്ഷേ ആ നന്മ അതിന്റെ ജന്മവാസനയായിരുന്നു. നന്മയ്ക്ക് പകരമായി നന്മ ലഭിക്കുമെന്ന ആഗ്രഹം തന്നെയായിരുന്നു അത്. നിലനിൽപ്പിന്റേതായുള്ള ജന്മവാസനയിലെ ആഗ്രഹത്തിൽ നിന്നു വന്ന തേളിന്റെ തിന്മ പോലെത്തന്നെയാണ്, തവളയുടെ നന്മയുമെന്ന് പാവം തവളയ്ക്കു ജീവിതം കൊണ്ട് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവബോധം ദൈവീകതയാണ്. ബുദ്ധി അവബോധം മുഖേന യഥാർത്ഥ ബോധവുമായി ബന്ധപ്പെട്ടു നിൽക്കുമ്പോൾ ബുദ്ധിയിൽ ദൈവീകതയുടെ (ബോധത്തിന്റെ) സ്നേഹവും, കരുണയും, അനുകമ്പയും എല്ലാമുണ്ടാകുമെന്ന്, പക്ഷേ പാവം തവളയ്ക്കറിയില്ലായിരുന്നു. ആ അവബോധം (Awareness) മസ്തിഷ്ക്കവുമായി വെറുതേ link ചെയ്യുന്നത് കൊണ്ടാണ് ഈ സ്നേഹവും അനുകമ്പയുമെല്ലാം ആപേക്ഷികമായ മൂല്യങ്ങളായി തരംതാഴ്ത്തപ്പെട്ട് ബുദ്ധിയിൽ സ്വതസിദ്ധമായി നിലനിൽക്കുന്നതെന്ന്, തവള മനസ്സിലാക്കാതെ പോയത്.

ആപേക്ഷികമായ സ്നേഹം, കരുണ, ദയ, അനുകമ്പ എന്നൊക്കെ പറയുന്നതെന്താണ് ? ഞാൻ നിന്നെ സ്നേഹിച്ചാൽ നീ എന്നേയും സ്നേഹിക്കണം. ഞാൻ നിന്നോട് ദയ കാണിച്ചാൽ നീ എന്നോടും ദയ കാണിക്കണം. അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്ന് എനിക്ക് ദയ കിട്ടാൻ ഞാൻ അർഹനാണെന്ന് ഞാൻ ചിന്തിക്കും. ഇതാണ് ദൈവീകമായ മൂല്യങ്ങൾ ആപേക്ഷികമായാലുള്ള കുഴപ്പം. ഇതൊരു കൊടുക്കൽ വാങ്ങലാണ്. ഇതൊരു കച്ചവടമാണ്. നാമറിയാതെ നമ്മുടെ മനസ്സിൽ രഹസ്യമായി നടക്കുന്ന ഒരു ഊഹക്കച്ചവടം. ഈ കച്ചവടം മനസിൽ എല്ലാവരും മറച്ചു പിടിക്കും. കാരണം ദൈവീകതയിൽ കച്ചവടം തെറ്റാണെന്ന് 'ആരോ' ഉള്ളിൽ തിരിച്ചറിയുന്നുണ്ട്. അച്ഛനും അമ്മയും മക്കളെ സ്നേഹിക്കും, അത് കച്ചവട മനസ്ഥിതിയാണെന്ന് അവർക്ക് മനസിലാകില്ല. മക്കൾ വിവാഹം കഴിച്ച് അവരുടെ ജീവിതം ആരംഭിക്കുമ്പോൾ കച്ചവട മനസ്ഥിതിയിലുള്ള അവരുടെ സ്നേഹം ലൈംഗികസുഖം നൽകുന്ന ഇണയിലേയ്ക്ക് മാറ്റി സ്ഥാപിക്കും. അപ്പോഴാണ് മാതാപിതാക്കൾ മക്കൾ നന്ദിയില്ലാത്തവരും, സ്നേഹമില്ലാത്തവരും ആണെന്നു മനസിലാക്കുന്നത്. തങ്ങളും തങ്ങളുടെ മാതാപിതാക്കളോട് ഇത്

തന്നെയാണ് ചെയ്തത് എന്ന് അവർ മറന്നു പോകും. ഇതാണ് ആപേക്ഷിക മൂല്യങ്ങളുടെ വഞ്ചന. ആപേക്ഷികമല്ലാത്ത സ്നേഹം (നിഷ്ക്കാമ സ്നേഹം) പാട്ടും, നൃത്തവും, പൊട്ടിച്ചിരിയുമാണെന്ന് മനുഷ്യർക്കറിയില്ല. അത് അറിയണമെങ്കിൽ ആപേക്ഷിക സ്നേഹത്തിന്റെ അഥവാ കച്ചവട സ്നേഹത്തിന്റെ അന്തഃസത്തയെ ഒന്നുകൂടി തിരിച്ചറിയണം. അതിനേയാണ് തിരിച്ചറിവിനെ തിരിച്ചറിയുക എന്ന് ബോധശാസ്ത്രം പറയുന്നത്. ആ തിരിച്ചറിയലിന്റെ യുക്തി യുക്തമായ പഠനമാണത്.

കച്ചവട സ്നേഹത്തിന്റെ പ്രത്യേകത അത് വികാരമാണെന്നതാണ്. വികാരം വന്നാൽ വിവേകം നശിച്ചു പോകുമെന്ന് പാവം തവള ഒരു നിമിഷം മറന്നു പോയി. മാരകമായ വിഷമുള്ള തേളിന് വികാരം വന്നാൽ കുത്താതിരിക്കാൻ കഴിയില്ല എന്ന് തവളയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ നന്മയുടെ വികാരത്തിൽ ആ മനസ്സിലാക്കൽ മുങ്ങിപ്പോയി. ഏതു വികാരത്തിന്റെ സ്വാധീനം കൊണ്ടാണോ തേളിന്റെ വിവേകം നശിച്ചത് അതേ വികാരം തന്നെയായിരുന്നു തവളയുടെ വിവേകവും നശിപ്പിച്ചത്. നന്മയും തിന്മയും ജനിതക പ്രോഗ്രാമുകളായാൽ അവ വികാരങ്ങളായി മാറുന്നു. വികാരങ്ങൾ വിവേകത്തെ നശിപ്പിക്കുന്നതിനാൽ നന്മയും തിന്മയും ഒന്നു തന്നെയായിരിക്കും. അത് സമൂഹത്തെ നാശത്തിൽ നിന്ന് നാശത്തിലേക്കെ നയിക്കുകയുള്ളൂ. അതായത് ലക്ഷക്കണക്കിനു മനുഷ്യരെ നിഷ്ക്കരുണം കൊന്നുകൂട്ടിയ ഹിറ്റലറും, രാജ്യസ്നേഹിയും മനുഷ്യസ്നേഹിയുമായ മഹാത്മാക്കളും ഒന്നു തന്നെയാണ്. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ 500 വർഷത്തെ ലോകചരിത്രം പരിശോധിച്ചാൽ ഓരോ വർഷം കഴിയുന്തോറും കൊലപാതകങ്ങളും ആത്മഹത്യയും ഭീകരപ്രവർത്തനങ്ങളും യുദ്ധവും മൂലം നശിക്കുന്ന മനുഷ്യരുടെ എണ്ണം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു എന്നു കാണാൻ കഴിയുന്നത്. നാം ഇന്നും ആദരിക്കുന്ന മഹാത്മാക്കളും സമൂഹത്തിൽ തിന്മ തന്നെയാണ് ചെയ്തത്. പക്ഷേ ഇതു മനസിലാക്കണമെങ്കിൽ ലോകജനതയുടെ ബുദ്ധി അവബോധം സ്വീകരിക്കുന്നതിൽ പരിണാമത്തിന്റെ ഒരു ഘട്ടം കൂടി കടക്കേണ്ടിയിരിക്കുന്നു.

പരിണാമത്തിലൂടെ മൃഗീയ വാസനകളിൽ ജനിക്കുന്ന മനുഷ്യന് അവബോധം ലഭിച്ചതിനാൽ, എല്ലാവരും തങ്ങളിൽ ഒളിഞ്ഞിരിക്കുന്ന മൃഗീയ വാസനകളെ തിരിച്ചറിയുകയും (മനഃസാക്ഷിക്കുത്ത്) അത് തന്റെ പ്രവർത്തികളിലും വാക്കുകളിലും പ്രതിഫലിക്കാതിരിക്കാൻ ബോധപൂർവ്വം പ്രയത്നിക്കുകയും ചെയ്യുന്നു എന്നാൽ പലപ്പോഴും ഇത് പരാജയപ്പെടുന്നതായി അറിയുകയും ചെയ്യുന്നു.

തിന്മയുടെ വിഷം ജന്മനാ ലഭിച്ച തേളിന്റെ പ്രശ്നവും ഇതു തന്നെയായിരുന്നു. എന്നാൽ അവബോധം സാക്ഷാൽ മഹാബോധത്തിന്റെ (ദൈവത്തിന്റെ)



മൂന്ന്

## യഥാർത്ഥ ആത്മീയത എവിടെ തുടങ്ങി എവിടെ അവസാനിക്കുന്നു?

യഥാർത്ഥ ആത്മീയത എന്താണെന്ന് നാം കഴിഞ്ഞ അദ്ധ്യായത്തിൽ മനസിലാക്കി. എന്നാൽ യഥാർത്ഥ ആത്മീയത എവിടെ തുടങ്ങുന്നു എന്നും എവിടെ അവസാനിക്കുന്നു എന്നും നാം കണ്ടെത്തണം. ഇന്നു ലോകത്തുള്ള എല്ലാ ആത്മീയ രീതികളും പരിശോധിച്ചു നോക്കുക. അവ രണ്ടായി നിലനിൽക്കുന്നതായി കാണാം. ജീവിക്കാൻ വീടും പണിശാലകളും തെരുവുകളും കച്ചവടസ്ഥലങ്ങളും, ആത്മീയതയ്ക്കു പള്ളികളും ക്ഷേത്രങ്ങളും മോസ്ക്കുകളും വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ചിരിക്കുന്നു. ഇങ്ങനെ ജീവിതത്തിനും ആത്മീയതയ്ക്കും വ്യത്യസ്ത സ്ഥാപനങ്ങൾ സ്ഥാപിച്ചിരിക്കുന്നത് 'ഞാൻ' എന്ന അഹങ്കാരത്തിന്റെ ഒരു വലിയ സൂത്രമാണെന്ന് ആരും ചിന്തിച്ചിട്ടില്ല. ആത്മീയതയ്ക്ക് ഒരു സ്ഥാപനം ഉണ്ടായാൽ യഥാർത്ഥ ആത്മീയത പ്രവർത്തിക്കുകയില്ല എന്ന് ആരും മനസ്സിലാക്കുന്നില്ല. ആത്മീയതയെക്കുറിച്ച് പ്രസംഗിക്കാം, വാചകമടിക്കാം, അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കാം, അന്താരാഷ്ട്ര മതസമ്മേളനങ്ങൾ വിളിച്ചു കൂട്ടാം, പ്രചാരണങ്ങൾക്ക് വാർത്താമാധ്യമ സംവിധാനങ്ങൾ ഉപയോഗിക്കാം. അദ്ധ്വാനിക്കാതെ പണം സമ്പാദിക്കാം. ഇതൊന്നും യുക്തിയുടെ കാഴ്ചപ്പാടിൽ തെറ്റൊന്നുമല്ല. പക്ഷേ ബോധോദയം എന്ന യഥാർത്ഥ ആത്മീയത നഷ്ടപ്പെടുമെന്നും മനുഷ്യാത്മാവിന്റെ ജീവിത ലക്ഷ്യം നിറവേറുകയില്ല എന്നും കാരണമില്ലാതെ പാടാനും, നൃത്തം വെയ്ക്കാനും പൊട്ടിച്ചിരിക്കാനും കഴിയില്ല എന്നും മാത്രമെയുള്ളൂ. കാരണമില്ലാതെ ആടുകയും പാടുകയും ചെയ്യുന്നത് ഭ്രാന്തന്മാരല്ലേ എന്ന് അഹങ്കാരത്തിനു ചോദിക്കാം. എന്നാൽ അഹങ്കാരത്തിനു ഭ്രാന്തു പിടിച്ചാലോ, സ്വന്തം അമ്മയും അച്ഛനുമാണെങ്കിൽ പോലും നാം അവരെ ഉപേക്ഷിക്കും. ഭ്രാന്താലയങ്ങളിൽ ചങ്ങലകളിൽ ഇടുകയും ചെയ്യും. കാരണം അഹങ്കാരത്തിനു ഭ്രാന്തു വന്നാൽ അത് മൃഗീയ വാസന പ്രകടിപ്പിക്കും. ഇംഗ്ലീഷിൽ പറഞ്ഞാൽ വയലന്റാകും. ഇരുപത്തഞ്ചു വർഷം കണ്ണിലെ കൃഷ്ണമണിയെ പോലെ തങ്ങളെ സ്നേഹിച്ച അച്ഛന്റേയും അമ്മയുടേയും ഭ്രാന്തിന്റെ വയലൻസ് മക്കൾക്ക് മാനസികമായും, ശാരീരികമായും താങ്ങാൻ കഴിയില്ല. അതിനാൽ അവർ വിവാഹം കഴിഞ്ഞാലുടൻ തന്നെ മാതാപിതാക്കളെ ലക്ഷങ്ങൾ നൽകി വൃദ്ധസദനങ്ങളിൽ കൊണ്ടുചെന്നാക്കും. കഴിവില്ലാത്തവൻ സർക്കാർ ആശുപത്രികളിലും, അനാഥമന്ദിരങ്ങളിലും. എന്നാൽ ബോധോദയം മൂലം ഭ്രാന്തു പിടിച്ച ഡയോജനിസിനേയും, നാറാണത്തു ഭ്രാന്തനേയും, അൽ ഹില്ലാജ് മൻസൂറിനേയും അവരുടെ തത്വശാസ്ത്ര

പുരോഗമന തത്വശാസ്ത്രങ്ങൾക്കും അതീതമായ പരമാനന്ദത്തിന്റേയും മനുഷ്യ ജന്മത്തിന്റെ യഥാർത്ഥ അർത്ഥവും സ്വാതന്ത്ര്യവും ഉൾക്കൊള്ളുന്നതുമായ ഒരു ഉയർന്ന ആന്തരിക ശാസ്ത്രം (inner science) വികസിപ്പിച്ചെടുക്കേണ്ടതിന്റെ ഉത്തരവാദിത്വം അവർ ഏറ്റെടുക്കുകയും ചെയ്യണം. അതിലേയ്ക്കുള്ള ഒരു എളിയ കാൽവെയ്പ്പാണ് ബോധശാസ്ത്രം നടത്തുന്നത്. മനുഷ്യ ഹൃദയങ്ങളിൽ വളരേണ്ട ഒരു ശാസ്ത്രം നമുക്കുണ്ടാകണം. കോടിക്കണക്കിന് രൂപ വിലവരുന്ന ഉപകരണങ്ങൾ കൊണ്ടു നിറഞ്ഞ ഒരു പരീക്ഷണശാല സ്ഥാപിച്ച് മനുഷ്യന്റെ സുഖസൗകര്യങ്ങളെ വർദ്ധിപ്പിക്കുകയും ഇക്കിളിപ്പെടുത്തുന്ന വികാരങ്ങളെ പ്രീണിപ്പിക്കുകയും ചെയ്യുന്ന ശാസ്ത്രങ്ങൾ ലോകത്തിന് ഇതുവരെ നേടിക്കൊടുത്തത് അരക്ഷിതാവസ്ഥയും, അരാജകത്വവും, ഭീകരതയും, ഭയവും, ദുരിതങ്ങളും മാത്രമാണ്. അത് ശാസ്ത്രത്തിന്റെ തെറ്റല്ല. അത് കൈകാര്യം ചെയ്ത മനുഷ്യരുടെ സ്വാർത്ഥതയാണ്. അവബോധം ഉപയോഗിച്ച് ബുദ്ധിയെ ബോധോദയതലം വരെ എത്തിക്കുന്നതിനാണ് പ്രകൃതി മനുഷ്യന് 60 -70 വർഷത്തെ ശരാശരി ആയുസ്സ് നൽകിയിരിക്കുന്നത്. ഈ കാലയളവിന്റെ എത്രയോ ചെറിയൊരു ഭാഗം മതി മനുഷ്യന് ബോധോദയത്തിലെത്താൻ. എന്നാൽ ആയിരക്കണക്കിന് വർഷങ്ങൾ കടന്നു പോയിട്ടും മനുഷ്യന് അത് മാത്രം കഴിഞ്ഞില്ല. ഇനി വൈകുന്നത് ആപത്താണ്. നമുക്കു മുമ്പുണ്ടായിരുന്ന സംസ്കാരങ്ങൾ എങ്ങിനെയാണ് നശിച്ചതെന്ന് വ്യക്തമായ ഒരു അറിവ് നമുക്കില്ല. എന്നാൽ നിലവിലുള്ള ഈ സംസ്കാരം എങ്ങിനെ നശിക്കുമെന്ന് നമുക്കെല്ലാം വ്യക്തമായി അറിയാം. എന്നാൽ നമ്മുടെ നാശം എങ്ങനെയെന്ന് വരും തലമുറയോട് പറഞ്ഞു കൊടുക്കാൻ ഈ സംസ്കാരത്തിലുള്ള ഒരാളുണ്ടാവില്ല എന്നുറപ്പാണ്. അതിനാൽ ഇതിനു മുമ്പുള്ള സംസ്കാരങ്ങളും നശിച്ചിരിക്കുന്നത് ഇതുപോലെതന്നെയാണെന്ന് നമുക്ക് ഊഹിക്കാം.

ബോധശാസ്ത്ര നിഗമനങ്ങൾ പ്രകാരം അവബോധം ബുദ്ധിയിൽ നേരായ വിധം പ്രയോഗിച്ച് യഥാർത്ഥ ബോധത്തിലേയ്ക്ക് ഉയരുന്ന ഒരു സമൂഹം നശിപ്പിക്കപ്പെടില്ല. അവർ ജീവിതത്തെ പരമാനന്ദത്തിലേക്ക് നയിച്ച് സാവധാനം ജീവൻമുക്തി എന്ന യഥാർത്ഥബോധത്തിന്റെ സ്വാതന്ത്ര്യത്തിലേയ്ക്കും നിത്യതയിലേയ്ക്കും പറന്നുയരുകയാണ് ചെയ്യുക. അതിനു വേണ്ട എല്ലാ സൗകര്യങ്ങളും പ്രകൃതി അത്തരമൊരു സമൂഹത്തിന് ചെയ്തു കൊടുക്കുമെന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. ഇതിൽ നിന്നെല്ലാം ബോധശാസ്ത്ര പഠനത്തിന്റെ ഗൗരവവും ആവശ്യകതയും വ്യക്തമാകുന്നു.





ഗുണം തന്നെയായതിനാൽ അതിലെ അനുകമ്പയും സ്നേഹവും ആപേക്ഷികമല്ല എന്നു നമുക്കറിയില്ല. ബുദ്ധിയും ശരീരവും വാസനകളുടെ പ്രോഗ്രാമുകൾ കൊണ്ടു നിറഞ്ഞതിനാൽ, അതിൽ അവബോധത്തിന്റെ പ്രകാശം വീഴുമ്പോൾ, അതിലെ വസ്തുനിഷ്ഠമായ സ്നേഹവും അനുകമ്പയും വാസനകളുടെ പിൻബലം കൊണ്ട് ആപേക്ഷികമായി മാറുകയും വികാരങ്ങളായി മാറ്റപ്പെടുകയും ചെയ്യുന്നു. വികാരങ്ങൾ ഹോർമോണുകളെ പുറപ്പെടുവിക്കുന്നതിനാൽ ഒരു നിമിഷം, ബുദ്ധി അതിനെ യാഥാർത്ഥ്യമെന്നു തെറ്റിദ്ധരിക്കുകയും വിവേകമെന്ന വസ്തുനിഷ്ഠത നഷ്ടപ്പെടുകയും ചെയ്യുന്നു. അതു കൊണ്ടാണ് തന്റെ മരണത്തിനു തന്നെ കാരണമാകുമെന്നറിയാമായിരുന്നിട്ടും തേൾ തവളയെ കുത്തിപ്പോയത്. അതു പോലെ ഭീകരപ്രവർത്തനങ്ങളിലും യുദ്ധങ്ങളിലും ഏർപ്പെടുന്ന ചെറുപ്പക്കാർക്കും തങ്ങൾ മരിച്ചു പോകുമെന്ന് അറിയാമെങ്കിലും നന്മയും, സ്നേഹവും (രാജ്യസ്നേഹം, മതസ്നേഹം, തത്വശാസ്ത്ര സ്നേഹം) ജനിതക വികാരങ്ങളായി അവബോധത്തിന്റെ സാന്നിദ്ധ്യത്തിൽ മാറ്റപ്പെടുന്നതിനാൽ തിന്മകൾ അവർ ചെയ്തു പോകുകയാണ് ചെയ്യുന്നത്. ഭാര്യയോടും കുട്ടികളോടും തേളിന്റെ പ്രകൃത്യായുള്ള ബന്ധം ജന്മവാസനയാണ്. അതുകൊണ്ടാണ് അവരെക്കുറിച്ച് ഓർത്തപ്പോൾ വികാരത്തിൽ വസ്തുനിഷ്ഠത നശിച്ചു പോകുകയും തവളയെ കുത്തുകയും ചെയ്തത്. അതുപോലെ തന്നെ തന്റെ മതത്തോടും, രാജ്യത്തോടും, തത്വശാസ്ത്രങ്ങളോടുമുള്ള ജന്മവാസനയിലെ ജനിതക പ്രോഗ്രാമുകളിൽ അവബോധമെന്ന പ്രകാശം വീഴുമ്പോൾ അവ വികാരങ്ങളായി മാറുകയും വസ്തുനിഷ്ഠത നഷ്ടപ്പെട്ട് മൃഗങ്ങളെക്കാൾ ക്രൂരത കാണിക്കുകയും ചെയ്യുന്നത്.

ജീവികളെ സംബന്ധിച്ച് ഓരോ വർഗ്ഗത്തിന്റെയും വാസനകൾ സ്ഥിരമാണെന്നു കാണാം. ഉദാഹരണത്തിന്, ഒരേ വർഗ്ഗത്തിൽപ്പെട്ട എല്ലാ പാമ്പുകൾക്കും ഒരേ തീവ്രതയിൽ വിഷമുണ്ടാകും. എന്നാൽ പാമ്പുകളിൽ തന്നെ ചേര എന്ന വർഗ്ഗത്തിന് വിഷമുള്ളതായി കാണുന്നില്ല. അതുപോലെ തന്നെ മനുഷ്യരിൽ ജാതിയുടേയും, വർഗ്ഗത്തിന്റേയും, രാജ്യത്തിന്റേയും അടിസ്ഥാനത്തിൽ തിന്മയുടെ തീവ്രത വ്യത്യസ്തമായി കാണാം.

തിന്മയുടെ വാസനയിൽ തിരിച്ചറിവിന്റെ പ്രകാശം പതിച്ചാൽ അത് വികാരങ്ങളുടെ ഹോർമോണുകൾ പുറപ്പെടുവിക്കുകയും വിവേകം നഷ്ടപ്പെട്ട് തന്നെ തന്നെയും; തന്നെ സഹായിക്കുന്നവരെയും, നിരപരാധികളെ പോലും നശിപ്പിക്കുമെന്ന് നാം നിത്യവും പത്രങ്ങളിലൂടെ അറിഞ്ഞു കൊണ്ടിരിക്കുന്നു.

ഇനി ജന്മനാ വിഷമില്ലാത്ത തവളയുടെ അവസ്ഥ പരിശോധിച്ചു നോക്കുക. നീന്താനും വേഗത്തിൽ ചാടാനും ജന്മനാ കഴിവുള്ള തവളയെ തേളിന് ആക്രമിക്കാൻ കഴിയില്ല. പക്ഷേ തേളിന്റെ കണ്ണുനീരിനു മുന്നിൽ, തവള വികാരങ്ങ

ളിൽ പതറുകയും, തന്റെ ബുദ്ധിയുടെ വസ്തുനിഷ്ഠത നശിച്ചു പോകുകയും ചെയ്തു. തേളിന്റെ ഭാര്യയുടെയും കുട്ടികളുടേയും ദയനീയമായ അവസ്ഥ തവളയിൽ അനുകമ്പയുടെ വികാരം ഉണർത്തി. അതിനാൽ തവളയുടെ ബുദ്ധിയുടെ വസ്തുനിഷ്ഠത ഒരു നിമിഷം പാളിപോയി. തേൾ തന്റെ ജന്മവാസനയിൽ പ്രവർത്തിക്കുമെന്ന് തവളയ്ക്കു ഉറപ്പായും അറിയാമായിരുന്നു. പക്ഷെ ആ അറിവിൽ തവളയ്ക്കു പിടിച്ചു നിൽക്കാനുള്ള കഴിവ് വികാരങ്ങളുടെ ഹോർമോൺ പ്രവർത്തനത്താൽ നഷ്ടപ്പെട്ടു പോയി.

സൂക്ഷ്മമായി പരിശോധിച്ചാൽ നന്മയുള്ളവനിലും തിന്മയുള്ളവനിലും (വിഷം ഉണ്ടെങ്കിലും ഇല്ലെങ്കിലും) തിരിച്ചറിവെന്ന അവബോധം ലിങ്ക് ചെയ്യപ്പെട്ടാൽ ബുദ്ധിയുടെ വസ്തുനിഷ്ഠത നഷ്ടപ്പെട്ടു പോകുമെന്നുള്ളത് ഉറപ്പാണ്. അതിനാൽ ആ വർഗ്ഗം സ്വയം തമ്മിൽ തല്ലി നശിക്കും. കാരണം അവബോധം; പ്രകൃത്യായുള്ള ബുദ്ധിയെ അതിബുദ്ധിയെന്ന വിഡ്ഢിത്തത്തിലേയ്ക്കു നയിക്കുന്നു. അവബോധത്തിലൂടെ തിരിച്ചറിയുന്ന സ്വാർത്ഥതയെ നാം അറിയാതെ തന്നെ മറച്ചുപിടിക്കുവാൻ ശ്രമിക്കുന്നതു കൊണ്ടാണ് എല്ലാവരുടെ ബുദ്ധിയും അതിബുദ്ധി പ്രകടിപ്പിക്കുന്നത്. അതിബുദ്ധിയുടെ മറ്റൊരു പേരാണ് സൂത്രം. എന്നാൽ ബോധശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ പ്രകാരം അവബോധത്തിനു ഒരു പ്രത്യേകതയുണ്ട്. അവബോധം ബുദ്ധിയ്ക്കു നൽകുന്ന അതിബുദ്ധി കൊണ്ട് അവബോധത്തെ തന്നെ ഒന്നുകൂടി അറിയാൻ ശ്രമിക്കുക. തിരിച്ചറിവിനെ തിരിച്ചറിയുക എന്നാണ് ബോധശാസ്ത്രത്തിൽ ഇതിനെ വിളിക്കുന്നത്. സ്വാർത്ഥ ബുദ്ധി കൊണ്ട് അവബോധം തിരിച്ചറിയുന്നതിനെ സാക്ഷിയാകുക എന്നു പറയാറുണ്ട്. അങ്ങിനെ ബുദ്ധി സാക്ഷിയായി മാറിയാൽ വികാരങ്ങൾ നിന്നു പോകുകയും ഹോർമോൺ പ്രവർത്തനം ഇല്ലാതാകുകയും ചെയ്യുന്നു. അപ്പോൾ ബുദ്ധി പ്രകൃതി നൽകിയിരിക്കുന്ന വസ്തുനിഷ്ഠതയിൽ പ്രവർത്തിക്കും. ആ വസ്തുനിഷ്ഠതയിൽ അവബോധം നിലനിൽക്കുന്നതിനാൽ മനസ് ഒരു പരമാനന്ദസുഖവും സന്തോഷവും സമാധാനവും അനുഭവിക്കുന്നു. ഈ സുഖത്തിന് കാരണങ്ങൾ ഇല്ലാത്തതിനാൽ സ്ഥായിയായി നിലനിൽക്കുന്നു. മനുഷ്യനു മാത്രം പ്രകൃതി നൽകിയ സമ്മാനമാണിത്. മറ്റു ജീവജാലങ്ങൾക്ക് ഇത് സാദ്ധ്യമല്ല. എന്നാൽ മനുഷ്യരുടെ ഇന്നത്തെ സ്ഥിതി നോക്കുക തെണ്ടി മുതൽ കോടീശ്വരൻ വരെ ജീവിതത്തെ പ്രാരബ്ധത്തിലും അവസ്ഥാഭേദത്തിലും(mood change) ഇട്ട് വലിച്ചിഴയ്ക്കുന്നു. ദരിദ്രന് ആഹാരമില്ലാത്തതിന്റെ 'ലോ പ്രഷറാ'ണെങ്കിൽ കോടീശ്വരന് സമ്പത്ത് വർദ്ധനവിന്റെ 'ഹൈ പ്രഷറാ'ണ്. രണ്ടിന്റെയും അനന്തരഫലം ഒന്നു തന്നെ. അല്ലെന്നു വാദിക്കുവാൻ പറ്റുമോ എന്ന് എല്ലാവരും പരിശ്രമിച്ചു നോക്കുക.





ബോധോദയം എന്ന ലക്ഷ്യം കാണാതെ പരാജയപ്പെട്ടു പോകുന്നു. ബുദ്ധിയുടെ പരിണാമത്തിന് ഇതിൽ കാര്യമായ പങ്കുണ്ടോ എന്ന് നമുക്കു കണ്ടെത്താനും കഴിയില്ല. കാരണം ശ്രീബുദ്ധന്റെ ബോധോദയം പിന്നീടു വന്ന തലമുറകൾ വികസിപ്പിച്ചില്ല. സ്വാർത്ഥത വെറും തിരിച്ചറിവിൽ നിന്ന് രൂപം കൊള്ളുന്നതല്ല. മറിച്ച് അവയ്ക്ക് വാസനകൾ കോഡ് ചെയ്തു വച്ചിരിക്കുന്ന ജീനുകളെന്ന ജനിതക രാസവസ്തുക്കളുടെ ശക്തമായ പിൻബലമുണ്ട്. അത് യഥാർത്ഥങ്ങളായ പദാർത്ഥങ്ങൾ തന്നെയാണ്. അതായത് ആസക്തിയും അതുമൂലമുള്ള സ്വാർത്ഥതയും വെറും ചിന്തകളും, വികാരങ്ങളും അല്ല. അവയ്ക്ക് ഹോർമോണുകളെന്ന രാസവസ്തുക്കളുടെ ശക്തിയുണ്ട് . അതിനാൽ മനസ് പദാർത്ഥമല്ലാത്ത ബോധ (ആത്മാവ്)ത്തേക്കാൾ കൂടുതൽ യാഥാർത്ഥ്യത്തോടെ സ്വാർത്ഥതയെ തിരിച്ചറിയുന്നു. അതുകൊണ്ടാണ് **ദുഃഖവും വേദനയും യാഥാർത്ഥ്യമായി ജീവിതകാലം മുഴുവൻ അനുഭവിച്ചിട്ടും അവ ജീവിതത്തിന് എതിരാണ് എന്ന് ഒരു മനുഷ്യനും കണ്ടെത്താൻ കഴിയാതെ പോകുന്നത്.** ഏതായാലും പതിനായിരക്കണക്കിന് വർഷങ്ങളുടെ മനുഷ്യ ബുദ്ധിയിലെ പരിണാമം ബോധോദയം സ്വീകരിക്കാൻ പര്യാപ്തമല്ല എന്ന് നമുക്ക് തെളിയിക്കാം. ഈ തലമുറയെ അതിജീവിച്ച് ഒരു പുതിയ തലമുറ ഉണ്ടായേക്കാം എന്ന സാദ്ധ്യതയും കാണുന്നില്ല. കാരണം ഒരു പൊട്ടിത്തെറിയുടെയും, കൂട്ട ആത്മഹത്യയുടേയും വക്കിൽ നിൽക്കുന്ന ഒരു തലമുറയ്ക്ക് ഭാവിയെക്കുറിച്ച് എന്ത് പ്രതീക്ഷയാണ് വച്ചു പുലർത്താൻ കഴിയുന്നത് ?

അതിനാൽ ബോധശാസ്ത്ര പഠനം എത്രമാത്രം പ്രാധാന്യം അർഹിക്കുന്നുവെന്നും അത് സമൂഹം എത്രവേഗത്തിൽ പ്രാവർത്തികമാക്കണമെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രകൃതിയിലെ ഏറ്റവും ഉൽക്കൃഷ്ടമായ ഒരു ജീവസമൂഹം (മനുഷ്യൻ) അതിനു ലഭിച്ച അവബോധമെന്ന ദൈവീകതയാകുന്ന പരമാനന്ദത്തിന്റെ സാധ്യത, സ്വാർത്ഥ ലാഭത്തിന്റെ നിലനിൽക്കാത്ത നേട്ടങ്ങൾക്കു വേണ്ടി ബലികൊടുക്കാൻ തീരുമാനിച്ചെങ്കിൽ സ്വാർത്ഥത സ്വാർത്ഥതയ്ക്കു തന്നെ എതിരാണെന്ന ബോധശാസ്ത്ര സിദ്ധാന്തത്തിന്റെ തെളിവായി മാത്രമെ ഇത് കണക്കാക്കാൻ പറ്റുകയുള്ളൂ. അത് മനുഷ്യരാശിയുടെ ദുർവ്വിധിയാണ്. യുവത്വത്തിന്റെ ബുദ്ധിയുടെ തിരിച്ചറിവിനു മാത്രമെ ഒരു പുതിയ മാറ്റത്തിലേക്ക് ഇപ്പോൾ നിലനിൽക്കുന്ന, പടുകിഴവൻമാരായ സ്വാർത്ഥതയുടെ മൂരാച്ചികളുടെ പിടിയിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ സാധ്യതയുള്ളൂ. ബുദ്ധി മരവിച്ചു പോയ സ്വാർത്ഥതയുടെ ചെകുത്താൻമാരെ തിരുത്താൻ പ്രകൃതിയിലെ ഒരു ശക്തിക്കും കഴിയുകയില്ല. അവരുടെ കൈകളിൽ നിന്ന് ലോകത്തിന്റെ നിയന്ത്രണം ബോധം വർദ്ധിച്ച യുവതലമുറയുടെ കൈകളിലേയ്ക്ക് എത്രയും വേഗം മാറ്റപ്പെടണം. അതിന് എത്രയും വേഗം ബോധശാസ്ത്രത്തെക്കുറിച്ച് യുവതലമുറ ബോധവാൻമാരാകണം. മതങ്ങൾക്കും, ആചാരങ്ങൾക്കും, നിലനിൽക്കുന്ന ലോക രാഷ്ട്രീയ തത്വങ്ങൾക്കും,

എന്നാൽ അദ്ദേഹം കണ്ടെത്തിയതോ ? സ്വന്തം ജീവിതത്തിന്റെയും മറ്റുള്ളവരുടെ ദുഃഖത്തിന്റേയും അടിസ്ഥാന കാരണമായിരുന്നു. രാജാവിന്റെ ജീവിതവും പ്രജ കളുടെ കഷ്ടതയും ഇല്ലാത്തതും സങ്കൽപ്പവുമാണ്. ഉള്ളത് ബോധം എന്ന പരമാ നന്ദം മാത്രമാണ്. അതു മാത്രമാണ് പരമമായ സത്യം. അതിനപ്പുറത്തുള്ളതെല്ലാം വെറും തോന്നലാണ്. അത് ഉള്ളതല്ല. രാജാവ് പ്രജയായും, പ്രജകൾ രാജാവായും ജന്മമെടുക്കും. അതെല്ലാം ദുഃഖവും വേദനയും തന്നെയാണ്. അനുഭവിക്കുന്ന രീതി യിലുള്ള വ്യത്യാസം മാത്രമേയുള്ളൂ. എന്നാൽ മനുഷ്യന് പ്രകൃതി കൽപിച്ചത് ബോധോദയമെന്ന പരമാനന്ദമാണ്. അത് ജീവിതത്തിന്റെ ആദ്യവും അന്ത്യവുമാ ണ്. അത് മാറാത്തതാണ്. അത് ജീവിച്ചിരിക്കെ ലഭിച്ചാൽ പിന്നീട് ഒരിക്കലും നഷ്ട പ്പെടുന്നില്ല. മരിച്ചാലും നഷ്ടപ്പെടുന്നില്ല. മറ്റെല്ലാ നേട്ടങ്ങളേയും മരണം തൂത്തു വാരി ചവറ്റുകൊട്ടയിൽ തള്ളും. കാരണം ബോധോദയം ലഭിക്കുമ്പോൾ മനസ് മരിച്ചു കഴിഞ്ഞു. പിന്നെ വികാരങ്ങളിൽ നന്മയും, തിന്മയും, പ്രാരബ്ധങ്ങളും, സന്തോഷങ്ങളും അനുഭവിക്കാൻ സാദ്ധ്യമല്ല. പരമാനന്ദമെന്ന സൂര്യനു മുമ്പിൽ വികാരമെന്ന സന്തോഷത്തിന്റെ മെഴുകുതിരി വെളിച്ചം ദുഃഖമാണെന്ന് ആരും വിളിച്ചു പറഞ്ഞു പോകും. രാജാവിന്റേയും പ്രജയുടേയും ജീവിതരീതികൾ വ്യത്യ സ്തങ്ങളാണെങ്കിലും വികാരങ്ങൾ ഒന്നുതന്നെയാണെന്നും, ജീവിതം വികാരങ്ങ ളിലെ സന്തോഷവും ദുഃഖവുമെന്ന് നാം വെറുതേ തെറ്റിദ്ധരിക്കുന്നതാണെന്ന് ബോധോദയത്തോടെ ശ്രീബുദ്ധൻ തിരിച്ചറിഞ്ഞു. ലോകത്തിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. കാരണം ബുദ്ധിയുടെ അത്തരമൊരു പരിണാമത്തിന് ലോകം ഇതിനു മുമ്പ് സാക്ഷിയായതായി ചരിത്രമില്ല.

**ജീവശാസ്ത്ര പരിണാമവും മനുഷ്യബുദ്ധിയുടെ ബോധോദയ പരിണാമവും തമ്മിൽ വലിയൊരു വ്യത്യാസമുണ്ട്.** ജീവശാസ്ത്ര പരിണാമം ജന്തുക്കളിലും സസ്യ ങ്ങളിലും ബുദ്ധിയുടെ ബാഹ്യമായ അനുസ്യൂത മാറ്റത്തെയാണ് സൂചിപ്പിക്കുന്ന ത്. എന്നാൽ മനുഷ്യനിലെ ബുദ്ധിയുടെ പരിണാമമായ ബോധോദയം അത്തര ത്തിലുള്ള പരിണാമമല്ല. മനുഷ്യബുദ്ധി സ്വാർത്ഥതയാകുന്ന മനസിൽ നിന്നു കൊണ്ട് ബോധത്തെ, വാസന കൊണ്ട് വികാരങ്ങളെ പല തട്ടുകളായി മറച്ചു പിടിക്കുന്ന തിൽ നിന്ന്, സാക്ഷിത്വത്തിലൂടെ ക്രമാനുഗതമായി മോചിപ്പിക്കുന്നതിനേയാണ് ബോധപരിണാമം എന്ന് ബോധശാസ്ത്രം വിശദീകരിക്കുന്നത്. ബോധശാസ്ത്രരീതി കളിലൂടെയല്ലാതെ ആധുനിക മനുഷ്യന് ബോധോദയത്തിൽ എത്താൻ കഴിയില്ല. കാരണം യുക്തിയുടെ കുതിച്ചു ചാട്ടം മനുഷ്യനെ യുക്തിയിൽ മാത്രം മുറുകെ പിടിച്ചു ജീവിക്കാൻ ശക്തമായി പ്രേരിപ്പിക്കുന്നു. അപ്പോൾ യുക്തിയെ യുക്തി കൊണ്ടു മാത്രമെ ഇല്ലാതാക്കാനുള്ള ഒരു സാദ്ധ്യതയുള്ളൂ. അതിനാൽ വിശ്വാസ ങ്ങളിലും, ആചാരങ്ങളിലും, പ്രാർത്ഥനകളിലും, സാധനകളിലും (യോഗ പോലുള്ള വ), ഉപവാസത്തിലും, സന്യാസത്തിലും നിലനിൽക്കുന്ന ജീവിതവും ആത്മീയതയും





ഭാഗ്യമെന്നു പറയട്ടെ ! പ്രകൃതി മനുഷ്യനല്ലാതെ മറ്റൊരു ജീവിയ്ക്കും അവ ബോധം നൽകിയിട്ടില്ല. അതിനാൽ തേൾ കരയുകയുമില്ല, തവളയ്ക്കു അനുക മ്പ ഉണ്ടാകുകയുമില്ല. അതിനാൽ തേൾ തന്റെ വർഗ്ഗത്തേയും, തവള അതിന്റെ വർഗ്ഗത്തേയും സന്തോഷമായി പ്രകൃതിയിൽ നിലനിർത്തും. എന്നാൽ പരമാ നന്ദത്തിൽ ആടാൻ കഴിവു ലഭിച്ച മനുഷ്യനോ? രാജ്യങ്ങളായും, വർഗ്ഗങ്ങളാ യും, മതങ്ങളായും, ഗ്രൂപ്പ് തിരിഞ്ഞ് തമ്മിൽ തല്ലി തലകീറി നശിക്കുന്നു. ഈ അർത്ഥത്തിൽ പ്രകൃതി മനുഷ്യനോട് വലിയ ക്രൂരത തന്നെയാണ് കാണിച്ചത്.

മനുഷ്യനു തന്റെ വർഗ്ഗത്തെ നിലനിർത്താൻ ബുദ്ധിയുടെ പരിണാമത്തിന്റെ ഒരു ഘട്ടം കഴിഞ്ഞാൽ സാദ്ധ്യമല്ല എന്നാണ് മുൻകാല സംസ്കാരങ്ങളുടെ നാശം ചൂണ്ടിക്കാണിച്ച് ചരിത്രകാരൻമാർ തെളിയിച്ചിരിക്കുന്നത്. ബുദ്ധി വർദ്ധിക്കു ന്തോറും അവബോധം കൊണ്ട് സൂത്രവും വർദ്ധിക്കും. ബോധശാസ്ത്രത്തിൽ യുക്തിയുടേയും ശാസ്ത്ര സാങ്കേതിക വിദ്യയുടേയും വളർച്ചയെയാണ് സൂത്രം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ഈ സാങ്കേതികതയുടെ വളർച്ച സ്വന്തം സഹോദരനെ ഏറ്റവും എളുപ്പത്തിലും, നിഷ്ക്കരുണവും വധിക്കാനുള്ള ഉപകര ണങ്ങളുടെ കണ്ടുപിടുത്തത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത് എന്ന് ലോക ത്തിന്റെ ഇന്നത്തെ സ്ഥിതി വിലയിരുത്തിയാൽ മനസിലാക്കാം. ഓരോ മനുഷ്യ വർഗ്ഗവും തന്റെ വർഗ്ഗത്തെ നിലനിർത്തിയ കാലഘട്ടവും ഒരു ജീവി തന്റെ വർഗ്ഗത്തെ നിലനിർത്തിയ കാലഘട്ടവുമായി താരതമ്യപഠനം നടത്തിയാൽ ഒരു ജീവിയുടെയും നിലനിൽപ്പിന്റെ പകുതി കാലഘട്ടം പോലും, ഒരു മനുഷ്യവർഗ്ഗ ത്തിന് ഭൂമിയിൽ നിലനിൽക്കാൻ കഴിഞ്ഞിട്ടില്ല എന്നു കാണാം.

ബോധശാസ്ത്ര കണ്ടെത്തലുകളെ മനസിലാക്കാൻ ശ്രമിച്ചു കൊണ്ട് ലോക ത്തിലെ എല്ലാ മനുഷ്യ സമൂഹങ്ങളും, നന്മയും സ്നേഹവും ബുദ്ധിയിൽ വികാ രമായി മാറ്റപ്പെടാതിരിക്കുവാനുള്ള വിദ്യാഭ്യാസ രീതി അവതരിപ്പിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. സൂത്രത്തെ കൂടുതൽ കൂടുതൽ വളർത്തുന്ന വിദ്യാഭ്യാസം കുറയ്ക്കണം അല്ലെങ്കിൽ മനുഷ്യ ബുദ്ധി അവബോധം കൊണ്ട് അതിബുദ്ധി യായി വളർന്ന് ആ സമൂഹത്തെ തന്നെ നശിപ്പിക്കുമെന്നുള്ളത് തീർച്ചയാണ്. അല്ലെങ്കിൽ ദൈവത്തിന്റെ നാമത്തിൽ സ്വന്തം അയൽവാസിയുടെ പുരയിൽ ബോംബുകളും മിസൈലുകളും ഇടുന്ന മനുഷ്യവർഗ്ഗത്തെ നോക്കി പ്രകൃതിയും മറ്റു ജീവജാലങ്ങളും പൊട്ടിച്ചിരിക്കുന്നത് നാം കാണേണ്ടി വരും.

മൃഗീയതയുടെ വസ്തുനിഷ്ഠമായ അറിവ് നിലനിർത്തുന്നതിനു പകരം മനുഷ്യനു മാത്രം അവബോധം എന്തിന് നൽകപ്പെട്ടുവെന്ന് മനുഷ്യൻ അന്വേ ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലെങ്കിൽ വികാരങ്ങളുടെ വിവേക ശൂന്യമായ ഒരു കൃത്രിമ നരകം സൃഷ്ടിച്ച് അതിലെ തീജ്വാലകളിൽ കിടന്ന് വേദന കൊണ്ട് എക്കാലവും പുളയാൻ മാത്രമെ മനുഷ്യനു കഴിയുകയുള്ളൂ. ബുദ്ധിയു

ള്ളവർ മനസിലാക്കുക.

വാസന ജന്മസിദ്ധമാണ്. അത് മാറ്റാൻ മനുഷ്യനെന്നല്ല ഒരു ജീവിക്കും കഴിയില്ല. കാരണം കോശങ്ങളിൽ കോഡ് ചെയ്തു വച്ചിരിക്കുന്ന പ്രോഗ്രാം ആണ ത്. ആ പ്രോഗ്രാമിനെ ഡികോഡ് ചെയ്യാം. അതിനെ ബോധശാസ്ത്രത്തിൽ സാക്ഷിത്വം (witnessing) എന്നാണ് പറയുന്നത്. സാക്ഷിത്വം പ്രകൃതി മനുഷ്യനു മാത്രം അവബോധത്തിലൂടെ നൽകിയ ഒരു ടെക്നിക്കാണ്. ആ ടെക്നിക് നാം ഓരോരുത്തരും കണ്ടെത്തണം. അപ്പോൾ ജീവിതം പരമാനന്ദമാകും. ( *ബോധ ശാസ്ത്രത്തിന്റെ മറ്റു പുസ്തകങ്ങൾ വായിക്കുക*) മനുഷ്യനൊഴിച്ച് മറ്റു ജീവജാലങ്ങൾക്ക് ഇത് കഴിയില്ല. കാരണം അവയ്ക്ക് അവബോധമില്ല.

അതിനു പകരം, നാം ജന്മസിദ്ധമായ മൃഗീയ വാസനയുടെ പ്രോഗ്രാമിനെ, അവബോധം ബുദ്ധിയിൽ ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന യുക്തിയുടെയും വികാരങ്ങളുടേയും സൂത്രങ്ങൾ കൊണ്ട് റീപ്രോഗ്രാം ചെയ്യാനാണ് നോക്കുന്നത്. അല്ലെങ്കിൽ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. ഒരു പ്രോഗ്രാം റീപ്രോഗ്രാം ചെയ്താൽ ആ പ്രോഗ്രാമിന്റെ പ്രവർത്തന രീതിയിൽ മാറ്റം വരുമെന്നേയുള്ളൂ. അതിന്റെ അടിസ്ഥാന ഉദ്ദേശ്യം അവിടെ മാറാതെ നിലനിൽക്കും. ഇതിനെ ബോധശാസ്ത്രത്തിൽ വൈകൃതങ്ങൾ (Perversions)എന്നാണ് വിളിക്കുന്നത്. വാസനയുടെ വികാരങ്ങളെ ബൈപാസ് ചെയ്ത് മറച്ചു പിടിക്കുകയാണ് ചെയ്യുന്നത്. മനുഷ്യ കോശങ്ങളിൽ വെച്ചിരിക്കുന്ന പ്രവർത്തനത്തിന്റെ പ്രോഗ്രാമിനെ ഒരു കാരണവശാലും മാറ്റുക എളുപ്പമല്ല. ജനറ്റിക് എഞ്ചിനീയറിങ്ങ് എന്ന ശാസ്ത്ര ശാഖ അതിനു വേണ്ടി വളരെയധികം ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. മദ്യപാനം വാസനയുടെ ശീലമായി നിലനിൽക്കുന്ന ഒരുവൻ സാഹചര്യങ്ങളുടെ പ്രേരണ കൊണ്ട് മദ്യപാനം നിർത്തിയെന്നിരിക്കും. എന്നാൽ അതിനു തത്തുല്യമായ മറ്റൊരു നെഗറ്റീവ് വാസനയിലേയ്ക്ക് അയാൾ തന്റെ സ്വഭാവത്തെ മാറ്റിയിട്ടുണ്ടാകും. അപ്പോഴും അയാൾ പ്രാരബ്ധത്തിലും ദുഃഖത്തിലും തന്നെയായിരിക്കും. അയാൾക്ക് ആടാനും, പാടാനും, സന്തോഷിക്കാനും എന്തെങ്കിലും ഒരു കാരണം ഉണ്ടായേ പറ്റൂ. കാരണങ്ങളിൽ ജീവിത സുഖം അനുഭവിക്കാൻ വിധിക്കപ്പെട്ടവനല്ല മനുഷ്യൻ, മറിച്ച് കാരണമില്ലാതെ സന്തോഷിക്കാൻ ജനിച്ചവനാണ് എന്ന് ആരും തന്നെ തിരിച്ചറിയുന്നില്ല. മദ്യം കഴിക്കുമ്പോൾ സന്തോഷം ഉണ്ടാകുന്നു, ഇല്ലെങ്കിൽ സന്തോഷം പോകുന്നു. പാട്ടു കേൾക്കുമ്പോൾ സന്തോഷം ഉണ്ടാകുന്നു, പാട്ടു നിൽക്കുമ്പോൾ സന്തോഷം പോകുന്നു. സന്തോഷിക്കാൻ കാരണങ്ങൾ വേണ്ടി വരുന്നു.

മക്കളെ സ്നേഹിക്കുമ്പോഴും അവർ തങ്ങളുടെ സ്നേഹം അംഗീകരിക്കുന്നു എന്നു തോന്നുമ്പോഴും മാതാപിതാക്കൾ സന്തോഷിക്കുന്നു. എന്നാൽ മക്കൾ സ്നേഹം തിരിച്ചു കൊടുക്കേണ്ട സമയമാകുമ്പോൾ തിരിച്ചു കൊടുത്തി





ഷിക്കേണ്ടത്.

എന്റെ ദുഃഖം എന്റേതും എന്റെ കുടുംബത്തിന്റേതും മാത്രമാണെന്ന് ഈ ലോകത്തുള്ള സകല മനുഷ്യരും ചിന്തിച്ചാൽ, ദുഃഖത്തെ കണ്ടെത്താൻ കഴിയില്ല. ഈ ലോകത്ത് ഞാനും എന്റെ കുടുംബവും ഒഴിച്ചാൽ ബാക്കിയുള്ളവരെല്ലാം സന്തോഷത്തിലല്ലേ ജീവിക്കുന്നത് എന്നു കണ്ടെത്തിയാൽ പിന്നെ എവിടെയാണ് ദുഃഖമിരിക്കുന്നത്. പിന്നെ എങ്ങനെ ജനനം ദുഃഖമാകും ? എന്റെ മക്കൾ, എന്റെ ഭാര്യ, എന്റെ അച്ഛൻ, എന്റെ ഭർത്താവ്, നമ്മെ ഭരിക്കുന്ന ഭരണ കർത്താക്കൾ ഇവരൊന്നും ശരിയല്ലാത്തവരായതാണ് എന്റെ ദുഃഖത്തിനു കാരണം. അവർ ശരിയാകാത്തത് എന്റെ ദുർവ്വിധി. മറ്റുള്ളവരും മറ്റു രാജ്യക്കാരും എന്നെക്കാൾ എത്രയോ സന്തോഷമുള്ളവർ ! ടിവിയിലും, സിനിമയിലും, പരസ്യങ്ങളിലും മാത്രം ചിരിക്കുകയും, പാടുകയും, ആടുകയും ചെയ്യുന്നവരെ കൊണ്ട് ഇന്ന് ലോകം നിറഞ്ഞു കവിഞ്ഞിരിക്കുന്നു. ക്രിക്കറ്റിലും ഫുട്ബോളിലും പകുതിയിലേറെ ലോകജനത തങ്ങളുടെ ദുഃഖങ്ങൾ മറക്കുന്നു. അത് കൊണ്ട് കളിക്കാരുടെ പ്രതിഫലം ദിവസം കഴിയുന്തോറും കോടികളായി വർദ്ധിക്കുന്നത് ആരും ശ്രദ്ധിക്കുന്നില്ല. കാരണം എന്റെ ദുഃഖം എന്റെ മാത്രം ദുർവ്വിധിയാണ്. അതുകൊണ്ട് ലോകത്തെ പഴിച്ചിട്ടു കാര്യമില്ലല്ലോ. 600 കോടിയിലേറെ വരുന്ന ലോകജനത മുഴുവനും ഇങ്ങനെ ചിന്തിക്കുന്നതെന്തു കൊണ്ടാണ് എന്ന് ഒരു എഴുത്തുകാരനും, ഒരു ചിന്തകനും, ഒരു ശാസ്ത്രജ്ഞനും ചിന്തിച്ചിട്ടില്ല. കാരണം മനുഷ്യനു മാത്രം നൽകപ്പെട്ട പരമാനന്ദത്തിന്റെ ആഴം എന്തെന്ന് ആർക്കും ജീവിതത്തിൽ അനുഭവിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്തെന്നാൽ ആഗ്രഹങ്ങളാണ് അതിന്റെ ഏറ്റവും വലിയ തടസ്സം. ബോധോദയം പോലും ആഗ്രഹമായാൽ അത് പ്രവർത്തിക്കില്ല എന്ന് സാക്ഷാൽ ശ്രീബുദ്ധൻ പോലും തിരിച്ചറിഞ്ഞില്ല. കൊട്ടാരവും, സുഖസൗകര്യങ്ങളും, സ്വന്തം ഭാര്യയെയും കുട്ടിയേയും ഉപേക്ഷിച്ച് പന്ത്രണ്ടു വർഷം കാട്ടിൽ സത്യം അന്വേഷിച്ചു അലഞ്ഞു തിരിഞ്ഞ അദ്ദേഹത്തിന്റെ മനസ് ജീവിതത്തിലെ എല്ലാ ആഗ്രഹങ്ങളിൽ നിന്നും പൂർണ്ണമായി മുക്തമായിരുന്നു. എന്നാൽ സത്യം കണ്ടെത്തുക എന്ന ആഗ്രഹം മാത്രം ബാക്കിയായ ആ മനസിൽ പോലും ബോധോദയം സംഭവിച്ചില്ല. കാരണം ഒരാഗ്രഹമെങ്കിലും മനസിൽ ബാക്കിയായാൽ അതിന് സംഭവിക്കാൻ കഴിയില്ല. പന്ത്രണ്ടു വർഷത്തെ അന്വേഷണം കൊണ്ട് ബുദ്ധിമാനായ അദ്ദേഹം അത് കണ്ടെത്തിയില്ല. അവസാന ആഗ്രഹമായ സത്യത്തെ കണ്ടെത്തുക എന്ന ആഗ്രഹവും യാദൃശ്ചികമായി ഉപേക്ഷിക്കേണ്ടി വന്നപ്പോഴാണ് അദ്ദേഹത്തിന് ബോധോദയം സംഭവിച്ചതെന്ന് ചരിത്രം സാക്ഷി നൽകുന്നു.

സിദ്ധാർത്ഥൻ തന്റെ സഹജീവികളുടെ ദുഃഖത്തിന്റെ കാരണം അന്വേഷിച്ചാണ് കൊട്ടാരം വിട്ടിറങ്ങിയത്. അല്ലാതെ തനിക്കില്ലാത്ത ദുഃഖത്തിന്റെ കാരണമന്വേഷിച്ചല്ല. യുവരാജാവായ അദ്ദേഹത്തിന് ദുഃഖം എങ്ങനെ ഉണ്ടാകാനാണ് ?

വർദ്ധിക്കുന്നത്. ആഗ്രഹങ്ങളുടെ വർദ്ധന മനസിനെ അസാധാരണമായ ഒരു വലിവു ബലത്തിൽ (tension)നിലനിറുത്തും. ഈ വലിവുബലം മറ്റെല്ലാ പ്രാരബ്ധങ്ങളേക്കാളും വലിയ ദുഃഖമാണ്. ഇത് മനസിനെ ഉയർന്ന ആവൃത്തിയിൽ പ്രകമ്പനം ചെയ്യാൻ ഇടയാക്കും (STR അഥവാ Spontaneous Thought Rate എന്ന് ബോധശാസ്ത്രത്തിൽ പറയുന്നു). ഈ പ്രകമ്പനം ഒരു പരിധി ലംഘിച്ചാൽ ഉയർന്നതും താഴ്ന്നതുമായ രക്ത സമ്മർദ്ദവും, ഹൃദയ സ്തംഭനവും, ആത്മഹത്യാ പ്രവണതയും ഉണ്ടാകും. മനസിന്റെ ഉറക്കം നഷ്ടപ്പെടും. അപ്പോൾ മരുന്നുകളും, മദ്യവും വേണ്ടി വരും. അവ ശരീരത്തെ വീണ്ടും തളർത്തുന്നു. കാരണം എല്ലാ മരുന്നുകളും രാസവസ്തുക്കളാണ്, അവ ശരീരം സ്വീകരിക്കാത്തവയുമാണ്.

മേൽപറഞ്ഞ പ്രാരബ്ധങ്ങളും, ദുഃഖങ്ങളും വേദനകളും ഇല്ലാത്ത ഒരു മനുഷ്യനെങ്കിലും ഈ ഭൂമുഖത്തു ജീവിച്ചിരിപ്പുണ്ടെങ്കിൽ ഈ പുസ്തകത്തെ നിങ്ങൾക്കു കീറിക്കളയാം. പ്രാരബ്ധങ്ങളേയും, വേദനയെയും, പീഢനങ്ങളേയും, സ്വാർത്ഥമോഹങ്ങളേയും കണ്ടില്ലെന്നും അനുഭവിച്ചില്ലെന്നും അറിയാൻ ശ്രമിക്കുന്നു. കണ്ണുണ്ടായിട്ടും കാണാത്തവനും, അനുഭവിച്ചിട്ടും അനുഭവിക്കാത്തവനും എന്ന് നാം ഭാവിക്കുന്നു. നാളെയുടെ സന്തോഷത്തിനും, മരണശേഷമുള്ള പറുദീസയ്ക്കും വേണ്ടി. നാം ഭൂമിയിലെ ദുരിതങ്ങൾ സന്തോഷത്തോടെ സഹിക്കാൻ ശ്രമിച്ചിട്ട് ജീവിതം ദുഃഖമല്ല എന്നും, ദുഃഖം ജീവിതത്തിന്റെ ഭാഗമാണെന്നു ഭാവിച്ചും പരമാനന്ദ ജീവിതത്തെ തുലയ്ക്കുന്നു. കുട്ടികളെ പ്രസവിച്ച് അവരെ വളർത്തുന്നത് ജീവിത ലക്ഷ്യമായി കണ്ട് ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നു. നാം കൊണ്ടുനടക്കുന്ന ശരീരമെന്ന മാംസപിണ്ഡം സദാസമയവും വേദനയെ സ്വീകരിക്കാൻ കഴിവുള്ള നാഡീകോശങ്ങളുടെ സംവിധാനത്തെ ആവരണം ചെയ്യുന്ന ഒരു കവചമാണെന്ന് അറിഞ്ഞിട്ടും പ്രത്യുൽപാദനം ഒരാനന്ദമായി കൊണ്ടാടുന്നു. ശാസ്ത്രം ഇത്രയേറെ പുരോഗമിച്ചിട്ടും മനുഷ്യൻ വേദനയുടെ അവതാരമാണെന്ന് കണ്ടു പിടിക്കാൻ ആർക്കും കഴിയുന്നില്ല. വളരെ വിചിത്രമാണ് മനുഷ്യന്റെ ചിന്താഗതികൾ.

ചിന്തകളിൽ വൈചിത്ര്യമുണ്ടെന്ന് നമുക്കു വെറുതെ തോന്നുന്നതാണ്. ജീവിതത്തിനോടും അതിന്റെ ഇത്തിരിപോന്ന ലൈംഗിക വികാരത്തോടുമുള്ള നമ്മുടെ possessiveness ആണ് ഈ വൈചിത്ര്യത്തിൽ നമ്മെ ചിന്തിപ്പിക്കുന്നതും ജീവിതം വേദനയല്ല എന്നു നമ്മെ തെറ്റിദ്ധരിപ്പിക്കുന്നതും. വർദ്ധിച്ചു വരുന്ന ആതുരാലയങ്ങളുടേയും(hospital), അനാഥാലയങ്ങളുടേയും, വൃദ്ധസദനങ്ങളുടേയും എണ്ണം നമ്മെ ഒട്ടും തന്നെ അമ്പരപ്പിക്കുന്നില്ല. അത് നാടിന്റെ പുരോഗമനമാണെന്ന് ലജ്ജയില്ലാതെ നാം വീമ്പിളക്കുന്നു. ജനസംഖ്യാ വർദ്ധനവാണ് അതിനു കാരണമെന്ന് ചിലർ തിരിച്ചറിഞ്ഞു സ്വയം സമാധാനിക്കുന്നു. ദുഃഖത്തിന്റെ ബാഹ്യകാരണങ്ങളല്ല അന്വേഷിക്കേണ്ടത്, ദുഃഖത്തിന്റെ ഉത്ഭവസ്ഥാനം എവിടെ എന്നാണ് അന്വേ





ല്ലെങ്കിൽ മാതാപിതാക്കൾ ദുഃഖിക്കുന്നു. ഇതിനെയാണ് ബോധശാസ്ത്രം അംഗീകാര ദാഹമെന്നു പറയുന്നത്. അംഗീകാരം പിൻവലിക്കുമ്പോൾ മാതാപിതാക്കൾ അനാഥരും ദുഃഖിതരുമാകുന്നു. ഇവിടെയാണ് മനുഷ്യജീവിതത്തിന്റെ പരാജയം കിടക്കുന്നത്. ഈ പരാജയം കുടിൽ മുതൽ കൊട്ടാരം വരെ നിലനിൽക്കുന്നു. കൊട്ടാരങ്ങളിൽ അംഗീകാരവും വിശ്വാസവും നഷ്ടപ്പെട്ടാൽ അത് യുദ്ധമായി മാറുന്നു. അത്തരം യുദ്ധങ്ങളാണ് നാമിന്ന് അനുഭവിച്ച് കൊണ്ടിരിക്കുന്നത്. സമ്പന്നമായ ഒരു രാഷ്ട്രം സമ്പന്നത കുറഞ്ഞ രാജ്യത്തെ സഹായിക്കുകയും അവരോട് ദയ കാണിക്കുകയും ചെയ്യുന്നു. അത് കൈപ്പറ്റുന്ന രാജ്യം നൽകുന്ന അംഗീകാരവും, വിശ്വാസവും പിൻവലിച്ചാൽ അവിടെ യുദ്ധവും, ഭീകര പ്രവർത്തനങ്ങളും ഉടലെടുക്കുന്നു. ആപേക്ഷികതയുടെ തകരാറാണിത്. **അവബോധം ബുദ്ധിയിൽ യുക്തിയായി നിന്നാലുള്ള കുഴപ്പങ്ങളാണിതെല്ലാം.** ഈ കുഴപ്പങ്ങൾ നിസാരങ്ങളല്ല. ഇവ ഇന്ന് ലോകത്തെ ഒരു നാശത്തിന്റെ വക്കിൽ എത്തിച്ചിരിക്കുന്നു. അതിന് നാം പരസ്പരം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. നന്മയുള്ളിടത്ത് തിന്മയും തിന്മയുള്ളിടത്ത് നന്മയും ഉണ്ടാകും. നന്മ ചെയ്യുന്നവനെ ആ നന്മ തന്നെ വധിക്കും. തിന്മ ചെയ്യുന്നവൻ നന്മയില്ലാത്തതു കൊണ്ടു തന്നെ മുങ്ങിച്ചാകും.

അപ്പോൾ മനുഷ്യരാശി നന്മയ്ക്കും തിന്മയ്ക്കും അതീതമാകണം. നന്മയ്ക്കും തിന്മയ്ക്കും അതീതമാകുന്ന ഒരു തത്വശാസ്ത്രവും, പോസിറ്റിവിറ്റിയും നെഗറ്റിവിറ്റിയും ഇല്ലാത്ത ഒരു ഭൗതിക ശാസ്ത്രവും മനുഷ്യനറിയില്ല. ബോധശാസ്ത്രം അത്തരമൊരു സാദ്ധ്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. തവളയുടെ നന്മയും, തേളിന്റെ തിന്മയും വാസനകളാണ്. എന്നാൽ നന്മ വാസനയായാൽ അത് തിന്മ തന്നെയായിരിക്കുമെന്ന് ഒരു മതവും നമ്മെ പഠിപ്പിച്ചിട്ടില്ല. എന്നാൽ തിന്മ, മൃഗീയതയും വാസനകളുമാണെന്ന് എല്ലാവരും കണ്ടെത്തിയിട്ടുണ്ട്. എന്തുകൊണ്ടാണ് നന്മ വാസനയാണെന്ന് കണ്ടെത്താൻ കഴിയാതിരുന്നത് ? കാരണം നന്മ ബോധാവസ്ഥയാണ്. തിന്മ വികാരങ്ങളിൽ കർമ്മത്തിലൂടെ പ്രകടിപ്പിക്കപ്പെട്ടു പോകുന്നതു പോലെ നന്മയും കർമ്മമായി പ്രകടിപ്പിക്കപ്പെട്ടപ്പോൾ, നന്മയുടെ കർമ്മങ്ങൾ ശീലമായി മാറ്റപ്പെട്ടു. അത് കാലക്രമേണ ജീനുകളിൽ ആലേഖനം ചെയ്യപ്പെടുകയും ചെയ്തു. ഏതൊരു കർമ്മവും ജനിതക സ്വഭാവമായാൽ അതിൽ വികാരം പ്രത്യക്ഷപ്പെടും. വികാരങ്ങൾ വസ്തുനിഷ്ഠമായ അറിവിനെ തടസ്സപ്പെടുത്തും. അതോടു കൂടി നന്മയും തിന്മയായി മാറ്റപ്പെടും. മറ്റുള്ളവരുടെ ധനം സംഭാവനയായി സ്വീകരിച്ച് സമൂഹത്തിൽ നന്മ ചെയ്യുന്ന മനുഷ്യ ദൈവത്തിന് ധനത്തിന്റെ ക്രയവിക്രയങ്ങളുടെ വസ്തുനിഷ്ഠത നഷ്ടപ്പെട്ടു പോകുന്നു. കാരണം തനിക്കു ലഭിച്ച 'ബോധോദയം' കൊണ്ട് തന്നിലെ നന്മയെന്ന ജന്മവാസനയെ അതിജീവിക്കുവാനുള്ള ബുദ്ധി വികസി

ഷിക്കാതിരുന്നത് കൊണ്ടാണ് നന്മ അവരിൽ വികാരമായി മാറിയത്. ലോകത്തിലൂടെ കടന്നു പോയ ഏതാനും മിസ്റ്റിക് ബുദ്ധിമാന്മാർ ഒഴിച്ചാൽ ബാക്കിയുള്ള എല്ലാ മിസ്റ്റിക്കുകളും (മനുഷ്യ ദൈവങ്ങൾ) , മഹാത്മാക്കളും നന്മയുടെ വികാരത്തിൽ സമൂഹത്തെ ഉയർത്താൻ ശ്രമിച്ചവരാണെന്ന് കാണാം.

ബോധത്തെ ഒരു ശാസ്ത്രവും പഠനവിഷയമാക്കിയിട്ടില്ല. കാരണം ബോധത്തിന് പരിമാണങ്ങളില്ല(dimensions). അത് സമയത്തിൽ വളരുകയും തളരുകയും മരിക്കുകയും ചെയ്യുന്ന ഒന്നല്ല. അത് സനാതനമായ സത്യമാണ്. അത് ദൈവീകതയാണ്. എന്നാൽ ദൈവമല്ല. അതിന് ആദിയും അന്ത്യവുമില്ല. പരിണാമവിധേയവുമല്ല. സ്ഥലകാലങ്ങൾക്കതീതമായ യഥാർത്ഥ ബോധത്തെക്കുറിച്ചു പഠിക്കാൻ സ്ഥലകാലങ്ങളെ(space and time) ആശ്രയിച്ചു നിൽക്കുന്ന ശാസ്ത്രങ്ങൾക്ക് ഒരിക്കലും കഴിയില്ല. അതിനാൽ സ്ഥലകാലങ്ങൾക്കതീതമായ ഒന്നിനെ പഠിക്കാൻ നമുക്കൊരു ശാസ്ത്രം വേണം. മനുഷ്യബുദ്ധിയുടെ പരിണാമത്തിന്റെ അടുത്ത ഘട്ടം അതാണ്. ജീവിത സൗകര്യങ്ങളെ മാത്രം സഹായിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ശാസ്ത്ര സാങ്കേതികത ആവശ്യത്തിലേറെയായി. ജീവിതത്തെ ആനന്ദത്തിലാക്കാൻ ഭൗതിക ശാസ്ത്ര സാങ്കേതികതകൾക്ക് കഴിയുകയില്ല എന്നു മാത്രമല്ല അവ മനുഷ്യ ജന്മത്തിന്റെ അന്തകനായി തലയ്ക്കു മുകളിൽ നിൽക്കുകയും ചെയ്യുന്നു.

നന്മ വാസനയായി തിരിച്ചറിവിൽ തനിയെ പ്രവർത്തിക്കുമ്പോൾ അത് തിന്മയെന്ന വാസനയെ മറച്ചു പിടിക്കാൻ കൂട്ടു നിൽക്കുന്നു. അങ്ങനെ തിന്മയെ മറച്ചു പിടിക്കുന്ന ഘടകമായി അവബോധം നിൽക്കുന്നതിന്റെ രഹസ്യം; 'ആർക്കോ' നഷ്ടപ്പെട്ടു പോയ അംഗീകാരം അത് ആരോടെല്ലാമോ, എവിടെയെല്ലാമോ അന്വേഷിക്കുന്നു എന്നതിന്റെ തെളിവാണ്. എന്നാൽ താൻ തന്നെയാണ് തന്റെ അംഗീകാരം നഷ്ടപ്പെടുത്തിയതെന്ന് ആ 'അജ്ഞാത' വ്യക്തിയ്ക്ക് അറിയില്ല. കാരണം അത് 'ഞാൻ' എന്ന അഹങ്കാരം അഥവാ ego തന്നെയാണ്. അതിനു നില നിൽക്കണമെങ്കിൽ പണം വേണം, പ്രശസ്തി വേണം, അംഗീകാരം വേണം, സൗന്ദര്യം വേണം എന്നെല്ലാം അത് തന്റെ അറിവില്ലായ്മയിൽ ചിന്തിക്കുകയാണ്. 'ഞാൻ' എന്നത് അധമബോധത്തിലുള്ള ബുദ്ധിയുടെ ഒരു തിരിച്ചറിവു മാത്രമാണ്. ആ തിരിച്ചറിവിനെ ഒന്നുകൂടി അറിയാൻ ശ്രമിക്കുമ്പോൾ ബോധത്തെ ബാധിച്ച അധമത്വം എന്ന 'വ്യക്തി' പുറത്തു ചാടുന്നു. അപ്പോൾ ശുദ്ധബോധമായി നാം മാറുന്നു. മനുഷ്യമനസ് എന്ന് ശുദ്ധബോധമായി മാറുന്നുവോ അന്ന് അവൻ യഥാർത്ഥ മനുഷ്യനാകുന്നു. ആ മനുഷ്യൻ ബോധമെന്ന ദൈവീകത മാത്രമുള്ള ഒരു മാംസപിണ്ഡമാണ്. അതിന് വ്യക്തവും വസ്തുനിഷ്ഠവുമായ തിരിച്ചറിവുണ്ട്. തിരിച്ചറിവിനെ തന്നെ തിരിച്ചറിയാനുള്ള കഴിവുമുണ്ട്. വാസനകളിലാണ് നിലനിൽക്കുന്നതെങ്കിലും വാസനകൾക്ക് സാക്ഷിയാകാൻ





മഹാകശ്യപ് അതെല്ലാം വിഴുങ്ങിക്കളഞ്ഞു. കാരണം ചോദ്യങ്ങൾ ചോദിച്ചില്ലെങ്കിൽ അഹങ്കാരത്തിന് മനസിൽ പിടിച്ചു നിൽക്കാൻ കഴിയില്ല. എത്രയൊക്കെ നിയന്ത്രിച്ചാലും ചോദ്യങ്ങൾ ചോദിച്ചു പോകും. ചോദിച്ചു പോകുന്നതും, ചെയ്തു പോകുന്നതും വാസനയുടെ ബലം കൊണ്ടാണ് എന്ന് നമുക്കറിയില്ല.

ഈ ഭൂമിയിൽ ആത്മീയത ഉദിച്ചിട്ടില്ല. ആത്മീയ ആഭാസങ്ങളുടെ ചിത്തഭ്രമം മാത്രമേയുള്ളൂ. ആത്മീയതയുടെ പരമാനന്ദമായ സന്തോഷം മനുഷ്യർക്കറിയില്ല. അതറിയുന്നവൻ തീർച്ചയായും ശ്രീബുദ്ധനെപ്പോലെ വിളിച്ചു പറയും. ജനനം ദുഃഖമാണ്, ജീവിതം ദുഃഖമാണ്, മരണം ദുഃഖമാണ് എന്ന്. അതിനാൽ ജനിക്കാതിരിക്കുക. ജനിച്ചാൽ മരണത്തോടെ വീണ്ടും ജനിക്കാതിരിക്കുക. ജീവൻ മാംസത്തിൽ ആകുമ്പോൾ അത് വേദനയാണ്. ആ വേദനയെ വേദനയാണെന്ന് 24 മണിക്കൂറും അറിഞ്ഞിട്ടു പോലും അത് വേദനയല്ല എന്നു തോന്നിപ്പിക്കുന്നതിന്റെ പിന്നിൽ വികാരങ്ങളുടെ സന്തോഷം അനുഭവിക്കണമെന്ന സ്വാർത്ഥമോഹത്തിന്റെ ആഗ്രഹം മാത്രമാണ് എന്ന് നാം അറിയണം. **Fundamental Desire (FD) എന്ന് ബോധശാസ്ത്രം പറയുന്ന സ്വാർത്ഥ മോഹമാണ് ജനനത്തിന്റെ അടിസ്ഥാന കാരണം.** ദാരിദ്ര്യവും, പട്ടിണിയും, രോഗങ്ങളും, ആപത്തുകളും, ദുരന്തങ്ങളും എല്ലാം വേദനയാണ്. ഇവയൊന്നും ഇല്ലെങ്കിലും ജീവിതം വേദന തന്നെയാണ്. ആഗ്രഹങ്ങൾ തനിയെ മനസിൽ രൂപം കൊള്ളുന്നു. അത് വാസനയുടെ സ്വതസിദ്ധമായ സ്വഭാവമാണ്. അങ്ങിനെ രൂപം കൊള്ളുന്ന ആഗ്രഹങ്ങൾ സാധിച്ചില്ലെങ്കിൽ മനസിനു ഭ്രാന്തു പിടിക്കും. ഒന്നോ, രണ്ടോ, പതിനായിരമോ ആഗ്രഹങ്ങൾ കഠിനപ്രയത്നം കൊണ്ട് സാധിച്ചാൽ തന്നെ ആഗ്രഹങ്ങൾ വീണ്ടും വർദ്ധിക്കുന്നതല്ലാതെ കുറയുന്നതായി മാനവചരിത്രം ഇതു വരെ രേഖപ്പെടുത്തിയിട്ടില്ല. ഒടുങ്ങാത്ത ആഗ്രഹങ്ങൾ ജീവിതം തന്നെയാണ്. അതിനാൽ അതില്ലാതാക്കാൻ ആർക്കും കഴിയില്ല. ശ്വസിക്കാൻ വായു വേണമെന്നതു പോലും ആഗ്രഹമായിരിക്കേ ആഗ്രഹങ്ങൾ എങ്ങനെ ഒടുങ്ങുവാനാണ്? ആഗ്രഹങ്ങൾ മറ്റെല്ലാ ദുഃഖങ്ങളേക്കാളും വലിയ ദുഃഖമാണ്. അത് മനസിനെ ഉന്മത്തനാക്കും, സമനില തെറ്റിക്കും. അപ്പോൾ മനുഷ്യൻ ക്രൂരനാകും, ദുഷ്ടത പ്രവർത്തിക്കും, അവിവേകം ചിന്തിക്കും, സ്വന്തം സഹോദരനെപ്പോലും കൊല ചെയ്യും. ആഗ്രഹങ്ങൾക്ക് കണ്ണില്ല. അതിന് തിരിച്ചറിവില്ല. **ആഗ്രഹങ്ങൾ ആഗ്രഹങ്ങൾക്കു തന്നെ എതിരാണ്.**

ജീവിതം സന്തോഷപ്രദമാക്കുവാൻ മനുഷ്യൻ കഠിനാദ്ധ്വാനം ചെയ്ത് പണം സമ്പാദിക്കുന്നു. പണം വരാൻ തുടങ്ങുമ്പോൾ സന്തോഷിക്കുവാനാണ് പണം സമ്പാദിക്കുവാൻ തുടങ്ങിയത് എന്ന് മറന്നു പോകുന്നു. പിന്നീട് പണത്തിനു വേണ്ടി മാത്രം ജീവിക്കുന്നു. ജീവിതം സന്തോഷമാണെന്നു മറന്നു പോകുന്നു. ഇവിടെ ആഗ്രഹം ആഗ്രഹത്തിനു തന്നെ എതിരാണ്, എന്നു നമുക്കു മനസ്സിലാക്കാം. അമിതമായ പണം സമ്പാദിക്കുമ്പോൾ സന്തോഷമല്ല വർദ്ധിക്കുന്നത്, ആഗ്രഹങ്ങളാണ്

മാണ്. അത് പരമാനന്ദാവസ്ഥയാണ്. ആ പരമാനന്ദത്തിനു മുമ്പിൽ രാജാവിന്റെ ഭൗതിക സുഖം പോലും തീരാ ദുഃഖമായും വേദനയായും അനുഭവപ്പെടുമെന്നാണ് അതിനർത്ഥം. വികാരങ്ങളിൽ നാം അനുഭവിക്കുന്ന ഇത്തിരിപ്പോന്ന സന്തോഷം ബോധോദയ പരമാനന്ദവുമായി താരതമ്യം ചെയ്യുമ്പോൾ കഠിനമായ ദുഃഖത്തിനു സമാനമാണ് എന്നാണതിനർത്ഥം. പക്ഷേ ബോധോദയം പറഞ്ഞറിയിക്കാൻ കഴിയാത്ത പരമാനന്ദമാണെന്ന് ബുദ്ധന് സാക്ഷിയായി ആരു പറയും? എന്തിനും ഒരു സാക്ഷി വേണ്ടേ? സാക്ഷിയില്ലെങ്കിൽ കോടതി പോലും കേസ് തള്ളിക്കളയും.

ശ്രീബുദ്ധന്റെ പരമാനന്ദത്തിന് സാക്ഷിയായി അദ്ദേഹത്തിന്റെ ശിഷ്യനായ മഹാകശ്യപ് അക്കാലത്തു തന്നെ ബുദ്ധനോടൊപ്പം ജീവിച്ചിരുന്നു. മഹാകശ്യപന് ബോധോദയം ലഭിച്ചെന്നു മനസ്സിലാക്കിയ ശ്രീബുദ്ധൻ ഒരു താമരപൂവ് സമ്മാനിച്ച് അദ്ദേഹത്തെ മൗനമായി അഭിനന്ദിച്ചു. മഹാകശ്യപ് പൊട്ടിച്ചിരിക്കുവാൻ തുടങ്ങി. ശ്രീബുദ്ധന്റെ മറ്റു ശിഷ്യൻമാർ അന്തം വിട്ടു നിന്നു. എന്താണ് സംഭവിച്ചതെന്നു അവർക്കു മനസ്സിലായില്ല. അവർക്കിത് ഭ്രാന്തായിട്ടാണ് അനുഭവപ്പെട്ടത്. ഒരു കാരണവുമില്ലാതെ മഹാകശ്യപ് പൊട്ടിച്ചിരിക്കുന്നു. ശ്രീബുദ്ധൻ മഹാകശ്യപിന്റെ ചിരി ശാന്തനായി നോക്കി നിൽക്കുന്നു. അദ്ദേഹം ഒന്നും തന്നെ മിണ്ടിയില്ല. എന്നാണ് ചരിത്രം പറയുന്നത്. മറ്റു ശിഷ്യർ പല ആവർത്തി ചോദിച്ചു. എന്താണ് ഇതിന്റെയെല്ലാം അർത്ഥം. ശ്രീബുദ്ധൻ മറുപടി പറഞ്ഞില്ല. രുചിച്ചറിയേണ്ടത് മണത്തറിയാൻ കഴിയില്ലല്ലോ. അദ്ദേഹം വീണ്ടും വീണ്ടും പറഞ്ഞു. "ജനനം ദുഃഖമാണ്, ജീവിതം ദുഃഖമാണ്, മരണം ദുഃഖമാണ് അതിൽ നിന്നെല്ലാം വേഗം രക്ഷപ്പെടുക." മരണമില്ലാത്ത ബോധമാണ് മനുഷ്യൻ. അത് ഊഹിക്കാൻ പോലും കഴിയാത്ത പരമാനന്ദമാണ്. അത് തിരിച്ചറിയാനുള്ള അവബോധം പ്രകൃതി നൽകിയിട്ടുണ്ട്. അത് ഉപയോഗിച്ച് തിരിച്ചറിവിനെ തന്നെ ഒന്നുകൂടി തിരിച്ചറിയുക, ജീവൻമുക്തി നേടുക. പക്ഷേ ആരു കേൾക്കാൻ? കണ്ടവരും കേട്ടവരും കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാതെ കുഴങ്ങി. ഭാഷയ്ക്കതീതമായതിനെ ഭാഷ കൊണ്ട് എങ്ങനെ പറഞ്ഞു മനസ്സിലാക്കും? ചോദ്യങ്ങൾ ഭാഷയാണ്. ഉത്തരവും ഭാഷയാണ്. മഹാകശ്യപ് ശ്രീബുദ്ധനോട് ചോദ്യങ്ങൾ ചോദിച്ചില്ല. ശ്രീബുദ്ധൻ അദ്ദേഹത്തെ ഒന്നും പഠിപ്പിച്ചുമില്ല. അഹങ്കാരം (ego) ചോദിക്കുന്നു. "എന്താണ് ബോധോദയം? ഉത്തരം സ്വീകാര്യമാണെങ്കിൽ 'ഞാൻ' ഒന്നു പരീക്ഷിച്ചു നോക്കാം, ബോധോദയം ലഭിക്കുമോ എന്ന്." ഇരുപത്തയ്യായിരം നൂറ്റാണ്ടു കഴിഞ്ഞാലും അഹങ്കാരം ചോദ്യങ്ങൾ കൊണ്ട് ബോധോദയം എന്ന പരമാനന്ദം അനുഭവിക്കില്ല. കാരണം ഭാഷയ്ക്കതീതമായതിനെ ഭാഷ കൊണ്ട് എങ്ങനെ പറയും? ബോധോദയം സിദ്ധിച്ച ശ്രീബുദ്ധൻ പറഞ്ഞ തത്വശാസ്ത്രങ്ങളല്ല മഹാകശ്യപ് ശ്രദ്ധിച്ചത്. അദ്ദേഹം നയിച്ച ജീവിതരീതിയെയാണ്, അദ്ദേഹത്തിന്റെ സാമീപ്യമാണ്. ഓരോ ചലനങ്ങളും, നോട്ടവും, ഭാഷയും, ആംഗ്യവും എല്ലാം ശ്രദ്ധിച്ചു. ചോദ്യങ്ങൾ കൊണ്ട് കാര്യമില്ല എന്നു മനസ്സിലാക്കിയ





അവനു കഴിയും. അതിനാൽ വാസനകൾ അവനെ അടിമയാക്കുകയുമില്ല. അതായത് പ്രകൃതി നൽകിയ അവബോധത്തിന്റെ ഉദ്ദേശ്യം സഫലീകരിക്കപ്പെടും.

നന്മ ജന്മവാസനയായി ബുദ്ധിയിൽ നിലനിന്നാൽ അത് തിന്മ തന്നെയാണ്. തവളയുടെ നന്മ ജന്മവാസനയാണെന്നും അത് തിന്മ തന്നെയാണെന്നും കണ്ടെത്താൻ തവളയ്ക്കു കഴിഞ്ഞില്ല. അത് കൊണ്ടാണ് എന്റെ നന്മയാണ് എന്നെ കൊന്നത് എന്ന് തവളയ്ക്ക് പറയേണ്ടി വന്നത്. പുണ്യം ഒരു അംഗീകാരദാഹമായിരുന്നുവെന്ന് തവള സ്വന്തം ജീവൻ കൊടുത്താണ് അറിഞ്ഞത്. തവളയുടെ പ്രവൃത്തിയല്ല തവളയെ കൊന്നത്, മറിച്ച് തവളയുടെ അറിവില്ലായ്മയാണ്. തേളിന് തന്റെ വാസനയുടെ പ്രവർത്തനത്തിന് നിയന്ത്രണം പ്രകൃത്യാ ഇല്ല എന്നു തവള മനസ്സിലാക്കുകയും അതിനു വേണ്ട മുൻകരുതലുകൾ ബുദ്ധിപൂർവ്വം തവള എടുക്കുകയും ചെയ്തിരുന്നുവെങ്കിൽ രണ്ടുപേരും രക്ഷപ്പെടുമായിരുന്നു. ആ രക്ഷപ്പെടലിൽ തേളിന് തന്റെ ജന്മവാസനയുടെ പോരായ്മയെക്കുറിച്ചുള്ള അറിവ് ലഭിക്കുമായിരുന്നു. അങ്ങനെ തേൾ തന്നെത്തന്നെ മനസ്സിലാക്കി പിന്നീടുള്ള അവസരത്തിൽ വാസനയെ ബുദ്ധി കൊണ്ട് അതിജീവിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ജീവിതം നന്മയാണെന്നു മനസിലാക്കിയ തവളയും, ജീവിതസത്യം മനസിലാക്കാൻ അവസരം ലഭിക്കുമായിരുന്ന തേളും ഒരുമിച്ച് ചത്തുപോയി. നന്മ എവിടെ തലപൊക്കുന്നുവോ അവിടെ തിന്മ വികാരമായി പ്രത്യക്ഷപ്പെട്ട് നശിപ്പിച്ചു കളയുന്നു. തിന്മ എവിടെ തല പൊക്കുന്നുവോ അവിടെ നന്മ മനുഷ്യദൈവത്തിന്റെ വേഷത്തിൽ എത്തി തിന്മയെ നശിപ്പിക്കുന്നു എന്നു കാണിക്കുന്നു. ആ നശിപ്പിക്കലിൽ നന്മയും തിന്മയും നാശത്തിനു വിധേയമാകും. ആപേക്ഷികമായ നന്മയും തിന്മയും വാസനകളായി നിലനിർത്തിയാൽ നിഷ്കാമ സാദ്ധ്യത നശിച്ചുപോകുകയും അതിനാൽ യഥാർത്ഥ നന്മയായ ബോധോദയം മനുഷ്യന് ഒരിക്കലും ലഭിക്കാതെ പോകുമെന്ന് 'ആരോ' തിരിച്ചറിയുകയും ചെയ്യുന്നു. നന്മ വർദ്ധിക്കുമ്പോൾ തിന്മയും, തിന്മ വർദ്ധിക്കുമ്പോൾ നന്മയും വാസനകളായി പ്രവർത്തിച്ചാൽ മനുഷ്യരാശിയെ എന്നും തിന്മയിൽ തന്നെ നിലനിർത്താം എന്നുള്ളത് സാമാന്യ ബുദ്ധി മാത്രമാണ്. അതിനിടയിൽ നിഷ്കാമ നന്മ പ്രയോഗത്തിൽ വരുത്താൻ ആരെങ്കിലും ശ്രമിച്ചാൽ അവനെ സ്വാർത്ഥത ക്രൂശിക്കാൻ ശ്രമിക്കുമെന്നത് ഉറപ്പാണ്. ചരിത്രം എത്രയോ തവണ അതിനു സാക്ഷിയായിരിക്കുന്നു.

രണ്ട്

# ബോധശാസ്ത്രം എന്തുകൊണ്ട് പഠിക്കണം ?

ഏകദേശം 2500 വർഷങ്ങൾക്ക് മുമ്പ് ഒരു രാജകുമാരൻ ബോധോദയം സിദ്ധിച്ച് ബുദ്ധൻ ആയി മാറിയപ്പോൾ മനുഷ്യബുദ്ധിയുടെ പരിണാമത്തിലെ ഏറ്റവും വലിയ ഒരു കുതിച്ചു ചാട്ടം ഉണ്ടായി. അദ്ദേഹം ലോകത്തോട് നിസ്സംശയം പറഞ്ഞ ഒരേ ഒരു കാര്യം; **ജനനം ദുഃഖമാണ്, ജീവിതം ദുഃഖമാണ്, മരണം ദുഃഖമാണ്** എന്നാണ്. മനുഷ്യജീവിതം ആകെക്കൂടി കൂട്ടിയാൽ ദുഃഖം മാത്രം. ഈ തത്വശാസ്ത്രം കേട്ട പാശ്ചാത്യർ പറഞ്ഞു. ഇയാൾ ഒരു ദോഷൈകദൃക്ക് (pessimist) ആണ്. ജീവിതം തങ്ങളുടെ അനുഭവത്തിൽ ദുഃഖമേ അല്ല. അത് വികാരങ്ങളിലെ ഉൻമാദമാണ്. അതിന്റെ സുഖത്തിനോട് താരതമ്യം ചെയ്യാൻ മറ്റൊന്നില്ല. ശ്രീബുദ്ധനെക്കുറിച്ചും ബുദ്ധമതത്തെക്കുറിച്ചും സമൂഹത്തിൽ ശ്രീബുദ്ധനുണ്ടാക്കിയ പരിവർത്തനത്തെക്കുറിച്ചും അനേകായിരം പുസ്തകങ്ങൾ രചിക്കപ്പെട്ടു. എത്രയോ തലമുറകൾ അത് പഠിച്ചും പഠിക്കാതെയും കടന്നു പോയി. ഏകദേശം 36000 ആത്മീയ തത്വങ്ങൾ ബുദ്ധമതത്തിനു ആധാരമായി ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

പക്ഷേ ശ്രീബുദ്ധൻ കണ്ടെത്തിയ ഒരേ ഒരു തത്വശാസ്ത്രം മാനവരാശിയ്ക്ക് അനുഭവമായി തോന്നിയില്ല. സഹജീവികളോടുള്ള അദ്ദേഹത്തിന്റെ അനുകമ്പയും സ്നേഹവും, അഹിംസയും വാനോളം പുകഴ്ത്തപ്പെട്ടു. പക്ഷേ നിർവ്വാണ എന്ന ആത്മാവിന്റെ പൂർണ്ണ സ്വാതന്ത്ര്യം അഥവാ ജീവൻമുക്തി എന്ന മനുഷ്യബുദ്ധിയുടെ പരിണാമ ലക്ഷ്യം മാത്രം ലോകം തിരിച്ചറിഞ്ഞില്ല. കുറേ സെൻ സന്യാസിമാർക്ക് കാര്യം പിടികിട്ടി. അവരിൽ കുറേ പേർ ജീവൻമുക്തിയിലേയ്ക്ക് പോകുകയും ചെയ്തു. ഈ സെൻ സന്യാസികളുടെ ജീവിതം ആഘോഷങ്ങളായിരുന്നുവെന്നും, പാട്ടും നൃത്തവും പൊട്ടിച്ചിരികളും ഒരുപാട് തമാശകളും കോമാളിത്തരങ്ങളും, കുട്ടിത്തങ്ങളും നിറഞ്ഞതാണെന്നും ഏഴ്, എട്ട് നൂറ്റാണ്ടുകളിലെ അവരുടെ ചരിത്രം വായിച്ചപ്പോൾ പാശ്ചാത്യർക്കു മനസ്സിലായി. അവരാണ് ഈ സന്യാസിമാരുടെ തത്വശാസ്ത്രവും ജീവിതവും മറ്റു ഭാഷകളിലേയ്ക്കു തർജ്ജമ ചെയ്തത്. പക്ഷേ അവരുടെ സന്തോഷത്തിന്റേയും പരമാനന്ദത്തിന്റേയും രഹസ്യം മാത്രം തർജ്ജമ ചെയ്യാൻ കഴിഞ്ഞില്ല. കാരണം അവ അനുഭവങ്ങളായിരുന്നു. അനുഭവങ്ങളുടെ രഹസ്യം ഭാഷയിലൂടെ സംവേദനം ചെയ്യപ്പെടാൻ കഴിയില്ലല്ലോ ?

അത്തരം ഒരു അനുഭവമാണ് സെൻ സന്യാസിമാരുടെ ഗുരുവായ ശ്രീബുദ്ധൻ ലോകത്തോട് പറഞ്ഞത്. ''ജനനം ദുഃഖമാണ്, ജീവിതം ദുഃഖമാണ്, മരണം ദുഃഖമാണ്''. ബോധശാസ്ത്രത്തിന് മതങ്ങളിൽ താൽപര്യമില്ല. തത്വശാസ്ത്രങ്ങളെ





ണെന്ന് മനുഷ്യനു കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ എല്ലാവരും ദുഃഖിക്കുന്നുവെന്ന് സ്വയം അറിയുകയും ചെയ്യുന്നു. വിചിത്രമല്ലേ ഈ മനുഷ്യ ബുദ്ധി ? അതിനു ശേഷം എത്രയോ മതങ്ങൾ ഭൂമിയിൽ വന്നു. അവയിൽ ചിലത് ഇന്ന് കൊടികുത്തി വാഴുന്നു. പിന്നീടു വന്ന മതങ്ങളെല്ലാം മനുഷ്യരെ പ്രധാനമായും ഉപദേശിച്ചത്; ജനനം അത്യന്താപേക്ഷിതമാണ്, അത് എത്ര വേണമെങ്കിലും ആകാം. കാരണം അനാഥകളില്ലെങ്കിൽ നന്മ ചെയ്യാൻ കഴിയില്ല. നന്മ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ സ്വർഗ്ഗരാജ്യം നഷ്ടപ്പെടും. പിന്നീടവർ പഠിപ്പിച്ചു, ജീവിതത്തിൽ ദുഃഖം ഉണ്ടാകണം അല്ലെങ്കിൽ ഞങ്ങൾ ഉണ്ടാക്കും. കാരണം ദുഃഖവും വേദനയും തീരാദുരിതങ്ങളുമില്ലെങ്കിൽ ജീവിതത്തിന് അതിന്റെ ലക്ഷ്യം നഷ്ടപ്പെടും. ദുഃഖം അനുഭവിക്കുന്നവനു വലിയ ഒരു 'പ്രതിഫലം' കാത്തിരിക്കുന്നു. മോക്ഷം. അപ്പോൾ ദുഃഖം ജീവിതത്തിന്റെ ഭാഗമാകേണ്ടേ? ആകണം അല്ലെങ്കിൽ എല്ലാം നഷ്ടപ്പെടും. അഹകാരം ഇത്രയും അജ്ഞത കാണിച്ചാൽ പോരേ? ഇതിനേക്കാൾ വലിയ അജ്ഞത ആർക്കെങ്കിലും ഈ ലോകത്തു ചൂണ്ടിക്കാണിക്കാൻ ധൈര്യമുണ്ടോ? ഉണ്ടാകാൻ വഴിയില്ല.

ദൈവീകതയിലേയ്ക്കു (Godliness) പരിണമിക്കേണ്ട ബുദ്ധി അവബോധത്തെ വിറ്റു കാശാക്കുന്ന ദയനീയ കാഴ്ചയാണ് നാം ഇന്നു ലോകമനഃസാക്ഷിയിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഒരു കൂട്ടർ മണിമാളിക മുകളിലിരുന്നു ദുഃഖത്തിന്റേയും വേദനയുടേയും പുതിയ പുതിയ രൂപങ്ങൾ design ചെയ്യുന്നു. ഭൂരിഭാഗം വരുന്നവർ അത് ജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ച് മോക്ഷത്തിലേയ്ക്ക് പോകാൻ തയ്യാറെടുക്കുന്നു.

അവബോധം കടുകുമണിയോളമെങ്കിലും ബുദ്ധിയിൽ പ്രയോഗിച്ച് അവബോധത്തെ തന്നെ ഒന്നുകൂടി തിരിച്ചറിയാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇരുപത്തി അഞ്ച് തലമുറകളിൽ ഏതെങ്കിലും ഒരു തലമുറ ജീവിത സത്യം കണ്ടെത്തുമായിരുന്നു. ഒരു രാജകുമാരൻ ജീവിതം മുഴുവനും ദുഃഖമാണെന്നു പ്രഖ്യാപിച്ചെങ്കിൽ അദ്ദേഹത്തെ നാം ശ്രദ്ധിക്കണമായിരുന്നു. കാരണം അദ്ദേഹം വെറും രാജകുമാരനല്ല, ബോധോദയം ലഭിച്ച രാജകുമാരനാണ്. ജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങളിലും നിന്നിരുന്ന ഒരാൾ ജീവിതം ദുഃഖമാണെന്ന് വെറുതേ പറയില്ല എന്ന് ചിന്തിക്കാൻ അല്പം തിരിച്ചറിവു പോരേ? എന്തുകൊണ്ടാണ് അദ്ദേഹം വ്യക്തമായ ഭാഷയിൽ ജീവിതം ദുഃഖമാണെന്നു പറഞ്ഞത്? ജീവിത ദുഃഖം അദ്ദേഹം അനുഭവിച്ചതുകൊണ്ടല്ല. (അത് അനുഭവിക്കേണ്ട സാഹചര്യം അദ്ദേഹത്തിനില്ല) മറിച്ച് താൻ നാല് സീസണിൽ നാല് കൊട്ടാരങ്ങളിലായി അനുഭവിച്ച ഭൗതിക സുഖത്തേക്കാളും, സന്തോഷത്തേക്കാളും പതിനായിരം മടങ്ങ് സന്തോഷമാണ് ബോധോദയം ലഭിച്ചാൽ ഒരുവന് ലഭിക്കുന്നത് എന്ന അനുഭവമായിരുന്നു അദ്ദേഹം ലോകത്തോടു വിളിച്ചു പറഞ്ഞത്. ബോധോദയം എന്നത് പ്രകൃതി മനുഷ്യനു നൽകിയ സമ്മാന

പിന്താങ്ങുന്നുമില്ല. കാരണം സിദ്ധാന്തങ്ങൾ സ്വയം പ്രവർത്തിക്കുകയില്ല. ബോധശാസ്ത്രം യുക്തിയിലും പ്രായോഗികതയിലും നിലനിൽക്കുന്ന ഒരു ശാസ്ത്രമാണ്. അതിനാൽ 2500 കൊല്ലങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ഒരു ജീവൻമുക്തന്റെ ജീവിതവും തത്വശാസ്ത്രങ്ങളും എത്രമാത്രം ശരിയാണ് എന്ന് അന്വേഷിക്കുന്നതിൽ അർത്ഥമില്ല. കാരണം ചരിത്രം ഒരിക്കലും നേരു പറഞ്ഞിട്ടില്ല. സ്വാർത്ഥ താത്പര്യങ്ങളുടേയും അംഗീകാരത്തിന്റേയും കൂട്ടിച്ചേർക്കലുകളിൽ നിന്നും രക്ഷപ്പെട്ടിട്ടുള്ള ഒരു ചരിത്രവും ഒരു മതവും ഈ ലോകത്തു നിലവിലില്ല. ഇത് തെളിയിക്കാൻ ഒരു ബുദ്ധിമുട്ടും ഇല്ല. ആത്മീയ അനുഭവങ്ങൾ എന്താണെന്ന് പറഞ്ഞു തരാൻ കഴിയാത്തതും, അനുഭവങ്ങളല്ലാത്ത ആത്മീയതയുടെ അറിവുകൾ നൽകുന്നതുമായ മത ഗ്രന്ഥങ്ങൾ ആണ് ഇന്ന് ലോകത്തു നിലവിലുള്ളത്.

യാചകൻ മുതൽ കോടീശ്വരൻ വരെയുള്ള മനുഷ്യസമൂഹം ജീവിതം ദുഃഖമാണെന്നു സമ്മതിക്കില്ല. സാധാരണക്കാർ തീരെ സമ്മതിക്കില്ല. ജീവിതം എങ്ങനെയാണ് ദുഃഖമാകുന്നതെന്ന് എല്ലാവരും ചോദിക്കുന്നു. ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകും പ്രശ്നങ്ങളില്ലാത്ത ജീവിതമില്ല. പ്രശ്നങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. ദുരന്തങ്ങളും, രോഗങ്ങളും പ്രാരബ്ധങ്ങളും ജീവിതത്തിൽ വ്യത്യസ്ത രീതിയിൽ വ്യക്തികളിൽ ഏറിയും കുറഞ്ഞുമിരിക്കുന്നു. ഒരുവന് ദുഃഖം കൂടിയതു കൊണ്ടും മറ്റൊരുവനു കുറഞ്ഞതു കൊണ്ടും ആർക്കും പരാതിയില്ല. ദുഃഖം വികാരം തന്നെയാണ്. സന്തോഷവും, ദുഃഖവും വികാരങ്ങളാണെങ്കിൽ വികാരത്തിൽ ജനിച്ച മനുഷ്യന് അത് രണ്ടും ഒരു പോലെ തന്നെയല്ലെ? അതാണ് നാം കാണുന്നതും. അപ്പോൾ ശ്രീബുദ്ധൻ പറഞ്ഞത് തെറ്റാണ്. ജനനം ദുഃഖമല്ല, ജീവിതം ദുഃഖമാണെങ്കിലും അത് ജീവിതത്തിന്റെ ഭാഗമായതിനാൽ ദുഃഖമായി അതിനെ പരിഗണിക്കാൻ സാധ്യമല്ല. മരണം വേർപാടാണ്. അതിനാൽ മരിക്കുന്നവന് മരിക്കുന്നതിനു മുമ്പു മാത്രമെ ദുഃഖമുണ്ടാകുകയുള്ളൂ. മരിച്ചു കഴിഞ്ഞാൽ അവനും ദുഃഖമില്ല. പിന്നെ വേർപാടിന്റെ ദുഃഖം ബന്ധുക്കളുടെ ദുഃഖമാണ്. അത് ദുഃഖമെന്ന നെഗറ്റീവ് വികാരത്തിന്റെ ഹോർമോണുകളുടെ ശക്തി മനസ്സിൽ കുറയുന്ന ക്രമമനുസരിച്ച് കുറഞ്ഞു കൊണ്ടിരിക്കും. ഏതാനും മാസങ്ങൾ കഴിയുമ്പോൾ വേർപാടിന്റെ ദുഃഖം മറന്ന് എല്ലാവരും പഴയതു പോലെ തന്നെയാകുകയും ചെയ്യുന്നു. ഇതിന് ചില അപവാദങ്ങളുണ്ട്. വേർപാടിന്റെ ദുഃഖം താങ്ങാനാവാതെ ചിത്തഭ്രമം വരിക, ഭയപ്പെടുക, depression -ൽ ആകുക. ഇതെല്ലാം മനസിന് ബലമില്ലാത്തവരുടെ പ്രശ്നങ്ങളാണ്.

അതിനാൽ ശ്രീബുദ്ധനും ബുദ്ധമതവും ലോകത്തിൽ പരാജയപ്പെട്ടു. ഇല്ലായ്മയിലേയ്ക്ക് പോകുന്ന തത്വശാസ്ത്രമെന്ന് ആളുകൾ അതിനെ കളിയാക്കാൻ തുടങ്ങി. ശ്രീബുദ്ധൻ ബോധോദയം ലഭിച്ച ആളാണ്. അതുകൊണ്ടാണ് 'ശ്രീബുദ്ധൻ' എന്ന് ഇന്നും അദ്ദേഹത്തെ വിളിക്കുന്നത്. ബോധോദയം ലഭിക്കാത്ത നമുക്കു തെറ്റു പറ്റിയാലും ശ്രീബുദ്ധനു തെറ്റു പറ്റില്ല എന്നു കണ്ടെത്താൻ നമ്മുടെ



ബോധശാസ്ത്രം

അഹങ്കാരത്തിനു (ego) കഴിഞ്ഞില്ല. എല്ലാം അറിയാമെന്നു ഭാവിക്കുന്നതിനേയാണ് നാം അഹങ്കാരമെന്ന് വിളിക്കുന്നത്. അതെ, നമുക്കെല്ലാം അറിയാം എന്നാൽ നമ്മുടെ അഹങ്കാരത്തിന് അറിയാത്തത് ചിലത് അനുഭവം കൊണ്ട് ശ്രീബുദ്ധന് അറിയാം. ആ അനുഭവം എന്താണെന്ന് നമ്മുടെ അഹങ്കാരത്തിന് ഊഹിക്കുവാനോ, ഭാവനയിൽ കാണുവാനോ കഴിയില്ല. ആ അനുഭവമാണ് അദ്ദേഹം ലോകത്തിനോട് വിളിച്ചു പറഞ്ഞത്. ശ്രീബുദ്ധൻ ഒരു ഐതിഹ്യം (myth) ആണോ, അദ്ദേഹത്തിന്റെ തത്വശാസ്ത്രം ശരിയാണോ എന്നൊന്നും നാം ഗവേഷണം നടത്തേണ്ട ആവശ്യമില്ല. ആയിരം നുണകളിൽ ഒരു സത്യം എവിടെയെങ്കിലും ഒളിഞ്ഞിരിപ്പുണ്ടാകും. അതിനെ യുക്തിയുടെ ഉലയിൽ ഊതിപ്പെരുപ്പിച്ചാൽ എല്ലാ നുണകളേയും സത്യത്തിന്റെ അഗ്നി നശിപ്പിച്ചു കളയും. അത്തരമൊരു രീതിയാണ് ബോധശാസ്ത്രം പലപ്പോഴും സ്വീകരിക്കുന്നത്.

ശ്രീബുദ്ധൻ ഒരു രാജകുമാരനായിരുന്നു. എല്ലാ രാജകീയ ഐശ്വര്യങ്ങളോടു കൂടിയും ജീവിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ. ഇതൊരു സത്യമായി സ്വീകരിക്കാൻ നമ്മുടെ ബുദ്ധിക്ക് കഴിയും. കാരണം എത്രയോ രാജാക്കൻമാരുടെ കഥകൾ കുട്ടിക്കാലം മുതൽ നമ്മൾ കേൾക്കുന്നു. മദ്യവും,മദിരാക്ഷിമാരെയും ആവോളം ആസ്വദിച്ചു രാജകുമാരനായി ജീവിച്ചിരുന്ന സിദ്ധാർത്ഥൻ എന്ന രാജകുമാരന് ജനനം ദുഃഖമാണ്, ജീവിതം ദുഃഖമാണ്, മരണം ദുഃഖമാണ് എന്നു പറയാനുള്ള ഒരു സാധ്യതയും നമുക്കു കണ്ടെത്താൻ കഴിയില്ല. അതിനേക്കാൾ വളരെ താഴ്ന്ന രീതിയിൽ ജീവിക്കുന്ന നമുക്ക് അങ്ങനെ പറയാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ശ്രീബുദ്ധന് എങ്ങനെ കഴിഞ്ഞു? നമ്മുടെയെല്ലാം അഹങ്കാരം ഇത് ആലോചിക്കുവാൻ കൂട്ടാക്കിയിട്ടില്ല. അതിനു പകരം നാം ശ്രീബുദ്ധന്റെ തത്വശാസ്ത്രങ്ങളും ജീവിത കഥകളുമൊക്കെ പഠിച്ചു. അതിൽ കുറേ നുണകളും കൂട്ടിച്ചേർക്കലുകളും ഉണ്ടാകാം എന്ന് ചരിത്രം തന്നെ സമ്മതിക്കുന്നുണ്ട്. അതൊന്നും നമുക്കു പ്രശ്നമല്ല. കാരണം ആത്മീയതയുടെ തത്വങ്ങൾ നമ്മുടെ സ്വാർത്ഥ താൽപര്യങ്ങൾക്കനുകൂലമല്ലെങ്കിൽ യുക്തി കൊണ്ട് അതിനെ അനുകൂലമാക്കാൻ നമുക്കു കഴിയും.

ഒരു മനുഷ്യൻ ജന്മമെടുക്കുന്നത് ദുഃഖം അനുഭവിക്കാനാണെന്നു മാത്രമല്ല അദ്ദേഹം പറഞ്ഞത്. അതു പരിഹരിക്കാനാകും എന്നും അദ്ദേഹം മനുഷ്യരെ പഠിപ്പിച്ചു. ആ പരിഹാരമാണ് **നിർവ്വാണ** അഥവാ **ജീവൻമുക്തി.** ജീവിതം ദുഃഖമാണെന്നു മനസ്സിലാകാത്ത നമുക്കെങ്ങനെ നിർവ്വാണ മനസ്സിലാകും? ഇവിടെയാണ് പ്രശ്നം. ദുഃഖവും വേദനയും നിർവ്വാണയും ഒരുമിച്ചേ നിലനിൽക്കുകയുള്ളൂ. ജീവിതം ദുഃഖമാണെന്നും വേദനയാണെന്നും ഒരുവൻ ജീവിതത്തിൽ എന്ന് കണ്ടെത്തുന്നുവോ അന്ന് മാത്രമെ അവൻ നിർവ്വാണ അന്വേഷിക്കുകയുള്ളൂ. അല്ലെങ്കിൽ ഇല്ല. ഇരുപത്തഞ്ച് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും മനുഷ്യബുദ്ധിയുടെ പരിണാമത്തിന് ദുഃഖത്തിന്റെയും, നിർവ്വാണയുടേയും പൊരുൾ പിടികിട്ടിയിട്ടില്ല. കാരണം ജീവിതം ദുഃഖമാ